# കരയോഗ സൗഹൃദം


സത്യം പരം ധീമഹി
Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം
Pages 44

വാല്യം - 14 ലക്കം - 12 വൃശ്ചികം - 1198 ഡിസംബർ 2022








*21-11-22 മുതൽ 23-11-22 വരെ എറണാകുളം കരയോഗം നടത്തിയ അയ്യപ്പഭാഗവതപാരായണത്തിൽ നിന്ന്*





*നാഷണൽ പ്രോഗ്രാം ഓൺ ഹെറിറ്റേജ് 2022 ന്റെ ഭാഗമായി നവംബർ 25-ാം തീയതി വെള്ളിയാഴ്ച ടി.ഡി.എം. ഹാളിൽ നടന്ന സെമിനാറിൽ നിന്ന്*

# 97-ാമത് സ്ഥാപകദിനവും, 2022-ലെ കുടുംബസംഗമവും

**97-ാമത് എറണാകുളം കരയോസ്ഥാപകദിനവും അതോടനുബന്ധിച്ചുള്ള കുടുംബസംഗമവും ഡിസംബർ 25 ഞായറാഴ്ച വിപുലമായ പരിപാടികളോടെ ടി.ഡി.എം. ഹാളിൽ നടത്തപ്പെടുന്നു.**

എറണാകുളം കരയോഗ വിഘ്നേശ്വരക്ഷേത്രത്തിൽ അന്ന് തന്ത്രി പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിൻെറ കാർമ്മികത്വത്തിൽ അഷ്ടദ്രവ്യഗണപതിഹോമം, നവകം, പഞ്ചഗവ്യം എന്നീ വിശേഷ പൂജാദികർമ്മങ്ങൾ നടത്തപ്പെടും. രാവിലെ 10 മണി മുതൽ കരയോഗാംഗങ്ങളുടേയും കുടുംബാംഗങ്ങളുടേയും വിവിധ കലാപരിപാടികളും വൈകുന്നേരം 5.30 ന് അയ്യപ്പൻ പാട്ടും ഉണ്ടായിരിക്കും. എല്ലാവരേയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

കുടുംബസംഗമത്തിൽ പങ്കെടുക്കുന്ന എല്ലാ കരയോഗാംഗങ്ങളും നിർബന്ധമായും കൂപ്പൺ വാങ്ങിയിരിക്കേണ്ടതാണ്. കൂപ്പൺ നിരക്ക് അംഗങ്ങൾക്ക് 50 രൂപയും അവരുടെ അതിഥികൾക്ക് 100 രൂപയും 10 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യവുമായിരിക്കും. (കൂപ്പൺ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത് കൃത്യമായും സുതാര്യമായും ഉച്ച ഭക്ഷണവും അത്താഴവും ഏർപ്പാടാക്കുവാൻ വേണ്ടി മാത്രമാണ്.)

കൂപ്പണുകൾ 2022 ഡിസംബർ 15 മുതൽ 22 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.



## എഡിറ്റോറിയൽ

# ശബരിമല തീർത്ഥാടകരോട് നീതി പുലർത്തുക

**വൃ**ശ്ചികം ഒന്നു മുതൽ തുടങ്ങുന്ന മണ്ഡലകാലം ആരംഭിച്ചു കഴിഞ്ഞു. അയ്യപ്പന്മാർ കൂട്ടംകൂട്ടമായി ശബരീശസന്നിധിയിലേക്ക് ഒഴുകിയെത്തി തുടങ്ങി. ഒരു വർഷത്തിനുശേഷം അയ്യനെ ഒന്നുകാണുവാൻ, ദർശന സായൂജ്യം നേടുവാൻ കൊതിച്ച് ഭക്തിനിർഭരമായ മനസ്സുമായി ആകാംക്ഷാഭരിതരായി കടുത്ത വൃതനിഷ്ഠയോടുകൂടി മല ചവിട്ടുവാനെത്തുന്ന ഭക്തരെയാണ് കേരളത്തിൽ എവിടെയും നമുക്കു കാണാൻ കഴിയുക. ഈ മണ്ഡലകാലത്ത് ശബരിമല മാത്രമല്ല, ഭാരതത്തിലെ, വിശിഷ്യാ ദക്ഷിണഭാരതത്തിലെ മിക്ക ക്ഷേത്രങ്ങളും ഭക്തരെക്കൊണ്ട് നിറഞ്ഞിരിക്കും. മലയ്ക്കു പോകുന്ന ഭക്തർ മാത്രമല്ല, സനാതനധർമ്മവിശ്വാസികളായ മുഴുവൻ ജനങ്ങളും ഈ കാലയളവിൽ നിതൃവും സ്നാനാദിദേഹശുദ്ധിക്കുശേഷം ക്ഷേത്ര ദർശനം നടത്തുക പതിവാണ്. അങ്ങനെ എല്ലാ ക്ഷേത്രങ്ങളും ഭക്തരെകൊണ്ട് നിറയുകയും ക്ഷേത്രവരുമാനം പതിവിലും എത്രയോ മടങ്ങ് വർദ്ധിക്കുകയും ചെയ്യുന്നു ഈ കാലയളവിൽ. ശബരിമലയിൽ നിന്ന് മാത്രം എത്ര കോടികളാണ് ദേവസ്വം ബോർഡിന് വരുമാനമായി ലഭിക്കുന്നത്; അതുപോലെ മറ്റ് ക്ഷേത്രങ്ങളിലും. എന്നാൽ ദേവസ്വം ബോർഡിന് ഇത്രമാത്രം വരുമാനം ഉണ്ടായിട്ടും, ഭക്തർക്ക് വേണ്ടുന്ന സൗകര്യ

# ഉള്ളടക്കം

വാല്യം 14 | ലക്കം 12 | 2022


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| വാസ്തു. | 8 |
| ക്ഷേത്രങ്ങളിലൂടെ. | 9 |
| മധുരിക്കും ഓർമ്മകൾ | 13 |
| ശ്രീമഹാഭാഗവതം | 15 |
| കാശ്മീർ - ഭൂമിയിലെ പറുദീസ | 17 |
| യോഗചതുഷ്ടയം | 20 |
| കേരളത്തിലെ കലകൾ | 22 |
| പൊലി മരുന്നുകൾ | 25 |
| രസതന്ത്രത്തിലെ തന്ത്രിമുഖ്യൻ | 28 |
| മാനസികാരോഗ്യം | 30 |
| കർമ്മോത്തേജനം | 33 |
| കൈകേയി | 35 |
| ജീവിതചിന്തകൾ | 37 |
| ആത്മാനാം ചേൽ വിജാനീയത് | 39 |
| മാസഫലം | 40 |
| മാട്രിമോണിയൽ. | 41 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

ങ്ങൾ ഒരുക്കുന്ന കാര്യത്തിൽ ദേവസ്വം ബോർഡ് വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല.

കോവിഡ് ബാധയുടെ ദുരന്തദിനങ്ങൾക്ക് ശേഷം അല്പം ആശ്വാസമായി ജനങ്ങൾ അവരുടെ സാധാരണ ജീവിതത്തിലേയ്ക്ക് മടങ്ങി എത്തിയിരിക്കുന്ന ഈ സമയത്ത് അയ്യനെ കാണുവാൻ സാധാരണയിലുമധികം ഭക്തർ എത്തുമെന്ന് സാമാന്യബുദ്ധിയുള്ള ആർക്കും ഊഹിക്കാവുന്ന കാര്യമാണ്. എന്നാൽ വർഷങ്ങളുടെ പ്രവർത്തന പരിചയമുള്ള ദേവസ്വം ബോർഡ് ഇക്കുറി ശരിയായ തയ്യാറെടുപ്പുകൾ നടത്തിയില്ല എന്നുള്ള ആരോപണം ശരിവെക്കുന്നതാണ് ശരംകുത്തിയിലേക്ക് ഭക്തരെ കടത്തിവിടാത്ത നടപടി. ഇത് അത്യന്തം പ്രതിഷേധാർഹമാണ്. മണ്ഡലകാലം തുടങ്ങി ഇത്രയും ദിവസം (വൃശ്ചികം-11) ആയിട്ടും മരക്കൂട്ടം-ശരംകുത്തി പാത യാത്രായോഗ്യമാക്കിയിട്ടില്ല എന്നുമാത്രമല്ല, കഷ്ടപ്പെട്ടായാലും അയ്യപ്പന്മാരെ അതു വഴി പോകാൻ അനുവദിക്കുന്നുമില്ല. ഇത് ഒരുതരത്തിലും ക്ഷമിയ്ക്കാനോ പൊറുക്കാനോ കഴിയാത്ത ആചാരലംഘനമാണ്. കന്നി അയ്യപ്പന്മാർ ശരംകുത്തിയിലെത്തി ശരം കുത്തിയിട്ട് വേണം മലചവിട്ടാൻ എന്ന ആചാരം ഇവിടെ ലംഘിക്കപ്പെട്ടു. കർപ്പൂര ആഴിയും നിർത്താൻ പോകുന്നതായി വാർത്ത വന്നിരിക്കുന്നു. ശബരിമലയിൽ ഒന്നിനുപുറകെ ഒന്നായി ഇങ്ങനെ ആചാരലംഘനങ്ങൾ നടക്കുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന കറുത്ത കൈകളെ ഭക്തർ തിരിച്ചറിയണം. ദേവസ്വം ബോർഡ് എന്തെല്ലാം ന്യായങ്ങൾ പറഞ്ഞാലും ഈ ആചാര ലംഘനങ്ങൾ പ്രതിഷേധാർഹമാണ്; അടിയന്തിരമായി അധികൃതർ ഇടപെടേണ്ടതുമാണ്.

ഇപ്പോൾ ഇതാ കേൾക്കുന്നു, അരവണ ടിന്നുകൾ ഗുണനിലവാരമില്ലാത്തതാണെന്നും, ടിന്നുകൾ പൊട്ടിപ്പോകുന്നുവെന്നും. എന്തേ ഇങ്ങനെ ഒന്നൊന്നായി അയ്യപ്പഭക്തരോട് നിരുത്തരവാദപരമായി പെരുമാറുന്നു. എല്ലാത്തിനുമപരി അയ്യപ്പന്മാരിൽ നിന്നും കെഎസ്ആർടിസി ഈടാക്കുന്ന അമിതമായ ബസ് ചാർജ്ജ്. കേരളത്തിലെ സാധാരണ പെട്ടികടകൾ മുതൽ വൻ ഹോട്ടലുകൾ വരെ ഏറെ വരുമാനമുണ്ടാക്കുന്ന ഒരു സമയമാണിത്. കോടികളാണ് ഓരോ ശബരിമല സീസണിലും കേരളത്തിലേയ്ക്ക് ഒഴുകുന്നത്. ഈ വരുമാനം കണക്കിലെടുക്കുമ്പോൾ ശരിക്കും അയ്യപ്പന്മാർക്ക് സാധാരണയിലും കുറഞ്ഞനിരക്കിൽ, സർക്കാർ സബ്സിഡിയോടുകൂടി യാത്രാകൂലി നിശ്ചയിക്കേണ്ടതാണ്. തിരുമല തിരുപ്പതി ദേവസ്വം അവിടെ എത്തുന്ന ഭക്തർക്ക് സൗജന്യ ബസ് യാത്ര നല്കുന്നത് നമ്മുടെ ദേവസ്വം ബോർഡ് കാണുന്നില്ലേ? ഇവിടെ സൗജന്യവുമില്ല, ഇളവുമില്ല പകരം സാധാരണനിരക്കിലും വളരെ കൂടുതലായുള്ള നിരക്കാണ് ഈടാക്കുന്നത്. സ്പെഷ്യൽ സർവ്വീസ് എന്ന പേരിൽ കെ.എസ്.ആർ.ടി.സി. നടത്തുന്ന ഈ പകൽക്കൊള്ള അവസാനിപ്പിക്കണം. സാമാന്യമര്യാദയെങ്കിലും അയ്യപ്പന്മാരോട് കാണിക്കണം. സാധാരണയായി ഓർഡിനറി ബസ്സുകൾക്കുള്ള ചാർജ്ജു മാത്രമേ ശബരിമലതീർത്ഥാടകരിൽ നിന്നും ഈടാക്കാവൂ. ഇപ്പോൾ തീർത്ഥാടകരോട് കാണിക്കുന്ന കടുത്ത ഈ അനീതി എത്രയും പെട്ടെന്ന് അവസാനിപ്പിക്കണം. സാധാരണ യാത്രാക്കൂലിക്ക് ശബരിമലയിലേക്ക് യാത്ര ചെയ്യുവാനുള്ള അവസരം ഒരുക്കണം. തിരുവിതാംകൂർ ദേവസ്വംബോർഡിന്റെയും സംസ്ഥാനസർക്കാരിൻെറയും അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ പതിയണമെന്നും പരിഹാരനടപടികൾ കാലവിളംബം കൂടാതെ തന്നെ ഉണ്ടാവണമെന്നും അഭ്യർത്ഥിക്കുന്നു.

*****

## ജനറൽ സെക്രട്ടറിയുടെ പംക്തി



പി. രാമചന്ദ്രൻ (വേണു)

# എല്ലാവർക്കും 2023 പുതുവൽസരാശംസകൾ

*പ്രിയ കരയോഗാംഗങ്ങളെ,*

2018 മുതൽ ഓരോവർഷവും ദുരിതങ്ങളിൽ നിന്ന് ദുരിതങ്ങളിലേക്ക്, കഷ്ടപാടിൽ നിന്ന് കൂടുതൽ കഷ്ടപാടിലേക്ക് ജനങ്ങളെ തള്ളിവിട്ടുകൊണ്ട് വെള്ളപ്പൊക്കവും കോവിഡും ഓരോന്നായി നമ്മേ പിന്തുടർന്നുകൊണ്ടേയിരിക്കുന്നു. സാധാരണക്കാരന് ദൈനംദിന കാര്യങ്ങൾ തട്ടിമുട്ടി കൊണ്ടുപോകാൻ കഴിയാതെ ഭാരിച്ച വിലക്കയറ്റവും. 2023 ഇതിനെല്ലാം ഒരു പരിസമാപ്തിയും ആശ്വാസവും നൽകുന്ന വർഷമാകട്ടെയെന്ന് ആശംസിക്കുന്നു.

മേൽപറഞ്ഞ എല്ലാ ദുരിതങ്ങളും വ്യക്തികൾ അനുഭവിക്കുന്ന പോലെ തന്നെ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും നേരിട്ടേ മതിയാകൂ. മുൻപ് പലപ്പോഴും സൂചിപ്പിച്ചിട്ടുള്ളതുപോലെ എറണാകുളം കരയോഗം ഇത്തരം പ്രതിബന്ധങ്ങളിലൂടെയാണ് കടന്നുപോകുന്നത്. വിലക്കയറ്റം നമ്മളേയും കാര്യമായി തന്നെ ബാധിച്ചിട്ടുണ്ട്.

ഇപ്പോൾ കാണുന്ന ഒരു പുതിയ പ്രവണത സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഒരു പക്ഷേ പത്തോ ഇരുപതോ വർഷങ്ങൾക്കു മുമ്പ് ഹിന്ദു-നായർ വിവാഹങ്ങളും അടിയന്തിരങ്ങളും നടത്തിപ്പോന്നിരുന്നതും അവിടെ വിശിഷ്ട അതിഥികൾക്ക് ഭക്ഷണം നൽകിയിരുന്നതുമായ രീതി തികച്ചും സാത്ത്വികവും സസ്യഭോജനവുമായിരുന്നു എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. എന്നാൽ കാലം മാറുകയും പാശ്ചാത്യ രീതിയിലും ഇതരസംസ്ഥാനങ്ങളിലെ ചില സമുദായങ്ങളുടെ അനുഷ്ഠാനങ്ങളും ആർഭാടങ്ങളും അനുകരിച്ച്, നമ്മുടെ മക്കളുടെ വിവാഹത്തിന് കൊഴുപ്പുകൂട്ടുക എന്ന ഉദ്ദേശത്തോടെ "ഈവൻമാനേജ്മെന്റ്"ന്റെ താൽപര്യങ്ങൾക്കും ധനചൂഷണത്തിനും അറിഞ്ഞോ അറിയാതെയോ വിധേയമായി, നമ്മുടെ സംസ്ക്കാരവും പാരമ്പര്യവും നഷ്ടപ്പെടുത്തി, വിവാഹ ആർഭാടവും സസ്യേതര ഭക്ഷണവും അന്തസ്സിൻെറ അളവുകോലായി കണ്ട് അതിനെല്ലാം നാം കൂട്ടുനിൽക്കുന്നു.

ഒരു ദിവസം മാത്രം ഉണ്ടായിരുന്ന നായർ വിവാഹങ്ങൾ ഇന്ന് രണ്ടു മൂന്നു ദിവസം മെഹന്തി, ഹൽദി, സംഗീത് എന്നീ പരിപാടികൾ ഉൾപ്പെടുത്തി വിപുലമായി ആഘോഷിക്കുന്നു. എന്നാൽ കത്തിച്ചുവെച്ച നിലവിളക്കിനെ സാക്ഷിയാക്കി വിഘ്നേശ്വരനേയും ബ്രഹ്മ, വിഷ്ണു മഹേശ്വരൻമാരേയും സ്തുതിച്ച് പിതാമഹാൻമാരേയും പിതൃക്കളേയും മനസ്സാ വണങ്ങി തന്റെ കുടുംബാംഗങ്ങളുടെയും നാട്ടുകാരുടേയും സാന്നിദ്ധ്യത്തിൽ അവരുടെയെല്ലാം അനുഗ്രഹാശിസ്സുകളോടെ നടത്തിവന്നിരുന്ന വിവാഹങ്ങൾ ഇന്ന് നഷ്ടപ്പെടുത്തുന്നതിൽ ഖേദമുണ്ട്. ഇതിന്റെ പരിണിതഫലങ്ങൾ തുടർന്നുള്ള വിവാഹ ജീവിതത്തിലും വ്യക്തിബന്ധങ്ങളിലും നി ഴലിച്ചു കാണും 'ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും.' എന്ന പഴഞ്ചൊല്ലിനെ അന്വർത്ഥമാക്കിക്കൊണ്ട് നമ്മുടെ ആചാരങ്ങളേയും അനുഷ്ടാനങ്ങളേയും തിരസ്ക്കരിച്ച് അറിയാത്ത, കേൾക്കാത്ത അനുഭവിച്ച പരിചയമില്ലാത്ത

സംസ്ക്കാരത്തേയും അനുഷ്ടാനങ്ങളേയും സ്വീകരിക്കുക വഴി നമ്മുടെ വിവാഹസങ്കൽപ്പങ്ങൾ ആകെ തകിടം മറിഞ്ഞിരിക്കുന്നു. പരിഷ്ക്കാരങ്ങളും പുതുമകളും ആവശ്യം തന്നെ, എന്നാൽ അവ നമ്മുടെ പാരമ്പര്യത്തേയും ധർമ്മത്തേയും സാംസ്കാരികാടിത്തറയേയും തകർക്കുന്നതാകരുത് എന്നാണ് വിനീതമായ അഭ്യർത്ഥന. ഇത് സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം. പക്ഷേ സ്വീകരിക്കാതിരിക്കുക വഴി നാം തന്നെ നമ്മുടെ സംസ്കാരത്തെ, ആചാരങ്ങളെ ലംഘിക്കുന്നതിന് പുതിയ തലമുറയ്ക്ക് കൂട്ടുനിൽക്കുന്നു എന്നു മാത്രമേ ഇപ്പോൾ പറയാൻ കഴിയൂ. ബാക്കിയെല്ലാം സ്വജീവിതാനുഭവത്തിൽ കൂടി തിരിച്ചറിയുകയും ചെയ്യും എന്നുള്ളതിൽ സംശയമില്ല. ഈ പംക്തി ഇവിടെ കുറിക്കുമ്പോൾ തന്നെ ടിഡിഎം ഹാളിൽ നടക്കുന്ന വിവാഹങ്ങളിൽ പലതിലും മേൽപറഞ്ഞ രീതികളും അന്യസമുദായ അംഗങ്ങളുമായിട്ടുള്ള വിവാഹബന്ധങ്ങളും നടന്നു വരുന്നു. ഇതിന്റെ എല്ലാം വെളിച്ചത്തിൽ മാത്രമാണ് ഇത് ഇവിടെ കുറിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്. വിയോജിക്കുന്നവർക്ക് യോജിക്കുന്നവരേപ്പോലെ സ്വാഗതവും നന്ദിയും രേഖപ്പെടുത്തികൊള്ളുന്നു.

2023 ലെ 97-ാമത് എറണാകുളം കരയോഗസ്ഥാപകദിനവും അതോടനുബന്ധിച്ചുള്ള കുടുംബസംഗമവും ഡിസംബർ 25 ഞായറാഴ്ച വിപുലമായ പരിപാടികളോടെ ടി.ഡി.എം. ഹാളിൽ നടത്തപ്പെടുന്നു. എറണാകുളം കരയോഗ വിഘ്നേശ്വരക്ഷേത്രത്തിൽ അന്ന് തന്ത്രി പുലിയന്നൂർ ശശിനമ്പൂതിരിപ്പാടിൻെറ കാർമ്മികത്വത്തിൽ അഷ്ടദ്രവ്യഗണപതി ഹോമം, നവകം, പഞ്ചഗവ്യം എന്നീ വിശേഷ പൂജാദികർമ്മങ്ങൾ നടത്തപ്പെടും. രാവിലെ 10 മണി മുതൽ കരയോഗാംഗങ്ങളുടേയും കുടുംബാംഗങ്ങളുടേയും വിവിധ കലാപരിപാടികളും വൈകുന്നേരം 5.30 ന് അയ്യപ്പൻ പാട്ടും ഉണ്ടായിരിക്കും. എല്ലാവരേയും സാദരം ക്ഷണിച്ചുകൊള്ളുന്നു. കുടുംബസംഗമത്തിൽ പങ്കെടുക്കുന്ന എല്ലാ കരയോഗാംഗങ്ങളും നിർബന്ധമായും കൂപ്പൺ വാങ്ങിയിരിക്കേണ്ടതാണ്. കൂപ്പൺ നിരക്ക് അംഗങ്ങൾക്ക് 50 രൂപയും അവരുടെ അതിഥികൾക്ക് 100 രൂപയും 10 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യവുമായിരിക്കും. (കൂപ്പൺ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത് കൃത്യമായും സുതാര്യമായും ഉച്ചഭക്ഷണവും അത്താഴവും ഏർപ്പാടാക്കുവാൻ വേണ്ടി മാത്രമാണ്.) കൂപ്പണുകൾ 2022 ഡിസംബർ 15 മുതൽ 22 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

2022 ഡിസംബർ 11-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് എറണാകുളം കരയോഗം സാംസ്ക്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ സംഗീതസായാഹ്നം ടി.ഡി.എം. ഹാളിൽ നടത്തുന്നു.

എറണാകുളം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ പ്രഥമ ഹെറിറ്റേജ് ടോക്ക് ഡിസംബർ 17 ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് ടി.ഡി.എം. ഹാളിൽ വച്ച് നടത്തപ്പെടുന്നു.പ്രഥമ ടോക്ക് പ്രശസ്ത സാഹിത്യകാരനും ഗുരുനാഥനുമായ ശ്രീ. എം.കെ. സാനുമാഷ് നിർവ്വഹിക്കുന്നു.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി 'രുഗ്മിണി സ്വയംവരം' ഡിസംബർ 20 ചൊവ്വാഴ്ച 6.30ന് ടി.ഡി. എം ഗംഗാ ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ ഡിസംബർ 29 വ്യാഴാഴ്ച വൈകുന്നേരം 6.15 ന് അവനവൻകടമ്പ എന്ന നാടകം ടിഡിഎം ഹാളിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## കാഴ്ചത്തിരകൾ

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരേ,*

**ചി**ന്തിക്കാൻ, ചിന്തയ്ക്കു ചിന്തേറിടാൻ ചിലതാണ് ഈ ലക്കം ബാലലോകം ഉൾക്കൊള്ളുന്നത്.

ഒന്നിനും മറ്റൊന്നാകാൻ കഴിയുകയില്ല കൂട്ടുകാരേ എല്ലാ പ്രതിഭാസങ്ങളുടേയും സ്ഥിതി അതാണ്. അതുകൊണ്ട് ഓരോന്നും അതാതിന്റെ ധർമ്മം അനുഷ്ഠിച്ചുകൊണ്ട് തങ്ങൾ തന്നെ ആയിരിക്കുന്നു.

എന്നാൽ മനുഷ്യന്റെ കാര്യം അങ്ങനെയല്ല. മർത്ത്യാകാരത്തിനുള്ളിൽ ഒരു കഴുതയേയും കഴുതപ്പുലിയേയും സിംഹത്തേയും കരടിയേയും പോറ്റാൻ കഴിവുള്ളവനാണ് മനുഷ്യൻ. അവൻ എന്തും ആകും. എന്തും അല്ലാതാകും. ഈ ഞാൻ ഞാനല്ല. എന്ന് ഷേക്സ്പിയറിന്റെ കഥാപാത്രമായ ഇയാനോ പറയുന്നുണ്ട്.

നമുക്ക് നമ്മെ കാണാൻ കഴിയില്ല. എന്നാൽ നമ്മുടെ ഉള്ളം തുറന്നു കാണിക്കുന്ന ഒരു ചില്ലുജാലകമുണ്ട്. ഏതാണെന്നല്ലേ? നമ്മുടെ കണ്ണുകൾ. നമ്മുടെ ഉള്ളിന്റെ നേരും പൊരുളും അതിൽ കലരും.

കണ്ണിലൂടെ എന്തൊക്കെയാണ് നാമറിയുന്നത്? കണ്ടതും കേട്ടതും തൊട്ടതും മണത്തതും ആയ എല്ലാറ്റിന്റേയും പ്രതിഫലനങ്ങൾ. നമുക്കറിയില്ല നമ്മളെങ്ങനെയെന്ന്. മറ്റുള്ളവർ നമ്മെ കണ്ടറിയുന്നതെങ്ങിനെയെന്നും നമുക്കറിയില്ല.

'കണ്ടതൊന്നുമേ സത്യമല്ലെന്നതും..........'
ആത്മീയം. മായയും സത്യവും മറന്ന് മിഥ്യയും തഥ്യയും മറന്ന് നാം കാണുന്നു.
കാഴ്ചത്തിരകൾ ഒരിക്കലും അടങ്ങുന്നില്ല. ഓരോന്ന് കാണുമ്പോഴും കാണാത്തത് പലതാണ്. പലതും പിന്നെയും ബാക്കിയാവുന്നു. കണ്ടതുപലതും കാണേണ്ടിയിരുന്നില്ലെന്ന് നമുക്കു തോന്നുന്നു. അപ്പോഴൊക്കെയും എന്നോ, പണ്ടു കണ്ട പലതും ഉള്ളിന്റെയുള്ളിൽ തെളിമയോടെ മിന്നുന്നു.

ഒരിക്കലും നേർക്കാഴ്ചയല്ലാത്തതും ഇടംവലങ്ങൾ തലതിരിഞ്ഞു നിൽക്കുന്നതുമായ കണ്ണാടിക്കാഴ്ചയാണ് നമ്മെ നമുക്കു കാട്ടിത്തരുന്നത്. അതെത്ര കണ്ട് ശരിയാകുന്നുവെന്നതറിയാൻ ഒരളവുകോലൊട്ടില്ല താനും.

നമുക്കു മുന്നിൽ ഇഷ്ടക്കേടും ഇഷ്ടങ്ങളും ചേർത്തൊരുക്കുന്ന കണ്ണാടി, ഓരോ കാഴ്ചകളും. ചിലതൊക്കെ ഇഷ്ടമല്ലെങ്കിലും കണ്ടേ പറ്റൂ എന്നൊരവസ്ഥവരും. ചിലതു കാണാൻ കൊതിച്ചാലും, സഫലമായെന്നു വരില്ല. വാസ്തവികതയുടെ തൂക്കുപാലത്തിലൂടെ യാത്ര പോവുന്ന നാം ജീവിതത്തിൽ, പങ്കാളിയുമായുള്ള ദാമ്പത്യത്തിൽ ഒക്കെ എല്ലാം പകുത്തെന്നും എടുത്തെന്നും കരുതും. സമാധാനിക്കും. എന്നിട്ടും പരസ്പരം അറിയാതെ കാണാതെ പോവും, കാഴ്ചകൾ കണ്ടു വന്ന പലതും കാരണം ഒളിമങ്ങിയും തെളിഞ്ഞുമാണ് കാഴ്ചകൾ മുന്നിലെത്തുക. കാണുന്നതൊക്കെ സത്യമെന്ന് വിശ്വസിക്കുമ്പോഴും നമുക്കറിയാം അതിലൊക്കെ-കണ്ടതിലൊക്കെ ചില സത്യമല്ലായ്മകൾ കൂടി ചേർന്നിട്ടുണ്ടെന്ന്.

ഓരോ കണ്ണിന്റെ ആകാശവിതാനങ്ങളിൽ അത്യഗാധ സമുദ്രങ്ങളാണ്. ജലപരപ്പുകളാണ്. ജലത്തിന്റെ തിരനുരയുന്ന ആഴികൾ. തകർന്ന മനോനിലകളുടെ കണ്ണീരൊലിപ്പിക്കുന്ന പേമഴകളാണ്, നിതാന്തനിഗൂഢതകളാണ് നിശ്ചലചിത്രങ്ങളാണ്.

ഉള്ളിലെ സത്യങ്ങളെ മറച്ചിരുട്ടാക്കുമ്പോൾ പോലും മാനം മുകിൽക്കീറുകളായി ഒളിപ്പിച്ചുവെച്ചവയെല്ലാം പെയ്തൊഴിഞ്ഞു പ്രളയസമാനമായ തിരകൾപോലെ ആർക്കും.

കാഴ്ചത്തിരകൾക്ക് ഒരവസാനവുമില്ല. ഒരിക്കലും അടങ്ങുന്നില്ലവ. ഓരോന്ന് കാണുമ്പോഴും കാണാത്തത് ഇനിയുമുണ്ടല്ലോയെന്നും കണ്ടതൊന്നും വേണ്ടിയില്ലായിരുന്നെന്നും പണ്ടെന്നോ കണ്ടതുമാത്രം ഉള്ളിൽ പൊലിമയോടെ മിന്നുന്നുവെന്നും നമ്മളറിയുന്നു. നമ്മൾ നമ്മളെ യഥാർത്ഥത്തിൽ ഒരിക്കലും ഒരു വിധത്തിലും കാണുന്നില്ല. ഉള്ളാലും വാക്കാലും ഒന്നും അളക്കുന്നുമില്ല.

*****



# വാസ്തുശാസ്ത്രം


ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ്
എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ
(ഫോൺ: 9447032434)

**പ്ലോ**ട്ട് ശരിയാക്കിയശേഷം മാത്രം വീടുപണിതു തുടങ്ങുക. ഞാൻ പോയി നോക്കിയ ഒരു സ്ഥലത്തിന്റെ സ്കെച്ച് ആണ്. ഇവിടെ കൊടുത്തിരിക്കുന്നത്. സ്ഥലം വാങ്ങിയിട്ട് വീടിന്റെ പ്ലാൻ വരച്ചിട്ട് ഏകദേശം പത്തുകൊല്ലമായി. വീടുപണി തുടങ്ങാൻ ആലോചിക്കുമ്പോൾ പലതരം തടസ്സങ്ങൾ കാരണം നീണ്ടു പോകുന്നു. വീടിന്റെ തെക്കു വശത്താണ് റോഡ്. സ്ഥലത്തിന്റെ വടക്കു കിഴക്കും, വടക്കു പടിഞ്ഞാറും മുറിഞ്ഞുപോയിരിക്കുന്നു. തെക്കിന് സമാന്തരമായി വടക്കു വശത്ത് അതിര് ഇടണം. തെക്കും, വടക്കും സമാന്തര അതിരുകൾ യോജിപ്പിച്ച് ചതുരമാകാൻ പാകത്തിന് കിഴക്കും, പടിഞ്ഞാറും അതിരുകൾ ഇടുക. സ്കെച്ച് എ,ബി,സി,ഡി നോക്കുക. അതിരുകൾ എബി, സിഡി, ഡിഎ, ബിസി യോജിപ്പിച്ച് 18 സെ.മീ ഉയരത്തിൽ കുട്ടിമതിൽ കെട്ടുക. ഇപ്പോൾ ശരിയാക്കിയ സ്ഥലത്ത് വീടു പണിയുമ്പോൾ വീടിന്റെ തെക്കിനേക്കാൾ കൂടുതൽ വടക്കും, പടിഞ്ഞാറിനേക്കാൾ കൂടുതൽ കിഴക്കും സ്ഥലം വിട്ട് വീടുപണിയേണ്ടതാണ്. വീടുപണികഴിയുമ്പോൾ പറമ്പിലെ മഴപെയ്തവെള്ളം വടക്കോട്ടോ കിഴക്കോട്ടോ ഒഴുകുവാൻ പാകത്തിന് ഭൂമി ശരിയാക്കണം.

വീട്ടിലേക്ക് കടക്കുന്ന ഗേറ്റ് തെക്കുവശത്ത് കിഴക്കോട്ട് നീക്കി വയ്ക്കണം. വീടിന്റെ പ്ലാൻ ഉണ്ടാക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം. കിടപ്പുമുറികൾ പടിഞ്ഞാറ്, വടക്കും, തെക്കും വരണം. തെക്കു പടിഞ്ഞാറെ കിടപ്പുമുറിയ്ക്ക് തെക്കോട്ടും, പടിഞ്ഞാറോട്ടും ജന്നൽ വേണം. വടക്കു പടിഞ്ഞാറെ കിടപ്പുമുറിയ്ക്ക് വടക്കോട്ടും, പടിഞ്ഞാറോ ട്ടും ജന്നൽ വേണം.

പ്രധാന വാതിൽ തെക്കു നിന്നും വടക്കോട്ടു കയറുന്ന വിധം വേണം. വാതിലിന്റെ സ്ഥാനം കിഴക്കു പടിഞ്ഞാറു നീളത്തിന്റെ മദ്ധ്യത്തിന്റെ കിഴക്കായിരിക്കണം. വാതിലിന് അടിയിൽ പടി വേണം. പ്രധാന വാതിലിന്റെ നേരെയോ, കിഴക്കോട്ട് മാറിയോ ചവിട്ടുപടികൾ കൊടുക്കാം. പടികൾ ഇരട്ടയായാലും ഒറ്റയായാലും കുഴപ്പമില്ല. പ്രധാന വാതിൽ കടന്ന് അകത്തു കടക്കുന്ന മുറിയുടെ തെക്ക് കിഴക്കായിരിക്കണം പ്രധാന വാതിൽ. ഒരിക്കലും തെക്കു പടിഞ്ഞാറാകരുത്. വീടിന്റെ ഹൃദയം എന്നു പറയുന്നത് അടുക്കളയായതുകൊണ്ട് അടുക്കളയുടെ വാതിൽ, സിങ്ക്, അടുപ്പ് എന്നിവയുടെ സ്ഥാനവും പ്രത്യേകം ശ്രദ്ധിക്കണം. അടുക്കള കിഴക്ക്, വടക്ക്, മദ്ധ്യം എന്നീ സ്ഥാനങ്ങളിൽ എവിടെ വേണമെങ്കിലും കൊടുക്കാം. അടുക്കളയ്ക്ക് കിഴക്കോട്ട് ജന്നൽ വേണം. ജന്നൽ കിഴക്ക് മദ്ധ്യത്തിലൊ, മദ്ധ്യത്തിന്റെ വടക്കോ ആയിരിക്കണം. അടുക്കളയിലേക്ക് കടക്കുന്ന വാതിൽ അടുക്കളയുടെ തെക്ക് പടിഞ്ഞാറു വരരുത്. സിങ്കിന്റെ സ്ഥാനം അടുപ്പിന്റെ വടക്കായിരിക്കണം. തെക്കു പടിഞ്ഞാറും, തെക്കു കിഴക്കും സിങ്ക് വരരുത്. അടുക്കള കിഴക്കു തെക്കാണെങ്കിൽ അടുക്കളയുടെ കിഴക്കെ ചുമർ വിട്ട് വീട് കിഴക്കോട്ടു തള്ളരുത്. അടുക്കളയുടെ വടക്കു ഭാഗത്തുള്ള മുറികൾ അടുക്കളവിട്ട് കിഴക്കോട്ടു തള്ളരുത്.

പ്രത്യേകം ശ്രദ്ധിക്കുക പ്ലോട്ട് ശരിയാക്കാതെ പണി തുടങ്ങരുത്.





****

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

ക്ഷേത്രങ്ങളിലൂടെ

# കാഞ്ഞിരങ്ങാട് ശ്രീവൈദ്യനാഥക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



ഭാരതീയ തത്ത്വദർശനങ്ങളിൽ ഏറ്റവും പ്രാധാന്യം കല്പിക്കുന്നത് സൂക്ഷ്മമായ പ്രപഞ്ചശക്തിക്കാണ്. പ്രപഞ്ചശക്തിക്ക് അരൂപിയും അനന്തരൂപിയും ആകുവാൻ സാധിക്കുന്നു. പ്രപഞ്ചസ്പന്ദനങ്ങളെ നിയന്ത്രിക്കുന്നത് ഭഗവാൻ ശ്രീപരമേശ്വനാണ്. സർവ്വവ്യാപിയായ ഭഗവാനെ എപ്പോൾ വേണമെങ്കിലും എവിടെ വച്ചും ആരാധിക്കാം. എന്നാൽ ക്ഷേത്രങ്ങളിൽ ഈശ്വരാരാധന നടത്തുമ്പോൾ എന്തെന്നില്ലാത്ത ഒരു ശക്തി പ്രവാഹം നമ്മിലേക്കെത്തുന്നതായി നമുക്കനുഭവപ്പെടുന്നു. ദൈവീകശക്തിയുടെ വിവിധ ഭാവങ്ങളെ ആവാഹിക്കപ്പെട്ടിട്ടുള്ള ക്ഷേത്രപ്രതിഷ്ഠകളുടെ രൂപങ്ങളും ശക്തിയും മനുഷ്യമനസ്സിന്റെ ആന്തരീകവും ആത്മീയവുമായ തലങ്ങളിൽ ചനലങ്ങളുണ്ടാക്കുന്നു. മനുഷ്യരുടെ ജീവിതത്തിൽ ആത്മീയശക്തിയാൽ ശാന്തിയും സമാധാനവും പകരുവാൻ കഴിവുള്ള കേന്ദ്രങ്ങളാണ് ക്ഷേത്രങ്ങൾ. ജീവിതക്ലേശങ്ങളെ ലഘൂകരിക്കുകയും ക്രമേണ അകറ്റുകയും ചെയ്യുന്ന ഒരു ദിവ്യ അനുഭവമാണ് ക്ഷേത്രദർശനത്തിലൂടെ ഭക്തർക്കനുഭവപ്പെടുന്നത്. പുരാണങ്ങളിൽ പല ദിവ്യാവതാരപുരുഷന്മാരും മഹർഷിമാരും രാജാക്കന്മാരും ശിവപൂജനടത്തിയിരുന്നതായി കാണാം. ശ്രീകൃഷ്ണഭഗവാൻ പരമശിവനെ ഭജിച്ചിരുന്നു. ശ്രീകൃഷ്ണ ഭഗവാന് ശിവകൃപയാൽ ലഭിച്ച പുത്രനായിരുന്നു സാംബൻ. ശ്രീരാമൻ പരമശിവനെ തപസ്സുചെയ്ത് ജ്ഞാനവും വില്ലും നേടി. സമുദ്രത്തിൽ ചിറകെട്ടുവാനും ലങ്കയിൽ ചെന്ന് രാവണനെ വധിച്ച് സീതയെ വീണ്ടെടുക്കുവാനും അവതാരപുരുഷനായ ശ്രീരാമ ദേവനു സാധിച്ചത് ശ്രീമഹാദേവന്റെ കരുണ കടാക്ഷത്താലാണ്. സർവ്വേശ്വരനായ മഹാദേവൻ സൃഷ്ടികർമ്മങ്ങൾക്കായി ബ്രഹ്മാവിനേയും ലോകപരിപാലനത്തിനായി മഹാവിഷ്ണുവിനേയും നിയോഗിച്ചു. ലോകത്ത് ആസുരിക ശക്തികൾ ആധിപത്യം സ്ഥാപിക്കുമ്പോൾ അവയെ അമർച്ച ചെയ്യുന്നതിനും ലോക പരിപാലനത്തിനും ഉള്ള ചുമതല മഹാദേവൻ ശ്രീവിഷ്ണു ഭഗവാനാണ് നൽകിയിരിക്കുന്നത്. സാക്ഷാൽ ശ്രീമഹാദേവൻ സ്വയം രുദ്രനായി സംഹാരകാര്യങ്ങൾ നിർവ്വഹിക്കുന്നു. ദേവന്മാരും മനുഷ്യരും മറ്റു സകലചരാചരങ്ങളും പരമാത്മാവായ ജഗദീശ്വരന്റെ നിയന്ത്രണത്തിലാണ്. ശിവഭഗവാൻ പ്രപഞ്ചത്തിൽ സർവ്വത്ര നിറഞ്ഞു നില്ക്കുന്നു. ആയുർവേദത്തിന്റെ നാഥനായി വൈദ്യനാഥനായി ശ്രീമഹാദേവൻ കുടികൊള്ളുന്ന ഒരു പവിത്രസ്ഥാനമാണ് കാഞ്ഞിരങ്ങാട് ശ്രീവൈദ്യനാഥ ക്ഷേത്രം.

കണ്ണൂർ ജില്ലയിൽ സ്ഥിതിചെയ്യുന്ന ഒരു പുണ്യപുരാതനക്ഷേത്രമാണ് കാഞ്ഞിരങ്ങാട് വൈദ്യനാഥക്ഷേത്രം. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ടൗണിൽ നിന്നും ആറുകിലോ മീറ്റർ ദൂരത്തായി ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നു. ശ്രീപരമേശ്വരൻ വൈദ്യന്റെ ഭാവത്തിൽ കിഴക്കോട്ടു ദർശനമായി കുടികൊള്ളുന്ന ഒരു പുണ്യപുരാതന ക്ഷേത്രമാണ് കാഞ്ഞിരങ്ങാട്ട് ശ്രീവൈദ്യനാഥക്ഷേത്രം. ക്ഷേത്രവിഗ്രഹം ബലിക്കല്ല് സോപാനം ക്ഷേത്രക്കുളം ക്ഷേത്രക്കിണർ എന്നിവിടങ്ങളിലെല്ലാം അമൂല്യങ്ങളായ ഔഷധങ്ങൾ നിക്ഷേപിച്ചിരിക്കുന്നു എന്നു വിശ്വസിക്കുന്ന ക്ഷേത്രം. ഈ ക്ഷേത്രത്തിലെ ചിറയിലെ സ്നാനം ക്ഷേത്രപ്രദക്ഷിണം അഭിഷേകതീർത്ഥസേവ എന്നിവയെല്ലാം സർവ്വ

രോഗനിവാരണത്തിന് ഉത്തമമാണ്. കണ്ണൂർ എന്നു കേൾക്കുമ്പോൾ തന്നെ രാജരാജേശ്വരനായ തളിപ്പറമ്പ് അപ്പനാണ് മനസ്സിലെത്തുക. കണ്ണൂരിന്റെ നാഥനായ രാജരാജേശ്വരനായ ഭഗവാനെ മനസ്സിലെങ്കിലും വണങ്ങാതെ കണ്ണൂരിന്റെ കാഴ്ചകളൊന്നും പൂർണ്ണമാവുകയില്ല. കണ്ണൂരിന്റെ ഏതു മുക്കിലും മൂലയിലും ഉള്ള ക്ഷേത്രങ്ങൾക്കും രാജരാജേശ്വരനായ തളിപ്പറമ്പു തമ്പുരാനുമായി ഒരു ബന്ധം ഉണ്ടാകും. അത് ക്ഷേത്രനിർമ്മി
തികളിലോ ആചാരരീതികളിലോ, പൂജാവിധികളിലോ ക്ഷേത്ര ഉത്സവാഘോഷ ചടങ്ങുകളിലോ ക്ഷേത്രകാഴ്ചകളിലോ ക്ഷേത്രക്കുളങ്ങളോ വൃക്ഷങ്ങളോ ഗ്രാമക്കാഴ്ചകളോ ഏതുമാകാം. രാജാവും പ്രജകളും തമ്മിലുള്ളതുപോലെ ഒരു ബന്ധം. കാഞ്ഞിരങ്ങാട് വൈദ്യനാഥക്ഷേത്രത്തിനും രാജരാജേശ്വരഭഗവാനുമായി അങ്ങനെയുള്ള ബന്ധവും ചില സാമ്യങ്ങളും ഉണ്ട്. രാജരാജേശ്വരക്ഷേത്രത്തിൽ ഭഗവാൻ ശങ്കരനാരായണ ഭാവത്തിലാണെങ്കിൽ ഭഗവാൻ 6 കിലോമീറ്റർ ദൂരത്തായുള്ള ഈ ക്ഷേത്രത്തിൽ വൈദ്യനായാണ് കുടികൊള്ളുന്നത്. പരമശിവന്റെ വിവിധഭാവങ്ങളെ ആരാധിക്കുന്ന ധാരാളം ക്ഷേത്രങ്ങൾ നമ്മുടെ നാട്ടിലുണ്ട്. പ്രപഞ്ചത്തിലെ സകല ചരാചരങ്ങൾക്കും രോഗമുക്തിയും ആരോഗ്യവും പ്രദാനം ചെയ്യുന്നതിനായി വൈദ്യനാഥനായി പരമശിവൻ കുടികൊള്ളുന്ന ക്ഷേത്രമാണ് കാഞ്ഞിരങ്ങാട് ശ്രീവൈദ്യനാഥക്ഷേത്രം. ഈ ക്ഷേത്രത്തിലും ക്ഷേത്രപരിസരങ്ങളിലുമുള്ള മണ്ണും മരവും ജലവും വായുവും സസ്യലതാദികളും ഔഷധങ്ങളാകുന്ന ഒരു പുണ്യസ്ഥാനമാണിത്. ദേവന്മാർ പോലും വൈദ്യനാഥനായ ഭഗവാനെ പ്രാർത്ഥിച്ച് രോഗമുക്തി നേടിയ വിവിധ കഥകൾ പുരാണങ്ങളിൽ നമുക്കു കാണാം.

പ്രധാന പാതയോടു ചേർന്നു തന്നെ കാണുന്നക്ഷേത്രഗോപുരം കടന്നു ചെല്ലുമ്പോൾ ഇവിടെ കാണുന്ന കാഴ്ചകൾ ആരെയും അത്ഭുതപ്പെടുത്തുന്നവയാണ്. അതി വിശാലമായ സ്ഥലത്ത് ചെങ്കല്ലുകൾ പാകിയ നിരത്തുകൾ പവിത്രസങ്കല്പങ്ങളുള്ള കൂറ്റൻ കാഞ്ഞിരമരവും ആൽവൃക്ഷവും കാണാം. ഈ ആൽവൃക്ഷത്തിനും കാഞ്ഞിരവൃക്ഷത്തിനും ദിവ്യത്വമുള്ളതായി വിശ്വസിക്കുന്നു. ഈ വൃക്ഷങ്ങൾക്കു ചുറ്റിലുമായി വളരെ ഉയരത്തി ലുള്ള ചെങ്കൽ തറകളും നശിപ്പിക്കപ്പെട്ട പല ഉപദേവസ്ഥാനങ്ങളുടേയും ബാക്കി ഭാഗങ്ങളും സാമാന്യം ഉയരമുള്ള കുന്നിൻമുകളിൽ സ്ഥി തിചെയ്യുന്ന ക്ഷേത്രത്തിലേക്കുള്ള ചെങ്കൽപടിക്കെട്ടുകളും വടക്കുവശത്തായി ഔഷധ ഗുണമുള്ള ജലം നിറഞ്ഞ ക്ഷേത്രക്കുളവും അടങ്ങുന്ന ദൃശ്യങ്ങളാണ് കാണുന്നത്.

ശ്രീ പാർവ്വതിദേവി അന്നപൂർണ്ണേശ്വരിയായി അന്നം നൽകി അനുഗ്രഹിക്കുന്നു. എന്നാൽ രോഗവിമുക്തരായി ആരോഗ്യത്തോടെ ജീവിക്കണമെങ്കിൽ വൈദ്യനാഥനായ ഭഗവാന്റെ അനുഗ്രഹംകൂടിയേ തീരൂ. വൈദ്യനാഥഭഗവാന്റെ അനുഗ്രഹംുണ്ടായാൽ ഏതു മാറാവ്യാധിയും മാറിക്കിട്ടും. പരശുരാമൻ സ്ഥാപിച്ച ആദ്യത്തെ ബ്രാഹ്മണഗ്രാമമായ പെരിഞ്ചെല്ലൂരിലെ ഋഗ്വേദികളുടേതായിരുന്നു കാഞ്ഞിരങ്ങാട്ട് വൈദ്യനാഥ ക്ഷേത്രം. വൈതക്കോൽമാർ എന്ന ആദിവാസിരാജാക്കന്മാർ നൂറ്റാണ്ടുകൾക്കുമുമ്പ് കാഞ്ഞിരങ്ങാടുഗ്രാമത്തിനുദാനം ചെയ്തതാണ് ഈ ക്ഷേത്രം എന്നും വിശ്വസിക്കുന്നുണ്ട്. തളിപ്പറമ്പ് രാജരാജേശ്വരക്ഷേത്രത്തിൽ ബ്രാഹ്മണസ്ത്രീകൾക്ക് നാലമ്പലത്തിലേക്കു പ്രവേശനാനുമതി ഇല്ലാത്തതിനാൽ ആ കുറവു പരിഹരിക്കാനുമാവാനായി മൂഷകവംശത്തിലെ ശ്രീകണ്ഠൻ എന്ന രാജാവ് പണികഴിപ്പിച്ചതാണ് ഈ ക്ഷേത്രം എന്നും ഐതിഹ്യമുണ്ട്. ദ്വാദശാദിത്യന്മാരിൽ ഒരാളായ വിഷ്ണുവിന് ഒരിക്കൽ ത്വക്രോഗം പിടിപെട്ടു എന്നും വൈദ്യനാഥ സ്വാമിക്കുമുന്നിൽ ഭജനമിരുന്നു രോഗം മാറി എന്നും വിശ്വസിച്ചുപോരുന്നു. ഗരുഡദേവന്

ഉദരരോഗം ഉണ്ടായപ്പോൾ വൈദ്യനാഥനായ ഭഗവാനെ ഭജിച്ച് രോഗം മാറിയെന്നും സൂര്യ ദേവന് രോഗം ബാധിക്കുകയും സൂര്യദേവന്റെ പ്രഭാകിരണങ്ങൾക്ക് പ്രകാശം കുറയുകയും ചെയ്തു എന്നും വൈദ്യനാഥഭജനത്തിലൂ ടെ രോഗമുക്തിനേടി എന്നും ഐതിഹ്യമു ണ്ട്. മഹാഭാരതകഥയിലെ കുന്തീദേവി തന്റെ ഭർത്താവിന്റെ പാണ്ഡുരോഗം മാറികിട്ടാൻ വൈദ്യനാഥഭജനം നടത്തിയിരുന്നു എന്നും വിശ്വസിക്കുന്നു. വൈദ്യനാഥനായ ഭഗവാനി ൽ സൂര്യതേജസ്സ് കൂടി ഉണ്ടെന്നാണ് വിശ്വാ സം. സൂര്യദശാകാലദോഷങ്ങൾ മാറി കിട്ടു ന്നതിന് വൈദ്യനാഥഭജനവും ദർശനവും പരിഹാരമാണ്.

ഔഷധഗുണം നിറഞ്ഞ തീർത്ഥക്കുളത്തി ലെ ജലത്തിൽ ദേഹശുദ്ധിവരുത്തി പടിക്കെ ട്ടുകൾ കടന്ന് ക്ഷേത്രാങ്കണത്തിലെത്തിയാൽ ബലിക്കല്ലാണ് ആദ്യം കാണുക. അതിനടു ത്തായി കെടാവിളക്കു കാണാം. പ്രത്യേക ഭം ഗിയോടെതയ്യാറാക്കിയിരിക്കുന്ന ഈ കെടാ വിളക്കിലേക്ക് എണ്ണപകരുന്നത് ഇവിടുത്തെ വളരെ പ്രധാനവഴിപാടാണ്. ഭഗവാന്റെ തിരു നടയിൽ ദീപം തെളിയിക്കുമ്പോൾ ഭഗവാന്റെ അനുഗ്രഹത്താൽ ഭക്തന്റെ മനസ്സിലും ഇരുട്ട കന്ന് പ്രകാശം തെളിയുന്നു. ബലിക്കല്ലിനെ വന്ദിച്ച് നാലമ്പലത്തിലേക്കു കടക്കാം. നമസ് കാരമണ്ഡപവും കടന്ന് ശ്രീകോവിൽ തിരുന ടയിലെത്തിഭഗവാനെ വണങ്ങാം. ശ്രീകോവി ലിന്റെ നിർമ്മാണശൈലിയും ശില്പകലകളും ഒരു പ്രത്യേകത തന്നെയാണ്. വർണ്ണപഴമയു ടെ ദാരുശില്പഭംഗി നിറഞ്ഞ ശ്രീകോവിലിൽ ഭഗവാൻ വൈദ്യനാഥനായി കിഴക്കോട്ടു ദർ ശനമായി കുടികൊള്ളുന്നു. നമസ്കാരമണ്ഡ പത്തിന്റെ മേൽക്കൂരയിലും തൂണുകളിലും ശ്രീകോവിലിന്റെ ചുമരുകളിലും മേൽക്കൂരയി ലും കരവിരുതുകളുടെ ഒരു കലവറതന്നെയാ ണ് കാണപ്പെടുന്നത്. പുറംചുമരുകളെല്ലാം ചെങ്കല്ലിൽ തീർത്തിരിക്കുന്നു. നെയ്യമൃതു സമർപ്പണം ക്ഷീരധാര, ജലധാര, ആൾരൂപ സമർപ്പണം എന്നിവ വൈദ്യനാഥസ്വാമിയുടെ പ്രധാന വഴിപാടുകളാണ്. ഔഷധ നിക്ഷേ പമുള്ളസ്ഥാനത്തു പ്രതിഷ്ഠിച്ചിരിക്കുന്ന വി ഗ്രഹത്തിലെ ഭഗവാന്റെ അഭിഷേക തീർത്ഥം ഔഷധപ്രസാദമായി ഭക്തർക്കു നൽകുന്നു. 6 ഉം ഞായറും ഈക്ഷേത്രത്തിൽ ബഹുവി ശേഷമായി കരുതുന്നു. മലയാളമാസത്തിലെ 6-ാം തീയതിയുംഞായറാഴ്ചയും ഒരുമിച്ചു വരുന്ന ദിവസമാണ് ഇവിടെ ക്ഷേത്രപ്രതി ഷ്ഠ നടന്നത്. ഈ ക്ഷേത്രത്തിൽ എല്ലാ ഞാ യറാഴ്ചയും പ്രധാനമാണ് എങ്കിലും 6 ഉം ഞായറും ചേർന്നു വരുന്ന ദിവസം അതിവി പുലമായി ആഘോഷിക്കുന്നു. ഇത് കാഞ്ഞി രങ്ങാട്ടു വൈദ്യനാഥക്ഷേത്രത്തിലെ മാത്രം പ്രത്യേകതയാണ്.

അന്നേ ദിവസം ദർശനം നടത്തുന്നത് സർവ്വരോഗനിവാരണത്തിനും സർവ്വൈശ്വ ര്യങ്ങൾക്കും അത്യുത്തമവുമാണ്. ധനുമാ സത്തിലെ തിരുവാതിരയും ശിവ രാത്രിയും വിശേഷമാണിവിടെ. ഭക്തജനങ്ങൾ ഞായറാ ഴ്ചവ്രതം നോറ്റ് രോഗശമനത്തിനും ആയുരാ രോഗ്യസൗഖ്യത്തിനും വേണ്ടി വൈദ്യനാഥഭ ഗവാനെ പ്രാർത്ഥിക്കുന്നു. ഞായറാഴ്ചവ്രതം ആരോഗ്യദായകമായി വിശ്വസിക്കുന്നു.

മനുഷ്യരുടെ ജീവിതത്തിൽ ഒരിക്കലെങ്കി ലും രോഗം ബാധിക്കാത്തവരും ഔഷധങ്ങൾ ഉപയോഗിക്കാത്തവരും വിരളമാണ്. വൈദ്യ നാഥനായ ഭഗവാനെ പ്രാർത്ഥിച്ച് ഔഷധ ങ്ങൾ സ്വീകരിക്കുമ്പോൾ അവയ്ക്ക് ശക്തി വർദ്ധിക്കുന്നു. മാനസികമായും ശാരീരികമാ യും ഇത് ഗുണം ചെയ്യുന്നു.

ഈ ക്ഷേത്രത്തിൽ കൊടിമരം ഇല്ല. അതി വിശാലമായ ക്ഷേത്രവളപ്പിൽ നാലമ്പലത്തി നുപുറത്ത് തെക്കുപടിഞ്ഞാറുഭാഗത്തായി ശാസ്താവിന്റെ ശ്രീകോവിലാണ്. ഭഗവതി, ഗണപതി എന്നീ ഉപദേവതകളും ഈ ക്ഷേ ത്രത്തിലുണ്ട്. ധനുമാസം 10-ാം തീയതി ഇവിടെ കളിയാട്ടം നടക്കാറുണ്ട്. ക്ഷേത്ര ത്തിലെ പുറം കാവൽക്കാർ എന്ന നിലയിൽ

രാത്രി ക്ഷേത്രനടയിൽ തെയ്യക്കോലങ്ങൾ കെട്ടിയാടാറുണ്ട്. തല്ലിത്തകർത്ത ക്ഷേത്രച്ചു മരുകളുടേയും അടിത്തറകളുടേയും ബാക്കി ഭാഗങ്ങൾ മൺമറഞ്ഞ പ്രതാപങ്ങളുടെ അട യാളങ്ങളായി ഇന്നും ഇവിടെ കാണാം. ടിപ്പു വിന്റെ പടയോട്ടക്കാലത്ത് ആക്രമണത്തിൽ നശിപ്പിക്കപ്പെട്ട ഒരു മഹാക്ഷേത്രമാണ് കാ ഞ്ഞിരങ്ങാട്ട് വൈദ്യനാഥക്ഷേത്രം. നശിപ്പി ക്കപ്പെട്ടതിന്റെ ബാക്കി ഭാഗങ്ങളാണ് ഇന്ന് നാം കാണുന്നത്. അതു തന്നെ ഒരു അപാരകാ ഴ്ചകയാണ്. അപ്പോൾ ആക്രമണത്തിൽ നശി പ്പിക്കപ്പെടുന്നതിനുമുമ്പ് എത്ര ഗംഭീരമായി രുന്നു ഈ ക്ഷേത്രത്തിന്റെ കാഴ്ചകൾ എന്ന് നമുക്കൂഹിക്കാം. ക്ഷേത്രങ്ങളേയും ക്ഷേത്രവി ശ്വാസങ്ങളേയും നാമാവശ്ശേഷമാക്കുക എന്ന പ്രവണത വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാ ലഘട്ടത്തിലും ഈ ക്ഷേത്രം ഇന്നത്തെ രൂപ ത്തിലെങ്കിലും ഇവിടെ സ്ഥിതി ചെയ്യുന്നത് സർവ്വേശ്വരനായ മഹാദേവന്റെ കൃപകൊണ്ടു മാത്രമാണ്. പലപ്പോഴായി നവീകരണപ്രവൃ ത്തികൾ നടത്തിയിട്ടുള്ള ഈ ക്ഷേത്രം ഇന്ന് മലബാർ ദേവസ്വത്തിന്റെ അധീനത്തിലാണ്. തൃച്ചംബരം ശ്രീകൃഷ്ണഭഗവാനേയും തളി പ്പറമ്പ് രാജരാജേശ്വരഭഗവാനേയും കാഞ്ഞി രങ്ങാട് വൈദ്യനാഥസ്വാമിയേയും ഒരേ ദിവ സം തൊഴുതുവരിക എന്ന മൂന്നമ്പല ദർശനം അതിപ്രധാനമാണ്. ഇങ്ങനെ മൂന്ന് അമ്പല ദർശനം നടത്തി പ്രാർത്ഥിക്കുന്നത് ഉദ്ദിഷ്ട കാര്യഫലപ്രാപ്തിക്ക് ഉത്തമം എന്നു വി ശ്വസിക്കുന്നു. ഭഗവാനെ ആത്മാർത്ഥമായി പ്രാർത്ഥിച്ചാൽ 3 അമ്പല ദർശന ഭാഗ്യം ലഭി ക്കും എന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടു ത്തുന്നു. ഭക്തിപൂർവ്വമുള്ള പ്രാർത്ഥന ഭഗവാ നിലേക്കെത്തുവാനുള്ള വാതായനമാണ്. ആയുരരോഗ്യസൗഖം നൽകീടണേ എന്ന പ്രാർത്ഥനയോടെ വൈദ്യനാഥനായ കാഞ്ഞി രങ്ങാട്ടപ്പന്റെ തൃപ്പാദങ്ങളിൽ ശിരസ്സാ നമി ക്കുന്നു.

***



# അഭിനന്ദനങ്ങൾ

വൈജ്ഞാനിക സാഹിത്യത്തിനുള്ള ഡോ.സി.പി. മേനോൻ സ്മാരക പുരസ്കാരം 2019ന് ശ്രീകുമാരി രാമചന്ദ്രൻ (ഐതിഹ്യമാല ഇംഗ്ലീഷ് വിവർത്തനം) അർഹയായി. കഴിഞ്ഞ 3 വർഷത്തെ പുരസ്കാരങ്ങളാണ് ഇപ്പോൾ സമർപ്പിക്കുന്നത്. കുസാറ്റ് വൈസ്ചാൻസലർ ഡോ. കെ.എൻ. മധുസൂദനൻ പുരസ്കാരങ്ങൾ വിതരണം ചെയ്യും. ഡോ. വി.പി. എൻ. നമ്പൂതിരി അനുസ്മരണ പ്രഭാഷണം നടത്തും.


## ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

# മധുരിക്കും ഓർമ്മകൾ

ഡോ. മീര (മാണിക്കത്ത്)

ഏതാണ്ട് അറുപത് വർഷങ്ങൾക്ക് മുമ്പാണ് ടി.ഡി.എം. ഹാളുമായും നായർ സ്ത്രീ സമാജവുമായുമുള്ള എന്റെ ഓർമ്മകൾ തുടങ്ങുന്നത്. സംഭവങ്ങളെല്ലാം തന്നെ മമ്മി എന്ന് ഞങ്ങൾ വിളിച്ചിരുന്ന എച്ചു അമ്മ. മിസ്സിസ്സ് എൽ.കെ.ജി. മേനോനുമായി ബന്ധപ്പെട്ടതാണ്. വാരിയം റോഡിലെ "ന്യാസ" എന്ന അവരുടെ വീടാണ് എല്ലാത്തിനും കേന്ദ്രം. വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളിലും അവിടെ കൈ കൊട്ടിക്കളി എന്ന് ഞങ്ങൾ പറയുന്ന തിരുവാതിരകളി, കോലാട്ടം, സംഘഗാനം മുതലായവയുടെ പരിശീലനമുണ്ടാകും.

വീടിന് പിന്നിൽ തുറസ്സായ സിമന്റിട്ട ഒരു മുറ്റത്താണ് പരിശീലനം. പരിപാടിയ്ക്ക് രണ്ടു ദിവസം മുമ്പേ സ്റ്റേജിൽ കളിച്ച് കുറവുകൾ പരിഹരിച്ച് മെച്ചപ്പെടുത്തും. ഓണം, നവരാത്രി ആഘോഷം, വാർഷികദിനം എന്നിവയ്ക്ക് പരിപാടികൾ തീർച്ചയായും ഉണ്ടാകും. കൂടാതെ പ്രധാന വ്യക്തികളുടെ സന്ദർശനങ്ങൾ, മുഖ്യസ്ഥാപങ്ങളുടെ ഉദ്ഘാടനം മുതലായവയ്ക്ക് താലമേന്തി സ്വീകരിക്കുന്നതിനും കൈകൊട്ടിക്കളിയ്ക്കുന്നതിനും ആവശ്യപ്പെടുന്നവരുണ്ട്. കുട്ടികളെ സുരക്ഷിതമായി കൊണ്ടുപോയി അതേ പോലെ തന്നെ വീട്ടിൽ തിരിച്ചെത്തിയ്ക്കണമെന്ന നിബന്ധനയുണ്ട്. മമ്മി കൂടെ നിശ്ചയമായും ഉണ്ടാകും. കൂടാതെ ചില രക്ഷിതാക്കളും.

ഏതാണ്ട് പതിമൂന്നു മുതൽ ഇരുപത്തിനാലു വയസ്സുവരെയുള്ള മുപ്പതോളം സ്ത്രീജനങ്ങൾ ഉൾപ്പെട്ട സംഘത്തിൽ കാര്യമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നില്ലെന്നത് മമ്മിയുടെ നേതൃത്വപാടവത്തിന്റെ മികവാണ്. അംഗങ്ങളുടെയും ആ കാലഘട്ടത്തിന്റെയും ഗുണങ്ങളും അതിന് കാരണമാകാം.

കൈകൊട്ടിക്കളിയ്ക്കു പാട്ടുകാർ പന്തിയിലെ ഓമന അമ്മയും എന്റെ അമ്മ (മാണിയ്ക്കത്ത് രുഗ്മിണി അമ്മ)യും ആണ്. മനിക്കിരിയിലെ ദേവകി (ദേവൂട്ടി) അമ്മ, പുകലക്കാട്ടെ ലക്ഷ്മിക്കുട്ടി അമ്മടീച്ചർ ഇവരൊക്കെ കൂടെ കളിച്ച് ചുവടുകൾ കാണിച്ചു തരും. കോലാട്ടം, ചെറിയ കുട്ടികളുടെ ബാലെ, നാടകം മുതലായവയ്ക്കുള്ള രചനകൾക്ക് കരയോഗം അംഗവും എഴുത്തുകാരനും സാമൂഹ്യപ്രവർത്തകനും ആയ അഡ്വക്കേറ്റ് ടി.സി. ഗോപിനാഥ് സദാ സന്നദ്ധനാണ്. ഒരിയ്ക്കൽ കൈകൊട്ടിക്കളിയ്ക്ക് സ്റ്റേജിന്റെ രണ്ടു വശത്തുനിന്നും പകുതി കുട്ടികൾ വീതം ചുവടുവെച്ച് വേദിയിലെത്തുന്നതിന് രണ്ടു വരികൾ വേണം. സ്ത്രീ സമാജത്തിന് എത്രയോ വയസ്സു തികയുന്ന കൊല്ലമാണ്. അഞ്ചു മിനിറ്റെടുത്തില്ല ലക്ഷ്മിക്കുട്ടി ടീച്ചർ എഴുതിപാടി

മരതകതോപ്പിലെ മാകന്ദശാഖയിൽ
പാടിയിരിയ്ക്കുന്ന പൂങ്കുയിലെ
ആടട്ടെ ഞങ്ങളും പാടുക നീമെല്ലെ
നായർ സ്ത്രീവൃന്ദസമ്മേളനത്തിൽ
.................. വയസ്സു തികയുന്ന നാളിന്നു
ഗാനലഹരിയിലാറാടട്ടെ

(ഇത് ഓർമ്മയിൽ നിന്നെഴുതുന്നതാണേ. എഴുപത്തഞ്ചാം വയസ്സിൽ ഓർമ്മകൾക്കു വിള്ളൽ വീണിരിയ്ക്കുന്നു)

അതിനിടെയുണ്ടായ രസകരമായ ചില സംഭവങ്ങൾ അമ്മ പറഞ്ഞത് ഓർമ്മ വരുന്നു. പ്രശസ്ത ഹിന്ദി സിനിമാ നടൻ ദിലീപ്കുമാറിന്റെ മുന്നിൽ ബോൾഗാട്ടി പാലസിൽ കൈകൊട്ടിക്കളി അവതരിപ്പിയ്ക്കുന്നു ഞങ്ങളുടെ സംഘം. യൂനിവേഴ്സിറ്റി പരീക്ഷ നടക്കുന്നതിനാൽ അന്ന് ആ സംഘത്തിൽ ഞാനുണ്ടായിരുന്നില്ല.

എല്ലാവർക്കും ഭയങ്കര ആവേശം. ദിലീപ് കുമാറിനെ കാണാമല്ലോ. പരിശീലനം

പതിവിലും ഉഷാർ. പക്ഷെ പതിവില്ലാത്ത വിധം അന്ന് കുമ്മിയടിച്ചതിൽ അബദ്ധം പറ്റി. പങ്കാളി മാറിയതിനാൽ രണ്ടു വശത്ത് രണ്ടു പേർ ഒറ്റയ്ക്ക കുമ്മിയടിച്ചു. തിരിച്ചു വരുമ്പോൾ മമ്മിയ്ക്ക് ഇച്ഛാഭംഗം. ദിലീപ് കുമാർ എന്ത് വിചാരിച്ചുകാണും. എൻെറ അമ്മ പറഞ്ഞത്രെ. രണ്ടു ഭാഗത്തും ഓരോരുത്തർ ഒറ്റയ്ക്ക് നിന്ന് കുമ്മിയടിയ്ക്കുന്നത് കണ്ട് നടൻ വിചാരിച്ചു കാണും കുമ്മിയടി അങ്ങിനെയാണെന്ന്. മമ്മിയുടെ ചിരിയിൽ തെറ്റിച്ചവരുടെ കണ്ണുനീർ പുഞ്ചിരിയായി മാറി. തത്തമ്പിള്ളിയിലെ ശാന്തകുമാരി, രാധ, ജയലക്ഷ്മി, ശാന്താമേനോൻ, വസന്താമേനോൻ, അപ്പാപറമ്പത്തെ കമലം, മനിക്കിരിയിലെ തുളസി, വാരിജാക്ഷി, രമ, വത്സല, കാരയ്ക്കാട്ടെ ശാന്ത, ആലപ്പാട്ടെ സീത, തോട്ടയ്ക്കാട്ടെ നിർമ്മല മാളികയിലെ ദേവി, ലീല, ബേബിവാസന്തി, ദേവി, തങ്കം ഞാൻ അനിയത്തി വനജ കൂടാതെ മറ്റു ജില്ലകളിൽ നിന്ന് വന്ന് താമസമാക്കിയ എത്രയോ പെൺകുട്ടികൾ. എന്റെ അനിയത്തിയുൾപ്പെടെ എത്രയോ പേർ ഈ ലോകത്തോട് വിടപറഞ്ഞു. കരയോഗം വേദിയിൽ ഞാൻ ഒടുവിൽ ചുവടുവെച്ചത് മൂത്ത മകനെ മൂന്നുമാസം ഗർഭമുള്ളപ്പോഴാണ്. 1973ൽ നാല്പത്തി ഒമ്പത് കൊല്ലം കഴിഞ്ഞു. പക്ഷെ കോളേജിലെ കുട്ടികളെ പഠിപ്പിച്ച് സർവ്വകലാശാല കലോത്സവങ്ങൾക്ക് അവർ സമ്മാനം നേടുമ്പോഴൊക്കെ എനിയ്ക്ക് ആ പഴയ കൂട്ടായ്മ ഓർമ്മ വരും. അതുപോലെ തന്നെ കരയോഗത്തിന്റെ നാടകസംഘവും, അക്കാലത്തെ ഒട്ടുമിക്ക നല്ല നാടകങ്ങളും അവർ അവതരിപ്പിച്ചിട്ടുണ്ട്. പരിശീലനം, റിഹേഴ്സൽ എല്ലാം സ്റ്റേജിൽ തന്നെ. എന്റെ അമ്മയ്ക്ക് എന്നും അമ്മറോളാണ്. സ്ത്രീസമാജത്തിൽ അമ്മയുടെ ക്ലാസ്സ്മേറ്റ് നളിനിക്കുട്ടി ചേച്ചി എന്റെ മകളും അവരുടെ ഭർത്താവിന്റെ അമ്മയായി എന്റെമ്മയും ഒരു നാടകത്തിൽ അഭിനയിച്ചിട്ടുണ്ട്. തോട്ടയ്ക്കാട്ട് അനിയത്തി മേനോൻ എന്റെ അനിയത്തി വനജ, അലമേലുഅമ്മാൾ, മാതൃഭാഷ തമിഴും മലയാളവും കഷ്ടിച്ച് പറയുന്ന തങ്കം വെങ്കിടേശ്വരൻ ഇവരൊക്കെ മുന്നിൽ തെളിയുന്നു.

കരയോഗത്തിന്റെ നാടകത്തിൽ മുല്ലോത്ത് സേതുമ്മാൻ, മിറ്റത്തുള്ളിൽ മധുമ്മാൻ ആലപ്പാട്ട് ബാബു, സേതു കരുണൻ എന്ന എം. കരുണാകരൻ നായർ, കലൂർ ഗോപാലകൃഷ്ണൻ കടവന്ത്രയിലെ ബാലസുബ്രഹ്മണ്യം, അയ്യർ സഹോദരന്മാരായ വിശ്വം, മൂർത്തി, പിന്നെ പൗലോസ്, കരേടൻ, സീത, ജയലക്ഷ്മി അങ്ങിനെ ഒട്ടേറെ പേർ.

മധുമ്മാൻ ഹാസ്യകഥാപാത്രങ്ങളെ അവതരിപ്പിയ്ക്കുന്നതിൽ പ്രഗൽഭനാണ്. അതു പോലെ തന്നെയാണ് അദ്ദേഹത്തിന്റെ നർമ്മോക്തികളും. നാടക റിഹേഴ്സലിനിടെ ചായയ്ക്ക് തിന്നാനെന്തുവേണം എന്ന ചോദ്യത്തിന് പഴംപൊരിയാണെങ്കിൽ ഖദറു കുപ്പായമിട്ടതു വേണ്ട നൈലോൺ കുപ്പായമിട്ടതു മതി എന്നായിരിയ്ക്കും മധുമ്മാന്റെ കമന്റ്. ഉള്ളിൽ കനമുള്ള പഴക്കഷ്ണം വേണമെന്നർത്ഥം. കരയോഗം ആ കരയിലെ നാനാ ജാതി മതസ്ഥരുടെ കൂട്ടായ്മയെന്നല്ല കുടുംബം തന്നെയാണ്. ഈ ബഹുസ്വരതയും ഒത്തൊരുമയും തന്നെയാണ് എറണാകുളം കരയോഗത്തിന്റെ ഉയർച്ചയ്ക്കു കാരണം.

നവരാത്രി ഒമ്പതു ദിവസവും ഞങ്ങൾക്ക് ഉത്സവം തന്നെയാണ്. പരിപാടി മുഴുവൻ കഴിഞ്ഞ് രവിപുരം സെറ്റ് അമ്മയുടെയും ദേവൂട്ടിയമ്മയുടെയും നേതൃത്വത്തിൽ വീട്ടിലേയ്ക്ക് മടങ്ങും. എം.ജി. റോഡിന്റെ വിരിമാറിലൂടെ നിർഭയരായി നടക്കുന്ന ഞങ്ങൾക്ക് കാവൽ തെരുവുവിളക്കുകളും സംഘത്തിലാരുടെയെങ്കിലും സ്കൂളിൽ പഠിയ്ക്കുന്ന മക്കളൊ സഹോദരങ്ങളൊ മാത്രം. അന്നത്തെ കാലം ഇന്നത്തെയത്ര മോശമല്ല.

കാലംമാറി, കോലം മാറി. ഇന്ന് ഈ വാർദ്ധക്യത്തിൽ കയ്യിൽ ഊന്നുവടിയും മനസ്സിൽ പോയകാലത്തിന്റെ മധുര സ്മരണകളുമായി മുക്കാൽ നൂറ്റാണ്ടു തികഞ്ഞ ഞാനും. മമ്മി എന്ന വിളിയിൽ ഓർമ്മയിൽ ഓടിയെത്തുക വലിയ ചുവന്നപൊട്ടും, വാത്സല്യം തുളുമ്പുന്ന കണ്ണുകളും വിടർന്ന ചിരിയും ആണ്. ഏതാണ്ട് അഞ്ചടി മൂന്നിഞ്ച് ഉയരം, ഒട്ട് തടിച്ച പ്രകൃതം വെളുത്ത നിറം, വർണ്ണപകിട്ടുള്ള സാരി, ചുറുചുറുക്കുള്ള പ്രകൃതം

*(ശേഷം പേജ് 19)*



# ശ്രീമഹാഭാഗവതം

## ആധുനിക യുഗത്തിന്റെ ദിവ്യ ഔഷധം

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

**ലോക**ത്തിൽ എല്ലാവരും സുഖം കൊതിക്കുന്നു. അതിനുവേണ്ടി ജോലി ചെയ്യുന്നു. പക്ഷെ സുഖം കിട്ടുന്നില്ല. ചിലപ്പോൾ ദുഃഖം കൂടുകയും ചെയ്യും. അതുകൊണ്ട് സുഖപ്രാപ്തിക്കായി ഒരു മാർഗ്ഗം പറഞ്ഞുതന്നാലും. ഭഗവദ് ഭക്തിയുടെ സവിശേഷത ഇവിടെ വർണ്ണിക്കുന്നുണ്ട്. അതുപേലെതന്നെ സൃഷ്ടി, ലോകം, ദേവന്മാർ തുടങ്ങിയ എല്ലാത്തിനേയും കുറിച്ച് വ്യക്തമായ ഒരു വിവരണവും ലഭിക്കുന്നു. മനുഷ്യന്റെ ദുഃഖകാരണം ഇന്ദ്രിയങ്ങളിൽ ആസക്തനാകുന്നതുകൊണ്ടാണെന്ന സത്യം നമുക്കു പല സ്ഥലത്തും മനസ്സിലാക്കാൻ കഴിയുന്നു. തൃതീയസ്കന്ധത്തിൽ ദേവഹൂതി പുത്രനായ കപിലനോട് ചോദിക്കുന്നു. ഇത്രയും നാൾ ഇന്ദ്രിയങ്ങളെ സന്തോഷിപ്പിച്ച് കാലം കഴിച്ചുകൂട്ടി. ഇതിൽ നിന്നും മോചനം വേണം. ജ്ഞാനി പുത്രനായാലും അവരുടെ അറിവിൽ അഭിമാനം പൂണ്ട് അവരുടെ അറിവുകൾ സമ്പാദിക്കാൻ മടിക്കണ്ട. മാതാപിതാക്കൾ മക്കളേയും മക്കൾ മാതാപിതാക്കളേയും കളിയാക്കുന്ന ഈ കാലഘട്ടത്തിൽ ഈ അമ്മയുടേയും മകന്റേയും വാക്കുകൾ ശ്രദ്ധിക്കുക.

നല്ലതെന്തെനിക്കിനി ശോകത്യാഗാർത്ഥം
ബന്ധമോക്ഷത്തെ വരുത്തുവാൻ
ഞാനെന്തു ചെയ്യേണ്ടുന്നതെങ്ങനെ
വേണ്ടു പര
മാനന്ദ സാദ്ധ്യം പറഞ്ഞിടു നീ മടിയാതെ
ഈ ചോദ്യം കേട്ട്യേപ്പാൾ മകൻ പറഞ്ഞു,
മുക്തിയും മനോജയവുമുണ്ടെങ്കിൽ
സദ്യോഗത്താൽ
ഭക്തിയും ഭവിക്കുന്നു മർത്ത്യയോ
നികൾക്കെല്ലാം
നിശ്ചയം മനസ്സതിൻ കാരണമെല്ലാററിനും.

നമ്മുടെ മനസ്സ് ഭൗതിക വസ്തുക്കളിൽ ആസക്തമായിരിക്കുമ്പോൾ വിഷയാസക്തിയെ ഉപേക്ഷിക്കാൻ പ്രയാസമായിരി ക്കും. അതിനു വേണ്ടത് സത്സംഗമാണ്. മഹാത്മാക്കൾ നമ്മളുടെ അജ്ഞാനത്തെ മാറ്റുന്നു. ഞാൻ (അഹം) മാത്രമാണെന്നു കരുതുമ്പോൾ അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കും. ഇവിടെ ആസക്തി എത്രമാത്രം മനുഷ്യജീവിതത്തെ നശിപ്പിക്കുന്നുവെന്നു മനസ്സിലാക്കാം. അജ്ഞതയാണിതിനു കാരണം. മനശാസ്ത്ര ചികിത്സാരംഗത്ത് മനസ്സി
നുള്ള സ്ഥാനം വിവരിക്കുമ്പോൾ പറയുന്നത് ആർക്ക് മനസ്സിന്റെ വികാരവിക്ഷേപങ്ങളെ നിയന്ത്രിച്ച് ബുദ്ധി അഥവാ അറിവിന്റെ പശ്ചാത്തലത്തിൽ സഞ്ചരിക്കാൻ കഴിയുന്നുവോ അപ്പോൾ അയാൾ ഭ്രമങ്ങൾ മാറി സാധാരണ ജീവിതത്തിലേക്ക് വരുമെന്നാണ്. ഇവിടെ ക പിലൻ പറയുന്നു, ത്രിഗുണങ്ങളാണ് പ്രകൃതി ധർമ്മം ഈശ്വരന്റെ ശക്തി പ്രകാശമുള്ള മഹത്ത്വമാണ്. ഈ മഹത്ത്വത്തിന് നാശമില്ല. ഈ ലോകം ഈ മഹത്ത്വത്തിലട ങ്ങിയിരിക്കുന്നു. ഈ മഹത്ത്വംകൊണ്ട് അന്ധ കാരം നശിപ്പിക്കുന്നു. നമ്മുടെ അറിവില്ലാ യ്മ കൊണ്ടാണ് സുഖദുഃഖങ്ങൾ എന്ന തോ ന്നലുണ്ടാകുന്നത്. ഇവയെ ഭക്തികൊണ്ട് ഇല്ലാതാക്കണം. അത്യാസക്തിയില്ലാതെ വരുമ്പോൾ മനുഷ്യന് മുക്തി ലഭിക്കും.

ഏതാവാനേവ?ലോകേസ്മിൻ പുംസാം
നിഃ ശ്രേയസോദയഃ
തീവ്രേണ ഭക്തിയോഗേന
മനോ മയ്യർപ്പിതം സ്ഥിരം

കഠിനമായ ഭക്തിവഴി മനസിനെ ഭഗവാനി ൽ അർപ്പിക്കുക. ഇത് വളരെ കഠിനമായ പ്രവത്തിയാണ്. ചില മനുഷ്യന്റെ സ്വഭാവം എല്ലാം നീട്ടി നീട്ടി വക്കുന്ന ഒന്നാണ്. procastination എന്നു പറയും. അത് മാററിവെക്കും. പിന്നെയാകട്ടെ. ഇവിടെയാണ് തീ വ്രേണയെന്നു പറയുന്നത്. മനുഷ്യൻ തന്റെ പ്രവർത്തികൾ നീട്ടി വക്കാതെ ചെയ്യുക. അത് ഭഗവദ് ഭക്തിയായിരിക്കും. നമ്മുടെ പ്രവർത്തികളിൽ കൂടുതൽ കാര്യങ്ങളിലും നാം conditioned ആണ്. നാം സുഖങ്ങളിൽ ചിലപ്പോൾ രക്ഷപ്പെടൽ എന്ന മാർഗ്ഗം സ്വീകരിക്കും. വിഷയസുഖങ്ങളിൽ ഒരു സുഖം കണ്ടെത്തിയാൽ അതിലങ്ങനെ നിൽക്കും.

കഷ്ടപ്പെടാൻ കഴിയില്ല. ഇത് ഒരുതരം ബന്ധന മായി മാറുന്നു.

ഭുക്ത ഭോഗോ പരിത്യക്താ

എല്ലാം ആസ്വദിച്ചു കഴിയുമ്പോൾ അതിനെ ഉപേക്ഷിക്കുകയും ചെയ്യും. ഇവിടെ ന ാം മറ്റൊന്നും ചിന്തിക്കുന്നില്ല. ഇതുപോലെ തന്നെ ജീവിതത്തിൽ പലതും അറിഞ്ഞു കഴിയുമ്പോൾ അവയെ ഉപേക്ഷിക്കുവാനും പ്രശ്നമില്ല. കളയേണ്ടതിനെ കളയുകയും സ്വീകരിക്കേണ്ടതിനെ സ്വീകരിക്കുകയും ചെയ്യുന്നവനാണ് ജ്ഞാനി.

മറ്റുള്ളവരോട് കോപവും വെറുപ്പും പുലർത്തുമ്പോൾ സമാധാനം ലഭിക്കുകയില്ല. അറിവിന്റെ ഉയർന്ന തലത്തിൽ എത്തുമ്പോൾ ചെറിയ ചെറിയ കാര്യങ്ങൾ മറക്കാനും ക്ഷമിക്കാനും നാം ശക്തരാകും. സാധാരണ മനുഷ്യന് വിശ്വാസമില്ല. ഒന്നിൽ നിന്നും മറ്റൊന്നിലേക്കു മാറി മാറി ചാടുന്ന സ്വഭവം മാറുമ്പോൾ അവൻ ബ്രഹ്മജ്ഞാനിയായി മാറും. സ്വന്തം ജീവിതത്തെ രൂപപ്പെടുത്തു കയെന്നതായിരിക്കണം ഒരുവന്റെ ലക്ഷ്യം. ഇതെല്ലാം കപിലൻ അമ്മയോടു പറഞ്ഞതി നു ശേഷം പറയുന്നത്

നൈനത് ഖലയോപദിശേണാ
വിനീതയായ് കരഹിചിത്
ന സ്തബ്ധായ ന ഭിന്നായ
നൈവ ധർമ്മധ്വാജായ ച

ദുഷ്ടനും വിനയമില്ലാത്തവനും ആയവ നോട് ഇതൊന്നും പറയരുത്. പലർക്കും പലതാണാവശ്യം. ഇന്നത്തെ കാലഘട്ടത്തിൽ ഒരു ചിലവും ഉണ്ടാകാതെ നമുക്കു കിട്ടു ന്നതാണ് ഉപദേശം. പക്ഷെ ഉപദേശം സ്വീകരിക്കുന്നവനും കൊടുക്കുന്നവനും ശ്രദ്ധി ക്കേണ്ട ഒരു കാര്യം, ഇയാളോടാണോ പറയേണ്ടത്, എനിക്കിതിൽ എന്താണാ വശ്യം. പാത്രമറിഞ്ഞു വിളമ്പണം എന്നു പറയുന്നതു ശ്രദ്ധിക്കണം. ഇവിടെ മാതാവിന്റെ ആഗ്ര ഹത്തിനനുസരിച്ച് കൊടുത്തപ്പോൾ അവർ തൃപ്തയായി.

ചതുർത്ഥ സ്കന്ധത്തിൽ വിവരി ക്കുന്ന ദക്ഷപ്രജാപതിയുടേയും പരമശിവന്റേയും ശത്രുതയും തുടർന്നുണ്ടാകുന്ന പ്രശ്നങ്ങളും ആധുനികയുഗത്തിൽ സംഭവിക്കുന്നതിന്റെ നേർപതിപ്പാണോയെന്നു തോന്നും. ശിവന്റെ സൗന്ദര്യവും പദവിയും വേഷത്തിൽ ദർശിച്ച ദക്ഷൻ പുത്രിയെ കൊടുക്കാൻ തയ്യാ റായില്ല. പുത്രിക്ക് അതിനോടു യോജിപ്പില്ല. ശിവനേ ാടുള്ള സനേഹം. അവസാനം മനസില്ലാമനസ്സോടെ വേറെ നി വർത്തിയില്ലാതെ നടന്ന വിവാഹം. ഇവിടെ രണ്ടു വ്യത്യസ്ത ചുറ്റുപാട്, രണ്ടു സംസ്കാരം. അഛൻ ബുദ്ധിവ്യാപാരത്തിൽ മിടുക്കൻ. ഭർത്താവ് മംഗളസ്വരൂപൻ. ഒരിടത്ത് അസ്വസ്ഥത, മറ്റേയിടത്ത് ശാന്തി. ഇന്നു കാണുന്ന പ്രശ്നം അന്നു മുണ്ടായിരുന്നുവെന്നാണ് വ്യാസൻ നമുക്കു വിവരിച്ചു തരുന്നത്. ഇതു മനസ്സിലാക്കി പ്രവർത്തിക്കണമെന്ന ഉദ്ദേശത്തിലാണ് സതി യുടെ കോപവും. ഇവിടെ ശിവനേക്കുറിച്ചു പറയുന്നതു തന്നെ ശ്രദ്ധിക്കണം. ഭഗവാൻ ശിവന് ആരും പ്രിയനും അപ്രിയനുമല്ല. ഭഗവാന്റെ പദവി അനശ്വരമാണ്. എന്റെ ഭർത്താവിനെ ആക്ഷേപിച്ച അങ്ങയുടെ ശരീരത്തിൽ നിന്നുമാണ് ഞാൻ ഉണ്ടായതെന്നതിൽ നാണക്കേടാണ് എന്നൊക്കെ പറഞ്ഞാണ് അവസാനം സതി ജീവത്യാഗം ചെയ്യുന്നത്. ഭർത്താവിനെ തള്ളിപ്പറയാൻ ഒരുമ്പെടുകയല്ല ചെയ്തത്, മിറച്ച് വേദനിക്കുകയാണ് ചെയ്തത്.

*(തുടരും)*

****

# അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ**

**ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

# കാശ്മീർ: ഭൂമിയിലെ പറുദീസ

സുമംഗല

യാത്രകൾ ഹൃദയം തുറക്കുകയും, മനസ്സ് വിപുലമാക്കുകയും കഥകൾകൊണ്ട് ജീവിതത്തെ നിറയ്ക്കുകയും ചെയ്യുന്നു എന്ന് പണ്ടെവിടെയോ വായിച്ചിട്ടുണ്ട്. ശരിയാണ് യാത്രകൾ എന്നും ആവേശവും, ആനന്ദവും പകരുന്നവ തന്നെ, സുഹൃത്തുക്കളോടൊപ്പവും, കുടുംബത്തോടൊപ്പവുമുള്ളവ. സ്നേഹവും സൗഹൃദവും, സഹകരണവും, പങ്കുവെയ്ക്കുന്ന അനുഭവങ്ങൾ മാത്രമേ ജീവിത ഭണ്ഡാഗാരത്തിലെ ഈടുവയ്പിൽ എന്നും പരിശോഭിക്കൂ.

കാശ്മീർ - ഭൂമിയിലെ പറുദീസ-ഭാരതത്തിന്റെ സ്വിറ്റ്സർലന്റ്. ഒന്നു കാണണമെന്ന മോഹം പണ്ടേ ഉണ്ടായിരുന്നു. ആ മോഹസാക്ഷാത്ക്കാരമുണ്ടാകുമോ എന്ന ആശങ്ക, അടുത്ത കാലത്തായി, മാറി വരുന്ന സാഹചര്യത്തിൽ, ആശാവഹമായ മോഹമായി. അപ്പോഴാണ് കരയോഗം തന്നെ അതിന് നിമിത്തമായത്. പലേ വിദേശരാജ്യങ്ങളിൽ, കരയോഗത്തിന്റെ കഴിവുററ നേതൃത്വത്തിൽ, ഹോളിഡേ ഡിസ്കവേഴ്സിന്റെ കറയറ്റ പരിചയസമ്പത്തിൽ, സുഖസുന്ദരമായി യാത്ര ചെയ്യാൻ കഴിഞ്ഞ അനുഭവങ്ങളുടെ വെളിച്ചത്തിൽ, കാശ്മീർ യാത്രയ്ക്ക് തയ്യാറായി.

ഒക്ടോബർ 13 ബുധനാഴ്ച നിർദ്ദേശാനുസരണം രാവിലെ 7 മണിയ്ക്കു മുമ്പു തന്നെ ഞങ്ങൾ 42 പേരും നെടുമ്പാശ്ശേരി എയർപോർട്ടിലെ ടെർമിനൽ 3ൽ എത്തി. പരിചയപ്പെടുത്തലുകൾ, പരിചയം പുതുക്കൽ എല്ലാവരും അതീവ സന്തുഷ്ടരാണ്. വിസ്താരയുടെ വിമാനം സമയം കൃത്യമായി പാലിച്ചു. സേവന സന്നദ്ധരായ ഉദ്യോഗസ്ഥർ, അവരുടെ നല്ല പെരുമാറ്റം ശ്ലാഘനീയം. സ്നേഹാദരങ്ങളോടെ നല്ല ചെറുചൂടോടെയുള്ള ഭക്ഷണം. പുറത്തേക്കുനോക്കി ആകാശനീലിമയുടെ ഭംഗിയും, മേഘകൂട്ടങ്ങൾ അകമ്പടിസേവിക്കുന്നതും ഒക്കെ ആസ്വദിച്ച്, സുഹൃത്തുക്കളുമായി കുശലപ്രശ്നവുമൊക്കെയായി 3 മണിക്കൂർ പോയത് അറിഞ്ഞതേയില്ല. നിർദ്ദിഷ്ഠ സമയത്തിന് 10 മിനിട്ട് മുമ്പുതന്നെ വിസ്താര ഞങ്ങളെ ഡൽഹിയിലെത്തിച്ചു. അവിടെ Name tag വിതരണവും, ഗ്രൂപ്പ് ഫോട്ടോയും ഒക്കെ കഴിഞ്ഞതോടെ കാശ്മീരിലേക്കുള്ള വിമാനം തയ്യാർ. 2.10 നായിരുന്നു സമയം കിറുകൃത്യം ഒരേ ഒരു മണിക്കൂറിൽ ശ്രീനഗർ വിമാനത്താവളത്തിലെത്തി. വിമാനത്താവളം പൂർണ്ണമായും നമ്മുടെ Air Force ന്റെ നിയന്ത്രണത്തിലാണ്. നനുത്ത തണുപ്പ് ഞങ്ങളെ ആലിംഗനം ചെയ്തു സ്വീകരിച്ചു.

പൂജാ ഗ്രൂപ്പ് എന്ന ടൂർ ഓപ്പറേറ്റേഴ്സ് ആയിരുന്നു അവിടുത്തെ ചുമതലക്കാർ. 3 ടെമ്പോട്രാവലറുകൾ റെഡി. ഏതൊക്കെ വണ്ടിയിൽ ആരൊക്കെ കയറണമെന്നതും നേരത്തെയുള്ള നിർദ്ദേശത്തിലുണ്ടായിരുന്നതിനാൽ, ഒരു സംശയവുമില്ലാതെ, അനുസരണയുള്ള സ്കൂൾ കുട്ടികളെപോലെ ഞങ്ങൾ ട്രാവലറിൽ കയറി. അവിടെ വലിയ ബസ്സുകൾ പാടില്ലാത്തതിനാലാണത്രെ ടെമ്പോകൾ.

കാശ്മീരിന്റെ സൗന്ദര്യം, ആ മനോഹാരിത, കണ്ണുകളാൽ ആവാഹിച്ച് ഹൃദയത്തിലേക്കെടുക്കുവാൻ - വാക്കുകളാൽ വർണ്ണിയ്ക്കാൻ-നാം അശക്തരാണ്. മഞ്ഞുമൂടിയ മലനിരകൾ, നിരനിരയായി നില്ക്കുന്ന ചിനാർമരങ്ങൾ, ഝലംനദി കളകളാരവം മുഴക്കി പ്രദക്ഷിണം വയ്ക്കുന്നു. ഞങ്ങൾ ഡാൽ ലേക്കിലെക്ക് യാത്ര തുടങ്ങി. രണ്ടു വശവും കണ്ട് ആനന്ദിച്ച് - ശ്വാസം അടക്കിപ്പിടിച്ചിരുന്ന് ഏത് അരസികനും ആ സൗന്ദര്യം ആസ്വദിച്ചുപോകും.

ശ്രീനഗർ-കാശ്മീരിലെ വലിയ നഗരം-ജമ്മുകാശ്മീരിന്റെ വേനൽക്കാല ഭരണ കേന്ദ്രം (സമ്മർക്യാപിറ്റൽ) പേരുപോലെതന്നെ ഐശ്വര്യസംപുഷ്ടമായ നഗരം. മഞ്ഞുമൂടിയ മലനിരകൾ, നിരനിരയായി നിൽക്കുന്ന ചിനാർ മരങ്ങൾ, കളകളാരവം മുഴക്കി പ്രദക്ഷിണം വച്ചൊഴുകുന്ന ഝലം നദി, പ്രകൃതീദേവി കനിഞ്ഞനുഗ്രഹിച്ചിരിക്കുന്നു. ഭൂമിയിലെ സ്വർഗ്ഗം അതിവിടെയാണ്, ഇവിടെയാണ്!

ഞങ്ങളുടെ ഗൈഡ് മിസ്റ്റർ ഖാലിദിന്റെ വാക്കുകൾ ഓർത്തുപോയി. God made Kashmir a Heaven, but people are making it a Hell നഗ്നസത്യം. നല്ല പക്വതയും, വിനയവും നിറഞ്ഞ പെരുമാറ്റം അവരുടെ ഒക്കെ കൈമുതലാണ്. കാശ്മീരിലെ ജനങ്ങൾ പൊതുവെ നല്ല ആകാരസൗഷ്ടവമുള്ളവരായി തോന്നി. ഒരു കാര്യം പറയാതെ വയ്യ. ഞങ്ങൾ പുറത്തു കണ്ട സ്ത്രീകൾ തലയിൽ തട്ടമിട്ടിരുന്നു, അല്ലാതെ നമ്മുടെ നാട്ടിലെ പോലെ പർദ്ദ അണിഞ്ഞിരുന്നില്ല. ഞങ്ങളുടെ സഹായികളായി വന്നവരിൽ ഇസ്ലാം മതവിശ്വാസികളല്ലാത്തവരാരെയും കാണാനായില്ല.

നമുക്ക് ഡാൽലേക്കിലേക്കു പോകാം. അവിടെ നമ്മളെ ബോട്ടു ഹൗസിലേക്ക് ആനയിക്കാൻ ഷിക്കാരകൾ തയ്യാറാണ്. ഡാൽതടാകത്തിലേക്ക് ഞങ്ങളുടെ യാത്ര ഇന്ദിരാഗാന്ധി റോഡിലൂടെ ആയിരുന്നു. നമ്മുടെ പ്രിയ കൊച്ചിയെ ഓർമ്മിപ്പിയ്ക്കാനായിരിയ്ക്കാം അത്യാവശ്യം ട്രാഫിക് ജാം അവിടെയും ഉണ്ടായി. പക്ഷേ റോഡുകൾ എല്ലാം ഒന്നാംകിട, കൊച്ചിയിലെ പോലെ അല്ല. ഓരോ കിലോമീറ്ററിലും തോക്കു ധാരികളായ സിആർപിഎഫ് ജവാൻമാർ ജാഗരൂകരായി നില്ക്കുന്നു. റോഡിൽ പലയിടങ്ങളിലും Dog Squad മണം പിടിച്ച് പരിശോധിക്കുന്നതും കണ്ടു. 80 BN പട്ടാളക്കാർ കാശ്മീരിൽ ജോലി ചെയ്യുന്നുണ്ടത്രെ. ഗൈഡിന്റെ അഭിപ്രായത്തിൽ നമ്മുടെ നാടിന്റെ നികുതിപ്പണത്തിന്റെ മുപ്പത് ശതമാനം കാശ്മീരിനുവേണ്ടി ചെലവാക്കുന്നു പോലും. 4 വർഷമായി കാശ്മീർ പൊതുവെ ശാന്തമാണ് എന്നാണദ്ദേഹത്തിന്റെ അഭിപ്രായം. ടെററിസം കൊണ്ടു നശിച്ചതൊക്കെ വീണ്ടെടുക്കാനാകുമെന്ന പ്രത്യാശയിലാണവർ. മനോഹരിയായ കാശ്മീരിനെ ദൈവം രക്ഷിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിയ്ക്കാം.




ഡാൽലേക്ക്-കാശ്മീർ ടൂറിസത്തിന്റെ അഭിമാനം. മഹാസരിത് എന്ന് പുരാണങ്ങൾ വിശേഷിപ്പിക്കുന്ന ഡാൽതടാകം. കാശ്മീരിലെ ഏറ്റവും വലിയ രണ്ടാമത്തെ തടാകമാണിത്. ഈ ഡാൽതടാകത്തിലെ വഞ്ചിവീട്ടിലാണ് ഞങ്ങളുടെ ഇന്നത്തെ വാസം. വഞ്ചിവീടുകളിലേക്ക് ഞങ്ങൾ ഷിക്കാരയിൽ യാത്രയായി. 4 പേരോ, 6 പേരോ ഒക്കെയെ ഒരു ഷിക്കാരയിൽ കയറൂ. ഒക്കെ നല്ല കുഷ്യനുള്ള സീറ്റുകൾ. പല ഷിക്കാരകളിലായി കയറി ഞങ്ങൾ നിർദ്ദിഷ്ഠ ബോട്ടു ഹൗസുകളിലെത്തി. 3,4,6 മുറികളുള്ളവയാണ് ബോട്ടു ഹൗസുകൾ. ഓരോ മുറിയിലും ഈരണ്ടുപേർക്കു സുഖമായി താമസിയ്ക്കാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. എല്ലാം Bath Attached. കുളി മുറികളിൽ നല്ല ചൂടുവെള്ളത്തിനുള്ള സംവിധാനവുമുണ്ട്. സാധാരണ വീടുകളിലെ പോലെ പുറത്തു വരാന്ത, സ്വീകരണമുറി, ഊണുമുറി, കിടപ്പറകൾ എന്ന രീതിയിൽ തന്നെയാണ് വിന്യസിച്ചിരിക്കുന്നത്. ഒക്കെ cedar wood കൊണ്ടാണ് നിർമ്മാണം. എല്ലാം നന്നായി furnish ചെയ്തിട്ടുണ്ട്. ഒരു ബോട്ടു ഹൗസിൽ നിന്ന്

അടുത്തതിലേക്ക് പോകാൻ പാലവുമുണ്ട്. അദിതി, മോണിംഗ് സ്റ്റാർ തുടങ്ങി നല്ല നല്ല പേരുകളും.

ഹൗസ് ബോട്ടിൽ ഞങ്ങൾ താമസമായി . താമസിയാതെ ഡാൽലേക്കിലൂടെയുള്ള യാത്രയ്ക്ക് ഷിക്കാരകൾ തയ്യാറായി വന്നു. ഷിക്കാരയിൽ കയറുന്നതും ഇറങ്ങുന്നതും നമ്മുടെ വള്ളങ്ങളിൽ കയറും പോലെ തന്നെ. ഇരിപ്പിടങ്ങൾ വ്യത്യസ്തം. ചാരിക്കിടക്കാനുള്ള സംവിധാനമൊക്കെയുണ്ട്. കയറി യാത്ര ചെയ്ത്, ചുറ്റുപാടുമുള്ള മനോഹാരിത ആസ്വദിച്ചു പോകും വഴി, വഴിവാണിഭക്കാർ ചുറ്റും വന്നു തുടങ്ങി. പല പല സാധനങ്ങൾ കുങ്കുമപ്പൂ, വളകൾ, മാലകൾ കൂടാതെ കാശ്മീരി വേഷത്തിലുള്ള ഫോട്ടോ എടുക്കൽ. ഒഴുകി നീങ്ങുന്ന കച്ചവടങ്ങൾ. നന്നായി വിലപേശി സാധനങ്ങൾ വാങ്ങണം. ഫോട്ടോ എടുക്കണമെങ്കിൽ ശിക്കാരയിൽ വച്ചു തന്നെ നമ്മെ അണിയിച്ചൊരുക്കി കാശ്മീരി സുന്ദരിമാരാക്കി വിവിധ പോസുകളിൽ ഫോട്ടോ എടുത്തു തരും. പിന്നെ, നമ്മൾ ഫ്ളോട്ടു ചെയ്ത് സ്ഥിരമായി തീരത്തുള്ള കടകളിൽ നമ്മുടെ ഷിക്കാരക്കാരൻ തീരുമാനിക്കുന്ന കടകളിൽപോയി സാധനങ്ങൾ വാങ്ങാനുമാകും. കയറുന്നതും ഇറങ്ങുന്നതും ഒരു കലതന്നെ. ഷിക്കാരയിലെ യാത്ര, സൂര്യാസ്തമനം, ഒഴുകുന്ന മാർക്കറ്റുകൾ, കച്ചവടക്കാർ, ഫോട്ടോഗ്രാഫർമാർ, ആകെ ബഹളമയം. സുന്ദരം




അതീവഹൃദ്യമായ അനുഭൂതി. സന്ധ്യയുടെ മനോഹാരിതക്ക് മാറ്റുകൂട്ടി, പശ്ചാത്തലം.

ബോട്ടുഹൗസിൽ തിരികെ എത്തിയപ്പോൾ അവിടെയും കച്ചവടക്കാരുടെ കാത്തിരിപ്പ്. ആരൊക്കെയോ, എന്തൊക്കയോ വാങ്ങി വളരെ ബുദ്ധിമുട്ടി അവരെ തിരിച്ചയച്ച് ഞങ്ങൾ അത്താഴത്തിനിരുന്നു. സ്വാദിഷ്ടമായ ഉത്തരേന്ത്യൻ ഭക്ഷണം, നല്ല ആതിഥ്യമര്യാദയോടെയുള്ള വിളമ്പൽ സുഖമായി ഭക്ഷണം കഴിച്ച് സുഖമായി വിശേഷങ്ങൾ പങ്കുവച്ച് സുഖമായി ഇരുന്നു. തണുപ്പിന്റെ ശക്തി കൂടി കൂടി വന്നു. എല്ലാവരും അവരവരുടെ മുറികളിൽ ശരണം പ്രാപിച്ചു. നാളെ പ്രഭാതത്തിലെ യാത്രയെക്കുറിച്ചുള്ള പ്രതീക്ഷയോടെ, തിരക്കിട്ട ഒരു ദിവസത്തെ പരിപാടികളുടെ ഓർമ്മിൽ.

(തുടരും)

*****

*(പേജ് 14ന്റെ തുടർച്ച)*

കാര്യങ്ങൾ ആരോടും അവരെ മുഷിപ്പിയ്ക്കാതെ തന്നെ അവതരിപ്പിയ്ക്കാനുള്ള ആർജ്ജവത്വം, വേണ്ടി വരുന്നിടത്ത് ഉറപ്പിച്ചു പറയുന്ന രീതി, നിശ്ചയദാർഢ്യം, സൗമനസ്യത്തോടെയുള്ള ഇടപെടൽ, സൗഹൃദപൂർണ്ണമായ പെരുമാറ്റം ഇതൊക്കെ അവരുടെ സിദ്ധികളായിരുന്നു. . 'കുമാരി എച്ചു' എന്ന കരയോഗാംങ്ങളുടെ മമ്മി കേൾക്കാതെയുള്ള പ്രയോഗം അവർ ആസ്വദിച്ചിരുന്നു താനും. ഒരിയ്ക്കൽ സ്ത്രീകളുടെ റിഹേഴ്സലിനിടെ 'ഇത് സ്ത്രീകളുടെ പരിപാടിയാണ് പുരുഷന്മാർ പുറത്തു പോകണം' മമ്മി പറഞ്ഞതോടെ ഹാൾ കാലിയായി. വീട്ടിൽ പരിശീലനത്തിന് വരുന്നവർക്കെല്ലാം സ്വന്തം ചിലവിൽ ചായ നാരങ്ങാവെള്ളം ബിസ്ക്കറ്റ്, പഴം അവിൽ നനച്ചത് ഒക്കെ കൊടുത്തിരുന്ന ആ സ്നേഹസമ്പന്ന സമാരാദ്ധ്യയായതിൽ തെല്ലും അതിശയമില്ല.

****

# യോഗ ചതുഷ്ടയം

**എം.ആർ.എസ് മേനോൻ**

*ഭാഗം 5.*

**രാ**ജയോഗത്തിലെ 8 അങ്കങ്ങളിലെ യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ എന്നീ ആറെഎണ്ണം നാം കഴിഞ്ഞ തവണ കണ്ടു കഴിഞ്ഞു അവസാനത്തെ (7, 8) ധ്യാനവും സമാധിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

ധ്യാനത്തിലൂടെ സമാധിയിൽ എത്തുന്നു. ധ്യാനം മറ്റു ചിത്ത വൃത്തികളെ മനസ്സിൽ പ്രവേശിക്കാൻ അനുവദിക്കാത്ത അവസ്ഥയാണ്. വിഷയങ്ങളിൽ നിന്ന് മനസ്സിനെ പൂർണ്ണമായും പിൻവലിച്ച് മനസ്സിനെ ശാന്തമാക്കി പുറത്തേക്ക് വ്യാപരിക്കുന്ന മനസ്സിനെ പരമാത്മാവിൽ ഉറപ്പിച്ച് നിർത്തണം . ധ്യാനത്തിൽ മനസ്സ് ഒരേ വസ്തുവിൽ ഉറച്ച് നിൽക്കണം.

താനി സർവ്വാണി സംയമ്യ യുക്ത ആസീത
മത് പര:

വശേ ഹി യസ്യേന്ദ്രിയാണി

തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ (ഗീത 2/1)

'ഇന്ദ്രിയങ്ങളെയെല്ലാം കീഴടക്കി പരം പൊരുളായ എന്നിൽത്തന്നെ മനസ്സിനെ ഏകാഗ്രമാക്കി വയ്ക്കണം. എന്തെന്നാൽ ആർക്ക് ഇന്ദ്രിയങ്ങൾ സ്വാധീനങ്ങളാണോ അയാളുടെ പ്രജ്ഞ സ്ഥിരമത്രേ '

ആമ അവയവങ്ങളെയെന്ന പോലെ യോഗി വിഷയങ്ങളിൽ നിന്ന് പിൻവലിക്കുമ്പോൾ അപ്പോൾ അയാളുടെ പ്രജ്ഞ സ്ഥിരമെന്ന് ഗീത പറയുന്നു. ധ്യാനം മൂന്നു വിധം ഉണ്ട്.

സ്ഥൂലം ജ്യോതിസ് സൂക്ഷ്മം. സ്ഥൂലം ദേവതയുടെ പ്രത്യക്ഷ ഭാവം. ഇഷ്ടദേവതയെ ഉപാസിച്ച് പ്രത്യക്ഷ അനുഭൂതി ലഭിക്കുന്നു. ജ്യോതിസ് പ്രകാശത്തെ പ്രത്യക്ഷ ഭാവത്തിൽ ഉപാസിക്കലാണ്. സൂക്ഷ്മധ്യാനം രാജയോഗപ്രകാരമുള്ള കുണ്ഡലിനി ധ്യാനം തന്നെ. മൂലാധാരത്തിൽ ഉറങ്ങിക്കിടക്കുന്ന കുണ്ഡലിനി ശക്തി ഉണർന്ന് ആറു ആധാര ചക്രങ്ങളിലൂടെ കടന്ന് അവക്ക് മീതെ സ്ഥിതി ചെയ്യുന്ന സഹസ്രാരപത്മത്തിൽ ശിവനുമായി യോജിക്കുന്നു. യോഗശാസ്ത്രത്തിലെ സമാധി അവസ്ഥ ഇതാണ്. ചിന്തകൾ എല്ലാം നശിക്കുന്നതാണ് സമാധി . ഒരു ചിന്ത മാത്രം നിൽക്കുമ്പോൾ സവികൽപ്പ സമാധിയും ആ ചിന്തയും നശിക്കുമ്പോൾ നിർവ്വികൽപ്പ സമാധിയും. ചിന്തകളുടെ ശൂന്യതക്കും അപ്പുറം സാധകൻ പരമാത്മ ചൈതന്യവുമായി താദാത്മ്യം പ്രാപിക്കുന്നു. ഗുരൂപദേശവും ഗുരു സാന്നിദ്ധ്യവും കൂടാതെ ഒരിക്കലും കുണ്ഡലിനി ശക്തിയെ ഉണർത്താൻ ശ്രമിക്കരുതെന്ന് ആചാര്യന്മാർ പറഞ്ഞിട്ടുണ്ട് മാത്രവുമല്ല യമനിയമാദികളെ ശീലിക്കാതെ ധാരണാ ധ്യാന സമാധികളെ അഭ്യസിക്കരുത്.,

വ്യത്യസ്ഥങ്ങളായ സാധനാ മാർഗ്ഗങ്ങളിലൂടെ പരമപദത്തിൽ എത്തിച്ചേർന്ന വ്യക്തിയായിരുന്നു ശ്രീരാമകൃഷ്ണ ദേവൻ. ഭൈരവി ബ്രാഹ്മണി യിലൂടെ താന്ത്രിക സാധനനകളിലൂടെ അദ്ദേഹം സമാധി അവസ്ഥയിലെത്തി. കുണ്ഡലിനി ശക്തി ഉണർന്ന് ഉയരുമ്പോൾ മൂലാധാരം മുതൽ സഹസ്രാരം വരെയുള്ള ചക്രങ്ങൾ ഒന്നൊന്നായി ഊർദ്ധ്വമുഖങ്ങളും പൂർണ്ണ പ്രസ്ഫുടതങ്ങളും ആകുന്നതും ഉടനുടൻ അപൂർവ്വാനുഭവങ്ങൾ ഉണ്ടാകുന്നതും രാമകൃഷ്ണ ദേവൻ വെളിപ്പെടുത്തിയിട്ടുണ്ടു. രണ്ടു വർഷത്തോളം നിന്ന താന്ത്രിക സാധനയിലെ അപൂർവ്വ അനുഭവങ്ങൾ പലതും അദ്ദേഹം വെളിപ്പെടുത്താത്തത് അവയുടെ

രഹസ്യ സ്വഭാവം കൊണ്ടാകാം. എന്നാൽ അദ്ദേഹം തോതാ പുരിയിൽ നിന്ന് നിർവ്വികൽപ്പ സമാധി അവസ്ഥയിലെത്തിയത് ശ്രീരാമകൃഷ്ണ ലീലാമൃതത്തിൽ വർണ്ണിച്ചിട്ടുണ്ട്. ജ്ഞാനമാകുന്ന ഖഡ്ഗം കൊണ്ട് തൻെറ മുന്നിലുള്ള ജഗംദംബയുടെ മൂർത്തിയെ രണ്ടു തുണ്ടാക്കിയിട്ട് മനസ്സ് നാമരൂപങ്ങളുടെ തലത്തെ അതിക്രമിച്ച് നിർവ്വികൽപ്പ സമാധിയിൽ ലയിച്ചു. തോതാ പുരി കുറച്ച് നേരം കൂടെ ഇരുന്ന ശേഷം പുറത്ത് കടന്ന് വാതിൽ പൂട്ടി. മൂന്ന് പകലും മൂന്ന് രാത്രിയും കടന്ന് പോയി. രാമകൃഷ്ണദേവൻ അതേപടി ഇരിക്കുന്നത് കണ്ട് തോതാ പുരി അത്ഭുതപ്പെട്ടു. പൂട്ടു തുറന്ന് കുടീരത്തിൽ പ്രവേശിച്ചു. ശരീരത്തിൽ പ്രാണസ്പന്ദനമില്ല. എന്നാൽ മുഖം പ്രശാന്തം. ഗംഭീരം പ്രകാശ പൂർണ്ണം. ബാഹ്യ ജഗത്തിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം മൃതാവസ്ഥയിൽ. ചിത്തം ബ്രഹ്മത്തിൽ ലീനമായിരിക്കുന്ന അവസ്ഥ.

നാൽപ്പത് വർഷത്തെ നിരന്തരസാധന കൊണ്ട് ഗുരുനാഥൻ നേടിയത് ശിഷ്യൻ മൂന്ന് ദിനം കൊണ്ട് നേടി. ശിഷ്യന്റെ ശരീരത്തിൽ ഹൃദയ സ്പന്ദനം ശ്വാസോച്ഛ്വാസം എല്ലാം നന്നായി പരിശോധിച്ചു. തടിക്ഷണം പോലെ ചലനമറ്റ ദേഹം. തോതാ പുരി ഉറക്കെ വിളിച്ചു പറഞ്ഞു 'ഇത് ദേവിയുടെ മായയോ? ഇത് നിർവ്വികൽപ്പ സമാധി തന്നെ ' ക്രമേണ മന്ത്രോച്ചാരണം കൊണ്ട് ശിഷ്യനെ സമാധിയിൽ നിന്ന് ഉണർത്തി . മനുഷ്യന് എത്തിച്ചേരാവുന്ന പരമപദത്തിന്റെ ഒരു വർണ്ണനയാണ് ഇവിടെ കാണുന്നത്.

മറ്റ് മൂന്ന് മാർഗ്ഗങ്ങളിൽ നിന്ന് രാജയോഗം വ്യത്യസ്തമാകുന്നത് അത് ഗുരുപദേശം പ്രകാരം മാത്രമേ പരിശീലിക്കാവൂ എന്നതാണ്. അതേ സമയം പ്രത്യക്ഷ അനുഭവം നൽകുന്ന ശാസ്ത്രം കൂടിയാണ്. ഓരോ മനുഷ്യന്റെയും സ്വഭാവത്തിനനുസരിച്ച് ഇഷ്ടമുള്ള യോഗത്തെ സ്വീകരിക്കാവുന്നതാണ്'

*(യോഗ ചതുഷ്ഠയം അവസാനിച്ചു).*

*****

# 10-ാം ചരമവാർഷികം

## 07.12.2022



## എം.കെ. പണിക്കർ

കല്ല്യാൺ, പ്ലോട്ട് നമ്പർ 44
കൃഷ്ണവിഹാർ, കോളനി,
പനമ്പിള്ളി നഗർ,
കൊച്ചി - 682036

*സന്തപ്ത കുടുംബാംഗങ്ങൾ*

# കേരളത്തിലെ കലകൾ

വിദ്വൽപ്രഭ. ജെ. എസ്

(തുടർച്ച)

**നാട്യകല**

നാട്യകല, നയനാനന്ദകരമായ, സർവ്വാകർഷകമായിട്ടുള്ളകലയാണെന്നതിൽ തർക്കമില്ല. കൃഷ്ണനാട്ടം, രാമനാട്ടം, കഥകളി ഈ പ്രാചീനകലാരൂപങ്ങൾ ഇന്നും സുഗമമായി നടന്നു വരുന്നു. നാട്യശാസ്ത്രപ്രകാരമുള്ള നാട്യം, ആചാരവിധിപ്രകാരം ഇന്നും തുടരുന്നു. താളലയം നൃത്തങ്ങൾക്ക് അതിപ്രധാനമാണ്.

നാട്യകലയുടെ സ്ഥായീഭാവം അഭിനയമാണ്. വേഷം, കൈമുദ്ര, ഇവയുടെ സമ്മേളനമാണ് നാട്യം. നടരാജനൃത്തം മുതൽ മയൂരനൃത്തം വരെ ഇന്ന് രംഗത്തുണ്ട്.

കഥകളി കേരളകലയുടെ മുഖമുദ്രയാണ്. വേഷവിധാനം അത്യുജ്ജ്വലമാണ്. കഥകളിപ്പദങ്ങൾ ചൊല്ലിയാടുക രസാവഹമാണ്. വാദ്യപ്രയോഗങ്ങൾക്കുള്ള സ്ഥാനം സുപ്രധാനമാണ്. ശാസ്ത്രീയ സംഗീത പ്രയോഗത്തിന്റെ പ്രധാന കേന്ദ്രവും കഥകളി തന്നെ. നവരസം വിരിയുന്ന അഭിനയം. വാദ്യമേളം, വിഷയം ഇവ ക്രോഡീകരിച്ചുകൊണ്ടുള്ള പ്രധാന നടനകലയാണ് കഥകളി.

കേരളീയദൃശ്യകലകളിൽ അദ്വിതീയസ്ഥാനമാണ് കഥകളിക്കുള്ളത്. ലോകപ്രശസ്തിയാർജ്ജിച്ച കലയാണ് കഥകളി. മറ്റൊരു രാജ്യത്തും ഇല്ലാത്ത ഒരു ദൃശ്യപ്രസ്ഥാനമാണ് കഥകളി. വിദേശരാജ്യങ്ങളിൽ കഥകളി ആസ്വാദകർ ഏറെയാണ്.

ആദ്യം രാമനാട്ടത്തിന്റെ രൂപത്തിൽ മുന്നൂറോളം സംവത്സരങ്ങൾക്കു മുമ്പ് കൊട്ടാരക്കരതമ്പുരാന്റെ പുണ്യസന്താനമായി ജനിച്ച കഥകളി കോട്ടയത്തു തമ്പുരാന്റെ ശിക്ഷണത്തിൽ വളർന്നു പന്തലിച്ചു. ഇന്ന് കേരളം കഥകളിയിലൂടെ ഭൂപടത്തിൽ പ്രശസ്തിയാർജ്ജിച്ചു കഴിഞ്ഞു.

രാത്രിയിൽ മാത്രം നടത്തിപ്പോരുന്ന ഒരു ദൃശ്യകലയാണ് കഥകളി. കേളികൊട്ടാണ് ആദ്യ ചടങ്ങ് ആട്ടവിളക്ക് തെളിച്ചു കഴിഞ്ഞ് ശുദ്ധമദ്ദളവും, ചെണ്ടയും ചേങ്ങലയും, ഇലത്താളവും ഇണങ്ങിച്ചേർന്നുകൊണ്ട് കൊഴുത്തൊരുമേളം. കാണികളെ ക്ഷണിയ്ക്കാനുള്ളതാണത്. കഥകളിപ്രേമികൾ പാഞ്ഞെത്തി പുലരുന്നതുവരെ കണ്ടാസ്വദിക്കും.

മേളക്കാർ പിന്നിലേയ്ക്കു നീങ്ങുന്ന തനസരിച്ച് പല വർണ്ണത്തിലുള്ള തിരശ്ശീല വരും. പാട്ടുകാർ പദം ചൊല്ലിത്തുടങ്ങും. തോടയമാണ് അടുത്തത്. ശംഖനാദം ഉയരുന്നതോടൊപ്പം മേലാപ്പുഞൊറികളും പൊങ്ങുന്നു. നടന്മാർ പദത്തിനനുസരിച്ച് അഭിനയിക്കണം. ഓരോ വാക്കിനും വ്യക്തമായി കൈമുദ്രകൾ കാണിച്ച് അഭിനയിക്കുന്നു. കണ്ണ്, പുരികം, കയ്യ്, മെയ്യ്, കാലുകൾ ഇവയുടെയെല്ലാം ഓരോ ചലനവും താളഗതിയ്ക്ക് യോജിച്ചിരിക്കും. മുഖത്ത് അതാതുരസവും, അതിന്റെ ഭാവവും മിന്നിമറയും. നാട്യഗീതങ്ങളും, നൃത്തവാദ്യങ്ങളും യോജിച്ച് യഥാക്രമത്തിൽ നീങ്ങുന്നു.

ശൃംഗാരം, ഭക്തി, ശോകം തുടങ്ങി ഓരോ രസവും കഥാപാത്രങ്ങളുടെ കയ്യിൽ ഭദ്രമാണ്. പണ്ഡിതരായ നടന്മാർ ഇളകിയാട്ടം വിദഗ്ധമായി ഉപയോഗിയ്ക്കും. പർവ്വത വർണ്ണനം, വനവർണ്ണനം. ആശ്രമവർണ്ണനം ഇവയാണ് ഇളകിയാട്ടത്തിന്റെ വിഷയങ്ങൾ.

വെട്ടത്തുരാജാവും കപ്ലിങ്ങാട്ടു നമ്പൂതിരിയും കഥകളിയുടെ പരിഷ്ക്കർത്താക്കളായിരുന്നു. തിരുവനന്തപുരം കാർത്തിക തിരുനാൾ തമ്പുരാനും അനന്തിരവൻ അശ്വതി തിരുനാൾ തമ്പുരാനും ആട്ടക്കഥകൾ നിർമ്മിച്ചും കവികളെ പ്രോത്സാഹിപ്പിച്ചും അഭിനയിച്ചും കഥകളി പ്രസ്ഥാനത്തിന്റെ പ്രശസ്തിയ്ക്ക് ചുക്കാൻ പിടിച്ചു.

ഉണ്ണായി വാര്യരുടെ നളചരിതം നാലുദിവസത്തെ കഥ ഉത്ഭവിച്ചത് അക്കാലത്താണ്. ഇരയിമ്മൻ തമ്പിയുടെ കഥകളും രംഗത്തവതരിപ്പിച്ചുകൊണ്ടിരുന്നെങ്കിലും ആ കലയളവിൽ കഥകളിയുടെ പ്രശസ്തിക്ക് അല്പം മങ്ങലേൽക്കുകയുണ്ടായി. കഥകളി കലാകാരന്മാർക്ക് ഉത്സാഹവും കുറഞ്ഞു. അതിനൊരു അന്ത്യം കുറിച്ചുകൊണ്ട് രക്ഷകനായി മഹാകവി വള്ളത്തോൾ എത്തി. എല്ലാ കലകൾക്കും ഉയിർത്തെഴുന്നേൽപ്പുണ്ടായി. കഥകളിക്ക് വേണ്ടി ധാരാളം സംഘടനകളും ക്ലബ്ബുകളും രൂപപ്പെടുകയും പ്രസ്ഥാനത്തിന് പുതിയഭാവവും, തിളക്കവും കൈവരികയും ചെയ്തു.

സംഗീതം, സാഹിത്യം, അഭിനയം, നൃത്തം, വാദ്യം എന്നീ സുന്ദരകലകളുടെ സമന്വയമാണ് കഥകളി. കഥകളി സംഗീതം സോപാനരീതിയിലാണ് ആലപിക്കുന്നത്. കേരളത്തിന്റെ മാത്രം സ്വത്താണ് സോപാനം. അക്ഷരസ്ഫുടതയോടും അർത്ഥഭംഗിയോടും ത്തോടും താളരാഗ ശുദ്ധിയോടും പാടികൊടുത്താൽമാത്രമേ അഭിനയം സ്വയം പ്രകാശമാവുകയുള്ളൂ.

കഥകളിയിൽ സംഗീതം ഒരു പ്രധാനോപാധിയാണ്. ഇത് കൃത്യമായി ശാസ്ത്രീയ രാഗങ്ങളിൽ ചിട്ടപ്പെടുത്തിയിട്ടുള്ളതാണ്. കൃഷ്ണനാട്ടത്തിലും രാമനാട്ടത്തിലും ഉള്ളതിലേറെ രാഗങ്ങൾ കഥകളിയിലുൾപ്പെടുത്തിയിട്ടുണ്ട്. താളമേള നിബന്ധമാണിവ.

കഥകളിയിലെ ആദ്യ സാഹിത്യ കൃതി ജയദേവരുടെ ഗീതാഗോവിന്ദമാണെന്നാണ് അഭ്യൂഹം. ഗീതാഗോവിന്ദത്തിനും കൃഷ്ണഗീതിയ്ക്കും സാദൃശ്യങ്ങൾ ഏറെയുണ്ട്. അതിനാൽ അവയ്ക്ക് അഷ്ടപദിയെന്ന പേരുവന്നു. ഭാഗവതം കഥയെ അടിസ്ഥാനമാക്കി കൃഷ്ണനാട്ടം കേരളത്തിൽ പ്രശസ്തമായി.

രാമായണത്തെ ആസ്പദമാക്കി കൃതികൾ തയ്യാറായി. ആ കലയ്ക്ക് രാമനാട്ടമെന്ന് പേരുമായി. അവ മണിപ്രവാള ഭാഷയിലായതിനാൽ സാധാരണ ജനങ്ങൾക്ക് ആസ്വദിക്കാൻ പ്രയാസമായി.

ആട്ടക്കഥാസമ്പ്രദായത്തിൽ മാതൃകാപരമായ മാറ്റങ്ങൾ വരുത്തി കോട്ടയം തമ്പുരാൻ ആട്ടക്കഥയെപരിഷ്ക്കരിച്ചു. ലളിതസുന്ദരമായ അവതരണം സാധാരണ ജനങ്ങളെ കൂടുതൽ ആകർഷിയ്ക്കുകയും കഥകളി ലോകശ്രദ്ധനേടുകയും ചെയ്യ്തു. സമയപരിധിയിലുണ്ടായ മാറ്റം, നീണ്ട രാവില്ലാതെ തന്നെ ആവിഷ്ക്കരിയ്ക്കാമെന്ന നിലപാടിലെത്തി.

വേഷങ്ങളെ പച്ച, കത്തി, താടി, കരി, മിനുക്ക് എന്ന് തരം തിരിച്ചിട്ടുണ്ട്. പാത്രസ്വഭാവമനുസരിച്ചാണ് വേഷം. സാത്വിക സ്വഭാവക്കാർക്ക് പച്ച രജോഗുണ പ്രധാനകൾക്ക് കത്തി, തമോമയപ്രകൃതികൾക്ക് ചുവന്ന താടി, മിനുക്ക് പൊതുവേ സ്ത്രീകൾക്ക്. ആദ്യ കാലത്ത് പുരുഷന്മാർ സ്ത്രീവേഷം കെട്ടിയാടിയിരുന്നു. കലാമണ്ഡലത്തിന്റെ ആവിർഭാവത്തോടെ സ്ത്രീകൾ ഈ രംഗത്ത് ധാരാളമായെത്തി.

കഥകളിയെ പ്രോത്സാഹിപ്പിച്ചവർ രാജാക്കന്മാരും പ്രഭുക്കളുമായിരുന്നതിനാൽ കിരീടകടകാദ്യാഭരണങ്ങൾക്കും വസ്ത്രോത്തരീയാദികൾക്കും ആഡംബരം ഏറെയായിരുന്നു. കൈമുദ്രകളിലൂടെ വേണം കഥകളി രസിയ്ക്കാൻ. അതിൽ നിന്നും മുദ്രയ്ക്കുള്ള പ്രാധാന്യം വ്യക്തമാണ്. കൈമുദ്ര ആംഗ്യം കൊണ്ട് ഏതു വിഷയത്തെക്കുറിച്ചും അന്യോന്യം സംഭാഷണം നടത്താൻ സാധിയ്ക്കും. അഞ്ചു വിരലുകളുടെ അടിസ്ഥാനത്തിൽ പതാകമുദ്ര, കടകം, കഷ്ടി ഇത്യാദി ഇരുപത്തിനാലുമുദ്രകൾ ഭരതമുനി നാട്യശാസ്ത്രത്തിൽ വിധിച്ചിട്ടുണ്ട്. ഇതുകൂടാതെ വേറെയും അഞ്ഞൂറിൽ പരം കൈമുദ്രകൾ ഹൃദിസ്ഥമാക്കിയാലേ ഒരു നടന് ശ്രേഷ്ഠനാകാനാവൂ. ഓരോ വസ്തുവിന്റേയും ആകൃതി, ലക്ഷണം, ഉല്പത്തി ഇവ മനസ്സിലാക്കി മുദ്രകാണിയ്ക്കണമെന്നാണ് നാട്യശാസ്ത്രവിധി.

**രസാഭിനയം**

കണ്ണ്, പുരികം, ചുണ്ട് ഇവയെ ആശ്രയിച്ചാണ് രസാഭിനയം. പ്രത്യേക സാധകത്തിലൂടെയാണ് കണ്ണും പുരികവും ഇച്ഛാനുസരണം ചലിപ്പിയ്ക്കുവാൻ സാധ്യമാകുന്നത്. കൈയ്ക്കൊപ്പം കണ്ണു ചലിപ്പിയ്ക്കണം. കണ്ണു ചലിയ്ക്കുന്നദിക്കിൽ മനസ്സു ചെല്ലണം. എന്നാലെ രസോദയം ഉണ്ടാകൂ. നില്പ്, നടപ്പ്, ഇരിപ്പ് ഇവയെല്ലാം രസപ്രകാശനത്തിൽ ശ്രദ്ധേയങ്ങളാണ്. നടന്മാരുടെ അഭിരുചിയും കഥാപാണ്ഡിത്യവും പ്രധാന ഉപാധികളാണ്.

ജന്മസിദ്ധമായ വാസനയും ശാസ്ത്രവും പ്രഗത്ഭനായ ഗുരുവിന്റെ ശിക്ഷണവും കഠിനാദ്ധ്വാനവും കൈമുതലായുള്ള നടനു മാത്രമേ വിജയിക്കാൻ സാധിയ്ക്കൂ. മെയ് വഴക്കമുള്ളവർക്കെ കഥകളി നടനാകാൻ കഴിയൂ.

ഇടക്കലാശം, എടുത്തുകലാശം, ഇരട്ടിക്കലാശം, അഷ്ടകലാശം, കലാശങ്ങളുടെ വകഭേദങ്ങളാണ്. ചാരി നൃത്തം, കുമ്മിയടി, പന്തടി, പടപുറപ്പാട്, യുദ്ധം ഇവയൊക്കെ കഥകളിയുടെ പ്രധാന ഘടകങ്ങളാണ്.

മദ്ദളം, ചെണ്ട, ചേങ്ങല, ഇലത്താളം എന്നിവയാണ് കഥകളിവാദ്യങ്ങൾ. ചേങ്ങല പാട്ടുകാരന്റെ പ്രധാന വാദ്യമാണ്. ഏറ്റുപാടുന്ന ശിങ്കിടിക്കാരന്റെ താളമാണ് ഇലത്താളം. കഥകളിയ്ക്ക് വാദ്യം ഭക്ഷണത്തിനു വിഭവസമൃദ്ധി പോലെയാണ്.

ചിത്രകലയും കഥകളിയുടെ ഭാഗമാണ്. മനയോല, ചായില്യം, നീലം, മഷി എന്നിവയാണ് ചായമായുപയോഗിയ്ക്കുന്നത്. അവ പാകത്തിന് ചേർത്തിണക്കി ആവശ്യമായി നിറങ്ങൾ ഉണ്ടാക്കുന്നു. അവകൊണ്ടു മുഖത്തെഴുതുന്ന വരകളും കുറികളും ഓരോ കഥാപാത്രത്തേയും സൃഷ്ടിയ്ക്കുന്നു. മുഖമെഴുത്തു നന്നായില്ലെങ്കിൽ നടൻ എത്ര സമർത്ഥനായാലും അഭിനയം ഫലിക്കില്ല. മുഖത്ത് അരിമാവു കൊണ്ട് ചുട്ടിപിടിപ്പിയ്ക്കുകയെന്നത് കഥകളി വേഷത്തിന്റെ പ്രധാന ഇനമാണ്. ചുട്ടിയാണ് നടന്റെ മുഖത്തിന് വലിപ്പവും ആകൃതിഭേദവും വരുത്തുന്നത്. കളി തുടങ്ങുന്നതിനു മൂന്നുമണിക്കൂർ മുമ്പ് ചുട്ടികുത്തൽ ആരംഭിയ്ക്കും. നടന്റെ ഉറക്കവും ചുട്ടികുത്തലും ഒന്നിച്ചു കഴിയും.

ശില്പകാരന്റെ പങ്ക് കഥകളിയിൽ വളരെ വലുതാണ്. കിരീടം, കടകം, അംഗദം, കുണ്ഡലം, ചെവിപ്പൂവ്, കുപ്പായം, ഉത്തരീയം, ഇവയൊക്കെ ശില്പകാരന്റെ കരവിരുതാണ്. ഇവ അണിയിക്കുന്നതും ശില്പിയുടെ നൈപുണ്യമാണ്. ഉടുത്തുകെട്ടിയ്ക്കാനും കലാവാസനയുള്ളവർക്കേ കഴിയൂ.

സംഗീതം, സാഹിത്യം, അഭിനയം, നൃത്തം, വാദ്യം, ചിത്രം, ശില്പം എന്നീ സുന്ദരകലകളെ ഒന്നിച്ചിണക്കിച്ചേർത്തിട്ടു വേണം കഥകളി അരങ്ങേറുവാനെന്നുസാരം. എത്ര പരിഷ്ക്കരിച്ചാലും കേരളത്തനിമയോടു കൂടിയ കലതന്നെയാണ് കഥകളി. നമ്മുടെ സ്വന്തം കല, കഥകളി, ഇന്ന് വിദേശികളുടെ ഇഷ്ടവിഭവമാണ്. കേരളം കഥകളിയുടെ നാട് എന്നാണ് വിദേശരാഷ്ട്രങ്ങൾ കരുതുന്നത്.

*****

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2022 നവംബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | വൽസല എൽ കുമാർ, ഹരിപ്രിയ, ജി. 388, പനമ്പിള്ളിനഗർ, കൊച്ചി - 36 | 15,000/- |
| 2. | വിജയലക്ഷ്മി രാജപ്പൻ നായർ HB/50, Vijaya, 2nd Cross Road, പനമ്പിള്ളി നഗർ, കൊച്ചി - 36 | 8,742/- |
| 3. | രഘു കെ.ആർ, നവനീതം, കണ്ണൻതോടത്ത് ലെയിൻ, ഇടപ്പള്ളി, കൊച്ചി - 24 | 6,728/- |
| 4. | അശോക് കുമാർ, 1 D star paradise 28/839 A3, ചെറുപറമ്പത്ത് റോഡ്, കടവന്ത്ര, കൊച്ചി - 20 | 5,000/- |

# പൊലി മരുന്നുകൾ

യു.എസ്. രവീന്ദ്രൻ – 9496120978

**മൈ**ക്കിളിന് പാർക്കിൻസൺസ് രോഗമായിരുന്നു. അതിന്റെ കൂടെ type 2 പ്രമേഹവും. അതിന്റെ മരുന്നു കഴിച്ചു കൊണ്ടിരുന്നു മൈക്കിൾ. കയ്യിലുള്ള വെളുത്ത കവറിൽ അതിന്റ പ്രിസ്ക്രിപ്ഷൻ ആണ്. ഇംഗ്ലണ്ടിൽ നാഷണൽ ഹോസ്പിറ്റൽ ഫോർ ന്യൂറോളജി ആന്റ് ന്യൂറോ സയൻസ് എന്ന സ്ഥാപനത്തിന്റെ പരീക്ഷണാർത്ഥമുള്ള ചികിത്സയിലാണ് മൈക്കിൾ. ദിവസവും മരുന്ന് കഴിച്ചുകൊണ്ടിരുന്നു. ചികിത്സ തുടങ്ങിയതിനുശേഷം മൈക്കിളിന്റെ രോഗം അത്ഭുതകരമാംവണ്ണം ഭേദമായികൊണ്ടിരിക്കുകയാണ്. സന്ധികളിലെ വേദനകുറഞ്ഞു വരുന്നു. കസേരയിൽ നിന്നും കിടക്കയിൽ നിന്നും അന്യ സഹായമില്ലാതെ തന്നെ എളുപ്പം എണീക്കാം. കൂടുതൽ സമയം നടക്കാൻ സാധിക്കുന്നു. നല്ല മരുന്നാണ് കഴിക്കുന്നതെന്ന് ബോദ്ധ്യം വന്നു. എന്നാൽ ഒരു ഗവേഷണ വിദ്യാർത്ഥി മൈക്കിളിന്റെ മരുന്നിന്റെ പ്രസ്ക്രിപ്ഷൻ വായിച്ചപ്പോഴാണ് അറിയുന്നത് അത് ഒരു പൊലി മരുന്നാണെന്ന്.

മൈക്കിൾ പറയുന്നു എനിക്ക് വിശ്വസിക്കാനാവുന്നില്ല ഇത് ഒരു പൊലി മരുന്നാണെന്ന്. എന്റെ രോഗങ്ങൾക്ക് നല്ല കുറവുണ്ട്.

പൊലി മരുന്നുകൾ (Placibos) എങ്ങിനെ പ്രവർത്തിക്കുന്നു. പൊലിമരുന്നുകൾ ഒരു പഞ്ചസാരഗുളികയോ, സലൈൻ ഇഞ്ചക്ഷനോ, ഏതെങ്കിലും നിറത്തിലുള്ള ശുദ്ധജലമോ ആയേക്കാം. സാധാരണ ഗതിയിൽ നിരുപദ്രവകാരികളായ ഈ പൊലിമരുന്നുകൾ (Placibos) ശരീരത്തിന് ഒരു ഗുണവും ദോഷവും ചെയ്യുന്നില്ല. എന്നാൽ ചിലപ്പോൾ അവ ഫലിച്ചേക്കാം. മൈക്കിളിന്റെ കാര്യത്തിൽ അത് ഫലപ്രദമായിരുന്നു. ഇപ്പോൾ പൊലി മരുന്നു പ്രയോഗങ്ങൾ സാധാരണ മരുന്നുകളേക്കാൾ പരീക്ഷണാർത്ഥം ഫലപ്രദമായിക്കൊണ്ടിരിക്കയാണ്. ഇതുമൂലം മരുന്നുകൾക്കുള്ള അനാവശ്യ ആവശ്യകത കുറയ്ക്കുവാൻ സാധിക്കും. ഈ ചികിത്സാ സമ്പ്രദായത്തിൽ തലച്ചോറ് ശരീരത്തെ ശരിയായ ചികിത്സയാണ് ലഭിക്കുന്നതെന്ന ബോധവൽക്കരണം നടത്തുകയും രോഗങ്ങൾക്ക് ശമനം ലഭിക്കുകയും ചെയ്യുന്നു. നൂറ്റാണ്ടുകാലം മുതൽക്കേ ഡോക്ടർമാർക്ക് ഇതറിയാമായിരുന്നു. എന്നാൽ കഴിഞ്ഞ 50 കൊല്ലങ്ങളിൽ ന്യൂറോളജിസ്റ്റുകൾ പൊലി മരുന്നുകൾ കൊണ്ട് രോഗങ്ങൾ സുഖപ്പെടുത്തുവാനുള്ള കുറുക്കുവഴികൾ കണ്ടുപിടിച്ചു. ഈ കുറുക്കുവഴികൾ അത്ഭുതകരമാണെങ്കിലും ശാസ്ത്രജ്ഞന്മാർ പൊലി മരുന്നു പ്രതിഭാസം യഥാർത്ഥ്യമാണെന്നും തലച്ചോറിന്റെ പ്രവർത്തനം മൂലമാണ് ഇങ്ങനെ സംഭവിക്കുന്നതെന്നും പറയുന്നു. placibo effect മാത്രം കൊണ്ട് നല്ല തോതിൽ തന്നെ രോഗശാന്തിക്ക് കാരണമാകാറുണ്ടെന്നും പറയുന്നു.

ആസ്മരോഗത്തിന് മീൻ വിഴുങ്ങലും വയറ്റിലെ അസുഖങ്ങൾക്ക് ആചാര്യന്മാരെ കൊണ്ട് ഉപ്പ് മന്ത്രം ചൊല്ലി ഊതിപ്പിച്ച ശേഷം കഞ്ഞിവെള്ളത്തിൽ കലക്കി കഴിക്കലും കുട്ടികൾക്ക് പനി വന്നാൽ പാണൽ ചെടിയുടെ കൊമ്പ് പറിച്ച് അതുകൊണ്ട് കുട്ടിയെ 3 പ്രാവശ്യം ഉഴിഞ്ഞ് അടുപ്പിൽ ഇടാറുള്ളതെല്ലാം placibo effect കൊണ്ട് രോഗം മാറ്റുന്ന ചികിത്സയാണ്.

നല്ല വിശ്വാസത്തോടെ കഴിക്കുന്ന പൊലി മരുന്നുകൾ തലച്ചോറിൽ മിന്നൽ പിണരുകൾ ഉണ്ടാക്കി നാഡീവ്യൂഹങ്ങളിൽ നല്ല

ഗുണകരമായ സ്രവണങ്ങൾ ഉണ്ടാക്കുന്നു. യൂണിവേഴ്സിറ്റി ഓഫ് മെറിലാൻഡ് അനസ്തേഷ്യോളജി വിഭാഗം ഡോക്ടർ ലു വാന കൊളാക്കയുടെ അഭിപ്രായമാണിത്. ഒരു ചികിത്സാഗവേഷണത്തിനു 180 കേസുകളിൽ പകുതിയിലധികവും പൊലി മരുന്നു ചികിത്സകൊണ്ട് ഭേദമായത്രേ. പൊലി മരുന്നു ചികിത്സാ ഗവേഷണങ്ങൾ ഇപ്പോൾ കൂടുതൽ നടന്നുകൊണ്ടിരിക്കുന്നു. ദീർഘ കാലമായി പല പല രോഗങ്ങൾക്കും ചികി ത്സക്ക് വിധേയരായവർക്കും പൊലി മരുന്നു ചികിത്സകൊണ്ട് രോഗങ്ങളിൽ നിന്നും മുക്തി നേടാമത്രേ.

ശരീരവും തലച്ചോറും തമ്മിലുള്ള വ്യാപാരങ്ങളിൽ നിയന്ത്രിതമായ പൊലി മരുന്നു പ്രതിഭാസം നാഡീ വ്യൂഹവുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ വേദന, അതിസാരം വിഷാദരോഗങ്ങൾ എന്നീ രോഗങ്ങളുടെ ചികിത്സക്ക് പൊലി മരുന്നു ചികിത്സ ഫലപ്രദമാണെന്ന് കണ്ടിട്ടുണ്ട്. എന്നാൽ വൈറൽ ഇൻഫെക്ഷനെ ചെറുക്കാനോ, കൊളസ്ട്രേൾ കുറയ്ക്കാനോ, ട്യൂമർ കുറയ്ക്കാനോ, ജലദോഷ ബാധയ്ക്കോ ഇത് ഫലപ്രദമല്ല.

പ്രതീക്ഷയാണ് പൊലി മരുന്നു ചികിത്സ ഫലപ്രദമാകാൻ ഏറ്റവും സഹായകം. ഒരു ഗുളിക കഴിച്ചാൽ രോഗം ഭേദമാകും എന്ന പ്രതീക്ഷ അങ്ങിനെ തന്നെ സംഭവിക്കാൻ ഇടയാക്കുന്നു.

2004ൽ നടത്തിയ ഒരു പഠനത്തിൽ താഴെ പറയുന്ന വിവരങ്ങൾ വെളിപ്പെട്ടു കിട്ടിയിട്ടുണ്ട്. ഓപ്പറേഷനുശേഷം വേദന കുറയ്ക്കാൻ മോർഫീൻ ഇഞ്ചക്ഷൻ നൽകി. വേദന കുറയ്ക്കാനാണെന്ന് പറഞ്ഞുകൊണ്ട് ഇഞ്ചക്ഷൻ നൽകിയവരിൽ വേദന കുറഞ്ഞെന്നും രോഗി അറിയാതെ മോർഫിൻ ഇഞ്ചക്ഷൻ നൽകിയവരിൽ വേദന കുറഞ്ഞതായി റിപ്പോർട്ട് കിട്ടിയിട്ടില്ലെന്നും കണ്ടു. മരുന്നിലുള്ള വിശ്വാസം രോഗിയെ രോഗങ്ങളിൽ നിന്നും വിമുക്തരാക്കുന്നു.

മനസ്സിന്റെ ഒരു pharmacological conditioning ലൂടെയാണ് പൊലി മരുന്നു ചികിത്സ ഫലപ്രദമാകുന്നത്. വേദനയുള്ളയാൾക്ക് ആദ്യം ഒരു വേദന സംഹാരിനൽകുന്നു. തുടർന്നു നൽകുന്ന മരുന്നകളെല്ലാം പൊലിമരുന്നുകളായിരിക്കും. ആദ്യം നൽകിയ വേദന സംഹാരിയിലുണ്ടായ വിശ്വാസം പിന്നീട് ഉപയോഗിച്ച പൊലി മരുന്നിലും തുടർന്നു കൊണ്ടു പോകും. അവർ അറിയുന്നില്ല തുടർന്നുപയോഗിച്ചവയെല്ലാം പൊലിമരുന്നുകളാണെന്ന്, വേദന സംഹാരി ഉപയോഗിച്ചപ്പോൾ നാഡീ വ്യൂഹത്തിലുണ്ടായ ശമനപാതകൾ തന്നെ പൊലി മരുന്നു ഉപയോഗിക്കുമ്പോഴും തുടർന്നു വരുന്നതായി കണ്ടിട്ടുണ്ട്. പൊലി മരുന്ന് തലച്ചോറിന്റെ ഒരു പ്രത്യേക ഭാഗത്തെ പ്രവർത്തന ക്ഷമമാക്കുന്ന ഒരു pharmacological memory ആണ്. വിഷാദരോഗത്തിനുള്ള പൊലി മരുന്ന് തലച്ചോറിലെ സിറോടോണിനെ പ്രവർത്തനക്ഷമമാക്കുന്നു. വേദന സംഹാരികൾക്കു പകരമുള്ള പൊലി മരുന്ന് തലച്ചോറിൽ വേദന എത്തിക്കുന്ന നാഡീ വ്യൂഹത്തിന്റെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുകയും ആഹ്ലാദം തരുന്ന വ്യൂഹത്തെ കൂടുതൽ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നു. വേദന സംഹാരികൾ കഴിക്കുന്ന പ്രതീതി വേദന സംഹാരികൾ കഴിക്കാതെ തന്നെ ഉണ്ടാകുന്നു.

കഴിഞ്ഞ രണ്ടു ദശാബ്ദക്കാലമായി ശാസ്ത്രജ്ഞന്മാരും മരുന്നു കമ്പനികളും പൊലി മരുന്നുകൾ വളരെ ഫലപ്രദമാണെന്നും ശരിയായ മരുന്നുകൾക്കുപോലും അതിനെ മറികടക്കാൻ കഴിയുകയില്ലെന്നും മനസ്സിലാക്കിയിട്ടുണ്ട്. ശരിയായ മരുന്നുകൾ മോശമായതുകൊണ്ടല്ല മറിച്ച് ശരീരത്തിനു മുകളിൽ മനസ്സിനുള്ള ശക്തി നൽകാൻ പൊലി മരുന്നുകൾക്ക് കഴിയുന്നതുകൊണ്ടാണിത്. നേരത്തേതന്നെ അംഗീകരിക്കപ്പെട്ട മരുന്നുകളേക്കാൾ ഫലപ്രദമായി പൊലിമരുന്നുകൾ കൊണ്ട് ചികിത്സിക്കാൻ സാധിക്കുന്നു.

എന്നാൽ പൊലി മരുന്നാണ് കഴിക്കുന്നത് എന്നറിയുന്ന രോഗിക്ക് രോഗശമനമുണ്ടാകുമോ? ഡോക്ടർ രോഗിയോട് സത്യസന്ധമായി പറയണം. നിങ്ങൾക്ക് തരുന്ന മരുന്ന് പൊലിമരുന്നാണെന്ന്. ഇത് തീർച്ചയായും ഗുണം ചെയ്യും. അതിസാരം പിടിപെട്ട ഒരു രോഗിക്ക് പൊലി മരുന്നുകൊടുത്തു. രോഗി വിശ്വാസത്തതോടെ കഴിച്ചു. 60 ശതമാനത്തോളം രോഗം ഭേദമായി. എന്നാൽ ഒരു മരുന്നും കഴിക്കാത്തവർക്ക് 30 ശതമാനത്തോളം മാത്രമേ ഭേദമായുള്ളൂ. പൊലി മരുന്നു ചികിത്സയിൽ സത്യസന്ധതയായിരിക്കണം പ്രഥമ കാര്യം. സൂത്രപണി ചെയ്യുകയാണെന്ന ധാരണ ഉണ്ടാകരുത്.

2018ലെ ഒരു കണക്കുപ്രകാരം 13 രാജ്യങ്ങളിലെ 15 ശതമാനം മുതൽ 89 ശതമാനം ഡോക്ടർമാർ പൊലി മരുന്നു ചികിത്സകൾ മാസത്തിൽ ഒരിക്കലെങ്കിലും ചെയ്യാറുണ്ടത്രേ. ഇത് പ്രത്യേകിച്ച് അസുഖമൊന്നും ഇല്ലാതെ എന്തെങ്കിലും മരുന്നു prescribe ചെയ്തു കൊടുത്ത് രോഗിയെ തൃപ്തിപ്പെടുത്താനാണത്രേ.

സാധാരണ രോഗങ്ങൾക്ക് open label placibo തുറന്ന ലേബലോടുകൂടിയ പൊലി മരുന്നുകൾ ഉപയോഗിക്കുക മൂലം ശക്തിയേറിയ മരുന്നുകളുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കുന്നു. എന്നാൽ ഇത് ഫലപ്രദമാകണമെങ്കിൽ രോഗികൾ ഡോക്ടർമാരെ പൂർണവിശ്വാസത്തിലെടുക്കണം. അതിന്റെ കൂടെതന്നെ, ഡോക്ടറെ കാണുക prescription വാങ്ങുക, ചികിത്സഫലപ്രദമാക്കി തീർക്കാൻ സഹകരിക്കുക എന്നതെല്ലാം രോഗി ചെയ്യണം. ഡോക്ടറും രോഗിയും തമ്മിലുള്ള ബന്ധത്തെ ആശ്രയിച്ചാണ് പല രോഗങ്ങളും ഭേദപ്പെടുന്നതിനുള്ള സാധ്യത നിശ്ചയിക്കുക.

ഒരു പഠനത്തിൽ 853 രോഗികളിൽ 85 ശതമാനവും open label pace treatment നെ സ്വാഗതം ചെയ്യുന്നവരാണെന്ന് കണ്ടു. വൈദ്യശാസ്ത്രരംഗത്ത് open label placibo treatment ഒരു പുതിയ ചലനം തന്നെ സൃഷ്ടിക്കും.

ട്രോയ്മാക് എന്ന അമേരിക്കക്കാരൻ കഴുത്തിലും മുഖത്തും വേദന അനുഭവപ്പെടുന്നതു മൂലം ദീർഘകാലം ചികിത്സയിലായിരുന്നു. ഒരു ചികിത്സയും ഭേദമാകാതെ വന്നപ്പോൾ ചികിത്സയ്ക്കു വിധേയമായി. ചികിത്സ ഫലിച്ചു. വേദനയെല്ലാം മാറി. ഇപ്പോൾ പല placibo ചികിത്സയാണെന്നോർക്കുക.

*****


## 2022 നവംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ഉഷ രാമചന്ദ്രമേനോൻ**
L/2492, ഫ്ളാറ്റ് 32,
അമ്പാടി ചേമ്പേഴ്സ്,
ചിറ്റൂർ റോഡ്, കൊച്ചി - 11



**രാജഗോപാൽ എം.**
L/2976, കേളമംഗലത്ത്
എസ്.ആർ.എം.റോഡ്,
കൊച്ചി - 18



**എ.ജി. ഗോപാലകൃഷ്ണ പിള്ള**
L/2740, ഗോകുൽ സിആർഎ 157
ചക്കുങ്കൽ റോഡ്
പാലാരിവട്ടം, കൊച്ചി - 25



**ശേഖർ. ഇ.സി.**
L/0454 മുല്ലോത്ത് മാലാഭവൻ
ഇന്ദിരാനഗർ റോഡ്
കൊച്ചി - 20

# രസതന്ത്രത്തിലെ തന്ത്രിമുഖ്യന്മാർ

സി. രാമചന്ദ്രൻ – 9995820684

ഇരുമ്പ് സ്വർണമാക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് രസതന്ത്രത്തിന്റെ തന്ത്രങ്ങളെ രൂപപ്പെടുത്തിയതെന്ന് പറയുകയുണ്ടായല്ലോ. അനശ്വരജീവിതത്തെ സാധ്യമാക്കുന്ന ഔഷധങ്ങളുടെ അന്വേഷണവും മറ്റൊരു സരണിയായിരുന്നു. ആശയും ആവേശവും പ്രതീക്ഷയുമാണ് അവരെ മുന്നോട്ടു നയിച്ചത്. എന്നാൽ രാസമാറ്റങ്ങളുടെ അടിസ്ഥാനപരമായ ഗുട്ടൻസുകൾ അവർക്കറിയാമായിരുന്നില്ല. ആകെ ആശ്രയിച്ചിരുന്നത് ഗ്രീക്കുകാരുടെ ചതുർഭൂതസിദ്ധാന്തങ്ങളെയോ ഭാരതീയരുടെ പഞ്ചഭൂതസിദ്ധാന്തങ്ങളെയോ ആണ്. പതിനാറാം നൂറ്റാണ്ടിൽ പാരാസെൽസസ് ഗന്ധകം, ഉപ്പ്, മെർക്കുറി എന്നീ 'ഭൂത'ങ്ങളെക്കൂടി അതിൽ ഉൾപ്പെടുത്തി. എന്തിനെയും ചോദ്യം ചെയ്യാനുള്ള വിജ്ഞാനോദയത്തിന്റെ ബലത്തിൽ രാസഭൂതങ്ങളെല്ലാം ചോദ്യം ചെയ്യപ്പെട്ടു. ഇത്തരം സംശയങ്ങളെല്ലാം ഉറഞ്ഞുകൂടി ഘനീഭവിച്ചത് റോബർട്ട് ബോയിൽ എന്ന പ്രമുഖശാസ്ത്രജ്ഞന്റെ 'രസതന്ത്രിയും തന്ത്രവും' എന്ന പുസ്തകത്തിലൂടെയാണ്. ഒരു പദാർത്ഥത്തിന്റെ ഇനിയും വിഭജിക്കാനാകാത്ത അവസാന പദാർത്ഥ കണികയാണ് മൂലകം എന്നദ്ദേഹം പറഞ്ഞു.

ജ്വലനപ്രക്രിയയെക്കുറിച്ച് 18-ാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന ഒരു സിദ്ധാന്തമാണ് ഫ്ളോജിസ്റ്റൺ തിയറി. അത് പഠനങ്ങളെയും ജിജ്ഞാസയേയും ഉദ്ദീപിപ്പിച്ചു. ജ്വലിക്കുന്ന ഒരു വസ്തുവിൽ നിന്ന് ഒഴിഞ്ഞുപോകുന്ന ബാധയാണ് ജ്വാല എന്നതായിരുന്നു വിശദീകരണം. എന്നാൽ ഷീലേ, കാവൻഡിഷ്, പ്രീസ്റ്റ്ലി, ലവോയ്സിയേ തുടങ്ങിയ ശാസ്ത്രജ്ഞന്മാരാണ് ഈ പ്രശ്നത്തിൽ ഇടപെട്ടത്. മെർക്കുറിക്ക് ഓക്സൈഡ് ചൂടാക്കുമ്പോൾ നിറമില്ലാത്ത ഒരു വാതകം പുറപ്പെടുന്നതായി അവർ കണ്ടെത്തി. മെർക്കുറിക് ഓക്സൈഡ് ചൂടാക്കുമ്പോൾ നിറമില്ലാത്ത ഒരു വാതകം പുറപ്പെടുന്തായി, ജോസഫ് പ്രീസ്റ്റ്ലി എന്ന ശാസ്ത്രജ്ഞനും കണ്ടെത്തി. അത് ജ്വലനസഹായിയാണെന്നും അദ്ദേഹം കണ്ടു. എന്നാൽ അതിനെ ശരിയായ രീതിയിൽ മനസ്സിലാക്കിയെടുക്കുവാൻ ഫ്ളോജിസ്റ്റൺ ബാധാവിശ്വാസം അദ്ദേഹത്തെ അനുവദിച്ചില്ല. ലവോയ്സർ എന്ന ഫ്രഞ്ചുശാസ്ത്രജ്ഞനാണ് മുൻവിധികളില്ലാതെ പ്രശ്നത്തെ സമീപിച്ച് ഓക്സിജൻ എന്ന വാതകം കണ്ടുപിടിച്ചത്. ഇത് അന്തരീക്ഷവായുവിലെ ഒരു ഘടകമാണെന്നും അദ്ദേഹം തിരിച്ചറിഞ്ഞു. ഉച്ഛ്വാസവായുവിലൂടെ മറ്റൊരു വാതകം പുറത്തേയ്ക്കു പോകുന്നുണ്ടെന്നും അദ്ദേഹം മനസ്സിലാക്കി. അതിനെ കാർബൺ ഡൈഓക്സൈഡ് എന്ന് ഇന്ന് നമുക്കറിയാം. വിവിധ സംയുക്തങ്ങളെ ഓക്സൈഡുകൾ, ആസിഡുകൾ, ആൽക്കലികൾ, ലവണങ്ങൾ എന്നിങ്ങനെ വേർതിരിച്ചറിഞ്ഞതദ്ദേഹമാണ്. അതുകൊണ്ടദ്ദേഹം ആധുനിക രസതന്ത്രത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്നു. ജ്വലനം ഒരു ബാധ ഒഴിയലല്ല എന്നും ഓക്സിജന്റെ സാന്നിധ്യത്തിൽ ഒരു ഇന്ധനം എരിയുന്നതാണെന്നും അദ്ദേഹം കണ്ടെത്തി.

ഒരു രാസമാറ്റം നടക്കുമ്പോൾ അതിൽ ഉൾപ്പെട്ടിരിക്കുന്ന വസ്തുക്കളുടെ ദ്രവ്യമാനത്തിൽ യാതൊരു മാറ്റവും സംഭവിക്കുന്നില്ല എന്നതും പുതിയ ഒരറിവായിരുന്നു. ദ്രവ്യസംരക്ഷണനിയമത്തിന്റെ രൂപീകരണം മൂലകങ്ങൾക്കും സംയുക്തങ്ങൾക്കും രാസനാമം നൽകുന്ന ഏർപ്പാടിനും മുൻകൈയെടു

ത്തത് ലവോയ്സറാണ്. വായുവും വെള്ളവുമൊന്നും മൂലകങ്ങളല്ല എന്നും അതെല്ലാം വേർപെട്ടും വിഘടിച്ചും മൂലകങ്ങളിലേയ്ക്കെത്തുമെന്നും ഇതിനോടകം തന്നെ ശാസ്ത്രം മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. ലവോയ്സറുടെ കഴുത്ത് ഫ്രഞ്ചു വിപ്ലവം അരിഞ്ഞുതള്ളി.

ഒരു സംയുക്തത്തിലടങ്ങിയ ഘടകങ്ങളുടെ ദ്രവ്യമാനം എല്ലായ്പോഴും കൃത്യമായ അനുപാതത്തിലായിരിക്കുമെന്നും, എങ്ങിനെയുണ്ടാക്കിയാലും അതിൽ മാറ്റമില്ലെന്നും ജോസഫ് ലൂയിസ് പ്രൂസ്റ്റ് എന്ന ഫ്രഞ്ച് ശാസ്ത്രജ്ഞനാണ് കണ്ടുപിടിച്ചത്. രസതന്ത്രത്തെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തുവാൻ പരിശ്രമിച്ച മറ്റൊരു ആദ്യകാല ശാസ്ത്രജ്ഞനാണ് ജോൺ ഡാൾട്ടൻ. അദ്ദേഹം ലളിതമായി വിശദീകരിച്ച തത്ത്വമാണ് ആറ്റമിക് തിയറി. അതിനെ ഇങ്ങനെ നിരത്താം.

ഒരു മൂലകത്തിന്റെ വിഭജിക്കാനാകാത്ത അവസാന തരിയാണ് ആറ്റം.

ആറ്റങ്ങൾ ചേർന്നാണ് മൂലകങ്ങളും, പല മൂലകങ്ങൾ ചേർന്നാണ് സംയുക്തങ്ങളുമുണ്ടാകുന്നത്.

ഒരു മൂലകത്തിനകത്തെ എല്ലാ ആറ്റത്തിന്റെയും ഭാരം തുല്യമായിരിക്കും. ഓരോ മൂലകത്തിന്റെയും ആറ്റമിക്ഭാരം വ്യത്യസ്തമായിരിക്കും.

ഒരു രാസക്രിയയിൽ സംഭവിക്കുന്നത് മൂലകങ്ങളുടെ ചേർച്ചയോ വിഘടനമോ പുനക്രമീകരണമോ ആയിരിക്കും.

ഒരു ആറ്റമിന്റെ ആപേക്ഷികഭാരം കണ്ടുപിടിക്കുവാൻ ഡാൾട്ടൻ ആവിഷ്കരിച്ച തന്ത്രം, പിൽക്കാലത്ത് രസതന്ത്രത്തിന്റെ സൂത്രവിജ്ഞാനമായി മാറി. സംയുക്തങ്ങളുടെ രാസാനുപാത നിയമങ്ങളിലേയ്ക്കെത്തിയതും ഡാൾട്ടനിലൂടെയാണ്.

വൈദ്യുതിയും രാസക്രിയയും തമ്മിലുൾപ്പെട്ട് മാറ്റങ്ങൾക്കു പ്രേരണയാകുന്ന പ്രതിഭാസം ഇതിനോടകംതന്നെ പല ശാസ്ത്രജ്ഞന്മാരുടെയും ശ്രദ്ധയിൽപ്പെടുകയും ഗവേഷണവിഷയമാകുകയും ചെയ്തിരുന്നു. ഹംഫ്രിഡേവി, ജേക്കബ് ബർസേലിയസ് തുടങ്ങിയവർ ആ ശാഖയെ പോഷിപ്പിച്ചു. ജലം, വൈദ്യുത വിശ്ലേഷണം ചെയ്യുമ്പോൾ അതിൽ നിന്ന് ഹൈഡ്രജനും ഓക്സിജനും 2:1 എന്ന അനുപാതത്തിൽ വിഘടിച്ചുവരുന്നെന്നു കണ്ടുപിടിച്ചത് ഗേലുസാക് ആണ്. ഒരേ വ്യാപ്തത്തിൽ പല വാതകങ്ങൾ എടുത്താൽ, അടങ്ങിയിരിക്കുന്ന ആറ്റമുകളുടെ എണ്ണം തുല്യമായിരിക്കുമെന്ന അവഗാഡ്രോയുടെ പരികല്പനയിലേയ്ക്ക് ക്രമേണ എത്തിച്ചേരുകയായിരുന്നു.

രസതന്ത്രത്തിലെ മറ്റൊരു ചോദ്യം അജൈവ-ജൈവ രസതന്ത്രങ്ങളെ സംബന്ധിച്ചായിരുന്നു. കാർബണികജൈവ സംയുക്തങ്ങളായ ജൈവരാസവസ്തുക്കൾക്ക് ജീവചൈതന്യമുള്ളതായി ചിലർ വിശ്വസിച്ചിരുന്നു. തനിരാസവസ്തുക്കളെ, ജൈവരാസവസ്തുക്കളായി മാറ്റാനാകില്ല എന്നും അവർ വിശ്വസിച്ചിരുന്നു. ഫ്രെഡറിക് വോളർ എന്ന ജർമ്മൻ ശാസ്ത്രജ്ഞൻ അമോണിയം തയോസയനേറ്റിനെ യൂറിയയാക്കി മാറ്റിയതോടെ ആ വിശ്വാസം പൊളിഞ്ഞു.

മൂലകങ്ങളെ ചിട്ടപ്പെടുത്തുക എന്നത് ഹംഫ്രിഡേവി മുതലുള്ളവരുടെ മുന്നിലുണ്ടായിരുന്ന ഒരു ദൗത്യമാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിയായപ്പോൾത്തന്നെ അമ്പതോളം മൂലകങ്ങൾ കണ്ടെത്തിക്കഴിഞ്ഞിരുന്നു. അണു ഭാരത്തിന്റെ അടിസ്ഥാനത്തിൽ മൂലകങ്ങളെ പട്ടികപ്പെടുത്തുവാൻ വില്യം പ്രൗട്ട് എന്ന ഒരിംഗ്ലീഷുകാരൻ ശ്രമിച്ചിരുന്നു. മൂലകങ്ങളുടെ അറ്റോമിക ഭാരം ഹൈഡ്രജന്റേതിന്റെ ഗുണിതങ്ങളാണെന്നതും അത്ഭുതകരമായ ഒരു കാഴ്ചയായിരുന്നു. ക്രമത്തിലെഴുതുമ്പോൾ ഏഴു കഴിഞ്ഞ് എട്ടാമത്തേതിന് ഒന്നാമത്തേതിന്റെ സ്വഭാവഗുണങ്ങളുണ്ട് എന്ന നിരീക്ഷണവും ഗൗരവതരമായിരുന്നു. സംഗീതത്തിന്റെ ശ്രുതി എട്ടാംകട്ടയിൽആവർത്തിക്കുന്നതിനുസമാനമായഒരു പ്രതിഭാസം. ഇതിനിടെ ലോതർമെയർ എന്ന ഒരു ജർമ്മൻ ശാസ്ത്രജ്ഞൻ അണുഭാരവും

(ശേഷം പേജ് 32)

# മാനസികാരോഗ്യം

ഡോ. ദേവീദാസ് വെള്ളോടി -9747480903

**എന്താണ് മാനസികാരോഗ്യം:**

**ലോ**കാരോഗ്യസംഘടനയുടെനിർവചന പ്രകാരം ആരോഗ്യം എന്നത് രോഗമില്ലാത്ത അവസ്ഥ മാത്രമല്ല, ശാരീരികവും മാനസീകവും സാമൂഹികവും ആത്മീയവുമായ ക്ഷേമമാണ്.

ഈ നിർവചനപ്രകാരം നമ്മളെല്ലാവരും രോഗികളുടെ കൂട്ടത്തിൽ പെടുന്നു.

അത്ര അധികം മാനസീക സംഘർഷത്തിലൂടെ ആണ് നാമോരോരുത്തരും കടന്നു പോകുന്നത്.

സ്വസ്ഥതയോടെ ജീവിക്കാനും സമചിത്തതയോടെ ഒരു സമൂഹത്തിൽ ജീവിക്കാനും കഴിവുള്ള ഒരു അവസ്ഥയാണ് മാനസികാരോഗ്യം. ഒറ്റ വാക്കിൽ ഇങ്ങിനെ പറയാം എങ്കിലും ഇതു ഉണ്ടാവുക അത്ര എളുപ്പമല്ല.

ഒരു രാജ്യത്തെ ജനങ്ങളിൽ സുരക്ഷിതാബോധം ഇല്ലെങ്കിൽ എങ്ങിനെയാണ് ആ വ്യക്തിക്ക് മനസ്സിന് ഉന്മേഷം ഉണ്ടാകുന്നത്.

അപ്പോൾ ഒരാൾക്ക് സാമാന്യമായ ശാരീരികാരോഗ്യവും, ദിശാബോധവും ശുഭകരമായ കാഴ്ചപ്പാടും സാമൂഹികമായ സ്വസ്ഥതയും അംഗീകാരവും സുരക്ഷാ ബോധവും ഉണ്ടെങ്കിൽ അയാൾക്ക് മാനസികാരോഗ്യം ഉണ്ടെന്നു പറയാം.

ഇപ്പോൾ കാര്യങ്ങൾ അത്ര എളുപ്പമല്ലെന്ന് മനസ്സിലായില്ലേ?

മാനസീക പ്രശ്നങ്ങളെ നമുക്ക് മാനസീക രോഗത്തിൽ നിന്ന് വേർതിരിച്ചു കാണേണ്ടതുണ്ട്.

മാനസിക അസ്വാസ്ഥ്യം അല്ലെങ്കിൽ ആകാംക്ഷ, ടെൻഷൻ എന്നിവ ഇല്ലാത്തവരായി ആരും ഇല്ല. STRESS ഉണ്ടെങ്കിൽ മാത്രമേ നമുക്ക് ഊർജ്ജ സ്വലമായി കാര്യങ്ങൾ ചെയ്യുവാൻ സാധിക്കൂ.പക്ഷെ അമിതമായ ആകാംക്ഷ നമ്മുടെ പ്രവർത്തി ചെയ്യുവാനുള്ള കഴിവിനെ കുറയ്ക്കും.കൺഫ്യൂഷൻ ഉണ്ടാക്കും.എന്ത് ചെയ്യണം എന്ന് അറിയാത്ത അവസ്ഥ നമ്മളിൽ ഭീതി ഉണ്ടാക്കും.അപകർഷതാ ബോധം ഉണ്ടാക്കും.നമ്മൾ ഉൾവലിയും.ഇത്തരം നിരന്തരമായി ഉണ്ടായാൽ നമുക്ക് നിയന്ത്രിക്കുവാൻ ആകാത്ത മാനസിക അസ്വാസ്ഥ്യത്തിലേക്ക്, മാനസിക രോഗത്തിലേക്കു നയിക്കും.

പറഞ്ഞു വന്നത് ടെൻഷൻ, ആകാംഷ എന്നിവ മാനസീക രോഗങ്ങളല്ല.പക്ഷെ അതിർവരമ്പ് തെറ്റിയാൽ ഇതു മാനസീക രോഗത്തിലേക്ക് മെല്ലെ വഴി മാറും.

പെരുമാറ്റക്രമത്തിലൂടെ വ്യക്തമായേക്കാവുന്ന മാനസ്സീകമായ അസാധാരണത്വത്തിനെയാണ് മാനസ്സീകരോഗം (mental disorder) എന്നു വിളിക്കുന്നത്. ഇത്തരം അസ്വാഭാവികത രോഗിയുടെ സംസ്കാരത്തിന്റെ ഭാഗമല്ല എന്ന് പൊതുവിൽ തിരിച്ചറിയാവുന്നതാണ്. രോഗം കാരണമുള്ള വ്യഥയും ബലഹീനതകളും സാധാരണയാണ്.

**മാനസികരോഗങ്ങളുടെ കാരണങ്ങൾ:**

1. വ്യക്തിപരമായ കാരങ്ങളാൽ ഉണ്ടാകാം
2. കുടുംബത്ത് ഉള്ള പ്രശ്ങ്ങളാൽ ഉണ്ടാകാം
3. ദേശീയ തലത്തിലുള്ള സുരക്ഷാ പ്രശ്നങ്ങളാൽ (ഉദാ.യുദ്ധം) ഉണ്ടാകാം
4. ഏതെങ്കിലും രോഗത്താൽ ഉണ്ടാകാം

കോവിഡിൻെറ പശ്ചാത്തലത്തിലുണ്ടായ ഭയം, ആശങ്ക, ഒറ്റപ്പെടൽ, സാമൂഹിക അകലം, അനിശ്ചിതത്വം, മാനസിക പിരിമുറുക്കം, വരുമാന പ്രശ്നം, തൊഴിൽ പരമായ

സമ്മർദ്ദം മുതലായവ മാനസികാരോഗ്യത്തെ വീണ്ടും ദുർബലപ്പെടുത്തുന്ന ഘടകങ്ങളാണ്. കോവിഡ് എന്ന മഹാമാരി മൂലം ഏറ്റവും കൂടുതൽ പ്രയാസം നേരിട്ടത് കുട്ടികളാണ്.

സ്വാതന്ത്രമില്ലായ്മ (സഞ്ചരിക്കാനോ കളിക്കാൻ പോകുവാനോ പറ്റാത്ത അവസ്ഥ), കൂട്ടുകാരെയോ, ബന്ധുക്കളെയോ, അധ്യാപകരെയോ കാണാൻ സാധിക്കാത്തത്.

ലിംഗ ലൈംഗിക ന്യൂനപക്ഷ സമൂഹം കുട്ടിക്കാലം മുതലുള്ള കളിയാക്കലുകൾ ലൈംഗികാതിക്രമങ്ങൾ, ശാരീരിക അതിക്രമങ്ങൾ, മാറ്റി നിർത്തലുകൾ, സ്വയം ആരാണ് എന്താണ് എന്നുള്ള നിരന്തര സമസ്യകൾ. നിർബന്ധിത വിവാഹം, വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്തവർ, കുടംബത്തിൽ നിന്നുള്ള തിരസ്കരണം, പങ്കാളിയെ ലഭിക്കാത്ത അവസ്ഥ ഇത്തരം നിരവധി പ്രശ്നങ്ങളാണ് ഇക്കൂട്ടർ അഭിമുഖീകരിക്കുന്നത്. തന്മൂലം ഉണ്ടാകുന്ന മാനസിക സമ്മർദ്ദം വലുതാണ്..

സ്ത്രീധനത്തിൻറെ പേരിലും മറ്റും വർധിച്ചു വരുന്ന ഗാർഹികപീഡനം, സ്ത്രീകൾക്ക് നേരെയുള്ള മാനസികവും ശാരീരികവും സൈബർ അതിക്രമങ്ങളും കൂടി വരുന്നു

സമൂഹത്തിലെ ഇടപെടലുകൾ, സുഹൃദ് വലയത്തിന്റെയും ബന്ധുക്കളുടെയും പിന്തുണ, സ്വയം സഹായം എന്നിവയും ചികിത്സയുടെ ഭാഗമാണ്. രോഗിയുടെ സമ്മതമില്ലാതെ തന്നെ ചില കേസുകളിൽ നിയമമനുവദിക്കുന്ന രീതിയിൽ തടഞ്ഞുവച്ചുള്ള ചികിത്സ ആവശ്യമായി വരും. അസുഖത്തെ ഒരു കളങ്കമായി സമൂഹം കാണുന്നതും വിവേചനവും രോഗി അനുഭവിക്കുന്ന വ്യഥയെ വർദ്ധിപ്പിക്കും.

മാനസികരോഗാശുപത്രികൾ, സൈക്കിയാട്രിസ്റ്റുകൾ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, സൈക്കിയാട്രിക് സമൂഹപ്രവർത്തകർ തുടങ്ങിയ വിദഗ്ദർ അതുപോലെ തന്നെ കൗൺസിലിംഗ്, ഹിപ്നോട്ടിസം, ഹിപ്നോതെറാപ്പി, യോഗ, മെഡിറ്റേഷൻ, മ്യൂസിക് തെറാപ്പി തുടങ്ങിയവ ഒക്കെ മാനസികരോഗ്യ ചികിത്സയുടെ ഭാഗങ്ങളാണ്.




മാനസ്സികരോഗങ്ങൾക്ക് തലച്ചോറിലെ പ്രത്യേക ഭാഗങ്ങളോടോ നാഡീവ്യൂഹത്തിന്റെ മറ്റു ഭാഗങ്ങളോടോ ബന്ധമുണ്ടായിരിക്കും. ഇത്തരം വ്യാധികളെ മനസ്സിലാക്കുന്നതും ചികിത്സിക്കുന്നതും മറ്റും കാലാകാലങ്ങളായി മാറിവരുന്നുണ്ട്.പണ്ട് കണ്ടിരുന്ന മുഴുഭ്രാന്ത് ഇപ്പോൾ ഇല്ലാ എന്ന് തന്നെ പറയാം. അല്ലെങ്കിൽ ശരിയായ ചികിത്സ കിട്ടാത്തതിനാലാണ് ഈ രോഗികൾക്ക് മുഴു ഭ്രാന്ത് വരുന്നത്. മാനസികാരോഗ്യ സംബന്ധമായ അസുഖങ്ങളുടെ പട്ടികയിൽ

ലോകാരോഗ്യസംഘടന (WHO) അമിത ലൈംഗിക ആസക്തിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്

**പരിഹാരം:**

1. **ആശയം പങ്കുവെക്കൽ:**

   ഒരാൾക്ക് ഉണ്ടാകുന്ന മാനസിക പ്രയാസങ്ങളെ നല്ല സുഹൃത്തുക്കളോടോ ജീവിത പങ്കാളിയോടോ മാതാപിതാക്കളോടോ പങ്കു വെക്കുവാൻ കഴിഞ്ഞാൽ തീർച്ചയായും അയാൾക്ക് പൂർണമായും ആ മാനസിക പ്രശ്നത്തിൽ നിന്ന് കര കയറുവാൻ കഴിയും. പല പ്രശ്നങ്ങളും ഒരു തുറന്നു പറച്ചിലിലൂടെ മാറും.നമ്മൾ ഒറ്റക്കല്ല, സഹായത്തിന് ബന്ധുക്കളോ സുഹൃത്തുക്കളോ ഉണ്ടെന്ന

തോന്നൽ അവരെ പ്രശ്നങ്ങൾ നേരിടാൻ പ്രാപ്തരാക്കും.

2. മാനസിക രോഗത്തിന് ചികിൽസിക്കുക എന്നത് ഒരു കുറച്ചിലായി കാണരുത്. എത്ര വലിയ മാനസിക പ്രശ്ങ്ങൾക്കും ചികിൽസിക്കാനുള്ള ശക്തമായ മരുന്നുകൾ ഇന്ന് ലഭ്യമാണ്. പെട്ടെന്ന് തന്നെ ആശ്വാസം ലഭിക്കും.

3. തുടർചികിത്സ നിർബന്ധമായാണ്. പെട്ടെന്ന് ചികിത്സ നിർത്തരുത്. ഡോക്ടറുടെ നിർദ്ദേശാനുസാരണം കൃത്യമായി മരുന്നുകൾ കഴിക്കണം. പല രോഗികളും സ്വന്തം തീരുമാന പ്രകാരം മരുന്ന് നിർത്തുന്നത് വലിയ പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്.

4. സ്വന്തം ഗൃഹത്തിൽ നിന്നും സമൂഹത്തിൽ നിന്നുമുള്ള പിന്തുണ വളരെ അത്യാവശ്യമാണ്. അവരെ മാനസിക രോഗികളായി മുദ്ര കുത്താതെ ജീവിതത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരിക ആണ് വേണ്ടത്.

5. അവർക്കു പറ്റുന്ന രീതിയിൽ ജോലി ചെയ്യുവാനുള്ള സൗകര്യം സർക്കാർ കൊടുക്കണം.തീവ്രമായ രോഗമുള്ളവരെ 'disabled' വിഭാഗത്തിൽ പെടുത്തി സഹായിക്കണം.

6. ഓർക്കുക.. മാനസിക രോഗം മറ്റു രോഗത്തെ പോലെ ഒരു രോഗമാണ്.അതിനു ചികിത്സ ഉണ്ട്.

*****

( പേജ് 29ന്റെ തുടർച്ച)

ആപ്തവും ബന്ധപ്പെടുത്തി ഒരു ചാർട്ട് പ്രസിദ്ധീകരിച്ചു. ഭാവി പുരോഗതിയുടെ അടുത്തപടിയായിരുന്നു അത്.

സർഗവൈഭവധനനായ ദിമിത്രിമെന്റലേവാണ് മൂലകങ്ങളെയും അതിന്റെ ആറ്റമുകളെയും അതിന്റെ അണുഭാരത്തിനനുസരിച്ച് അണിനിരത്തുകയും സ്വഭാവമനുസരിച്ച് കള്ളികളിലാക്കി ക്രമീകരിക്കുകയും ചെയ്തത്. രസതന്ത്രത്തിൽ ഒരു വിപ്ലവത്തിനു കളമൊരുങ്ങുകയായിരുന്നു. പ്രപഞ്ചത്തിന്റെ താളവും ശ്രുതിയും മൂലകങ്ങളുടെ അണുഭാരത്തിന്റെ താരസ്ഥായിയിൽ നിന്നാരംഭിക്കുന്നു എന്ന അത്ഭുതം. അന്നുവരെ കണ്ടിട്ടില്ലാത്ത മൂലകങ്ങൾക്കുവേണ്ടി കൂടി മെന്റലേവ് കള്ളികൾ ഒഴിച്ചിട്ടു. അത് അതിലേറെ അത്ഭുതമായിരുന്നു. മൂലകങ്ങൾ കൂടിചേർന്ന് സംയുക്തമാകുന്നതിനുപലോത്ബലകമായ നിയമങ്ങളും ഈ പട്ടികയിൽ അന്തർലീനമായിരുന്നു. ലോഹശുദ്ധീകരണം ധാതുശുദ്ധീകരണം തുടങ്ങിയ മേഖലകളിൽ പുതിയ അറിവുകൾ ഉടൻ പ്രതിഫലിച്ചു.

യാന്ത്രികഭൗതിക വാദം രസതന്ത്രത്തിൽ വരുത്തിയ കാതലായ മാറ്റങ്ങളാണ് കാലഘട്ടത്തെ വിലയിരുത്തുമ്പോൾ പ്രധാനമായും കാണാൻ കഴിയുന്നത്. സ്വർണ്ണം നീറ്റിയെടുക്കുക, മൃതസഞ്ജീവനി വാറ്റിയെടുക്കുക, ഉത്തേജകഔഷധങ്ങളെ ഉത്പതിച്ചെടുക്കുക തുടങ്ങിയ കാല്പനിക പദ്ധതികൾ അതോടെ അസ്ഥിരപ്പെട്ടു. രാസക്രിയകൾ നിയമാധിഷ്ഠിതമായി ചിട്ടപ്പെട്ടു. ബാക്കണിന്റെയും ദക്കാത്തിന്റെയും ചിന്തകൾ രസതന്ത്രത്തിൽ സമീകൃതമായി.

ഭൂതപ്രേതപിശാചുക്കൾ രസതന്ത്രത്തെ വിട്ടൊഴിഞ്ഞു. ഡാൾട്ടനും മെന്റലേവും ചേർന്ന് രസതന്ത്രത്തിൽ നിന്ന് ബാധകളെ ഒഴിപ്പിച്ചു. രാസവളങ്ങളും കീടനാശിനികളും ലോഹങ്ങളും ധാതുക്കളും വൻതോതിൽ ഉത്പാദിപ്പിച്ച് മനുഷ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് അടിസ്ഥാനമിട്ടു. കൃഷിയും വ്യവസായവും വിപുലീകരിക്കപ്പെട്ടു. രസതന്ത്രം ശാസ്ത്രത്തിന്റെ ഒരു വലിയ ശാഖയായി മാറി.

അടുത്ത വൈജ്ഞാനിക വിപ്ലവത്തിൽ ആറ്റമുകളെയും തകർത്തുകൊണ്ട് ശാസ്ത്രം മുന്നേറുന്നത് ആശ്ചര്യകരമായ മറ്റൊരു കാഴ്ചയായി വരുംകാലത്ത് നമുക്ക് കാണാം.

*****

# കർമ്മോത്തേജനം

ഡോ. കെ. ഹരിഹരൻ - 9847313322

*(തുടർച്ച)*

**കാ**രണം പര്യാപ്തവും ഉചിതവും ശക്തിമത്തുമല്ലെങ്കിൽ കാര്യമുണ്ടാവില്ല. ലക്ഷ്യം തിരഞ്ഞെടുത്ത് അതിനുചിതമായ മാർഗ്ഗം തീർച്ചപ്പെടുത്തിക്കഴിഞ്ഞാൽ പിന്നെ നമുക്ക് ലക്ഷ്യത്തെ വിസ്മരിക്കാം. എന്തെന്നാൽ മാർഗ്ഗം കോട്ടമറ്റതായാൽ ലക്ഷ്യപ്രാപ്തി പിന്നാലെ വന്നുകൊള്ളും. കാരണമുള്ളയിടത്ത് കാര്യത്തെച്ചൊല്ലി ബുദ്ധിമുട്ടേണ്ടിവരില്ല. കാര്യം ഉണ്ടായേ മതിയാവൂ. ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരമാണ് കാര്യം, അതിനുള്ള മാർഗ്ഗമാണ് കാരണം. അതിനാൽ മാർഗ്ഗം ശരിയാക്കുന്നതിൽ ശ്രദ്ധിക്കുകയാണ് ജീവിതവിജയത്തിന്റെ മഹത്തായ രഹസ്യം. നമുക്ക് കർമ്മം ചെയ്യേണ്ടതുണ്ട്. നമ്മുടെ സകലശക്തികളും ഉപയോഗിച്ചു നിരന്തരം കർമ്മത്തിലേർപ്പെടണം. ചെയ്യുന്ന പ്രവൃത്തി എന്തായാലും നമ്മുടെ മുഴുവൻ മനസ്സും അതിൽ വ്യാപരിക്കണം. അതേ സമയം നാം ആസക്തരാകരുത്. അതായത് മറ്റൊരു ചിന്തയും നമ്മെ ആ കർമ്മത്തിൽ നിന്നും മറ്റൊരു വഴിക്ക് വലിക്കരുത്, എങ്കിലും നമുക്ക് വേണമെന്നുള്ളപ്പോൾ ആ കർമ്മം ഉപേക്ഷിച്ച് പോകാനും കഴിയണം.

ആസക്തിയാണ് നമ്മുടെ എല്ലാ സുഖങ്ങളുടേയും ഉറവിടം. നാം നമ്മുടെ സ്നേഹിതരിലും, ബന്ധുക്കളിലും ആസക്തരാണ്, നമ്മുടെ ബുദ്ധിപരവും ആദ്ധ്യാമികവുമായ പ്രവൃത്തികളിൽ ആസക്തരാണ്. തത്ഫലമായി അവയിൽ നിന്നും നമുക്ക് സുഖം ലഭിക്കുന്നു. ഇനി ദു:ഖമുണ്ടാക്കുന്നതും ഈ ആസക്തിയിൽ നിന്നു തന്നെയാണ്. നാമെല്ലാം യാചകന്മാരാണ്. എന്തുചെയ്താലും നമുക്കു പ്രതിഫലം വേണം. നാമെല്ലാം കച്ചവടക്കാരാണ്. നാം ജീവിതംകൊണ്ട് കച്ചവടം നടത്തുന്നു. കഷ്ടമെന്നു പറയട്ടെ, സ്നേഹത്തെപോലും നാം കച്ചവടസാധനമാക്കിയിരിക്കുന്നു.

ഏത് ശക്തിക്കും പ്രവർത്തിക്കണമെങ്കിൽ ആ പ്രവർത്തനരംഗത്തിനനുസരിച്ചുള്ള ഒരു ഉപാദി കൂടാതെ കഴിയുകയില്ല. പുറമേ നിന്നോ, ഉള്ളിൽ നിന്നോ പുറപ്പെടുന്ന ഒരു പ്രചോദന ശക്തിയുടെ ഊർജ്ജം നമ്മുടെ പ്രവൃത്തികളെ പൂർണ്ണവും ആനന്ദദായകവുമാക്കാൻ അനിവാര്യമാണ്. പ്രചോദനം അഥവ മോട്ടിവേഷൻ എന്ന മാന്ത്രിക ചോദനയുടെ അസാധാരണമായ തള്ളൽ ജീവിതത്തിൽ അനുഭവയോഗ്യമാകുമ്പോഴാണ് ആ വ്യക്തിയുടെ വിജയം സംഭവിക്കുന്നത്. എന്ത് കർമ്മം ചെയ്യുമ്പോഴും നാം പെട്ടെന്ന് മാനസികമായും, ശാരീരികമായും തളർന്നുപോകാൻ ഇടയുണ്ട്. പരിശ്രമബദ്ധമായ ജോലികൾ മാത്രമല്ല ഇവിടെ സൂചിപ്പിക്കപ്പെടുന്നത്, വിനോദസങ്കൽപ്പങ്ങൾക്കു പോലും ഇടക്ക് ഈ നിറം മങ്ങൽ സംഭവിക്കുന്നു. പലതും നാം തുടങ്ങി പൂർത്തീകരിക്കാത്ത സന്ദർഭങ്ങൾ അനവധി ഉണ്ടാകും. സ്വയം തീരുമാനിച്ച് ഇറങ്ങി പുറപ്പെടുന്ന ദിനചര്യയോ, വ്യായാമമോ, ഏതോ ദുർബല നിമിഷത്തിൽ നാം തുടങ്ങി വെച്ച ഭാഷാപഠനമോ ഒക്കെ ഒരു നിമിഷം കൊണ്ട് ചെയ്യാൻ സാധിക്കാതെ പെട്ടെന്ന് തളർന്നു പോകുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നാം സ്വയം പ്രചോദിതരാവുകയോ (self motive)ബാഹ്യകേന്ദ്രങ്ങളിൽ നിന്നുള്ള പ്രചോദനത്താൽ ഉത്തേജിതരാവുകയോ ചെയ്യാതെ ഈ മാനസിക തടസ്സത്തിൽ നി ന്നും മോചിതരാവുകയില്ല.

ഇന്ന് സമൂഹത്തിൽ പ്രചോദനവഴികളെക്കുറിച്ച് പറഞ്ഞു തരുന്ന അനേകം പണ്ഡിതന്മാരും പുസ്തകളും, സോഷ്യൽ മീഡിയകളുമൊക്കെ സുലഭമാണ്. അവയിൽ നിന്നും അനുയോജ്യമായ മാർഗ്ഗങ്ങൾ നമുക്ക് തെരെഞ്ഞെടുക്കാം, എന്നാൽ നമ്മുടെ ആന്തരാത്മാവിന്റെ അല്ലെങ്കിൽ വ്യക്തിപരമായ ഈഗോയുടെ തുറന്ന മനസ്സിന്റെ

പിൻബല മില്ലാതെ ഇവയൊന്നും പ്രവർത്തന യോഗ്യ മാവുകയില്ല. പുറമേ നിന്നുള്ള അത്ഭുതകരമായ ഒരു തള്ളലിനു വേണ്ടി നാം കാത്തു നില്ക്കുകയാണ്. സത്യത്തിൽ ഈ തള്ളൽ ബാഹ്യമായ മാദ്ധ്യമങ്ങളുടെ സഹായത്തോടെ നാം തന്നെ ഉണർത്തി വിടുന്ന ഒന്നാണ് പ്രചോദനം അഥവ മോട്ടിവേഷൻ എന്ന ശക്തി. ഒരു കർമ്മയോഗിയെ സംബന്ധിച്ചിടത്തോളം വളരെ സുപ്രധാനമായ ഒരു വസ്തുതയാണിത്.

ഒരു ലക്ഷ്യത്തിലേക്കുള്ള ഈ കുതിരപ്പാകട്ടെ ശ്രദ്ധയും സർഗ്ഗാത്മകമായ അദ്ധ്വാനവും കൂടിച്ചേർന്ന ഒന്നാണ്. സ്വയം പ്രചോദിതരാകുന്നതിന്റെ ഒരു തലത്തിലേയ്ക്കു പരിവർത്തനപ്പെടാനുള്ള തയ്യാറെടുപ്പും മനശ്ശക്തിയും ആദ്യം ഒരുക്കിയെടുക്കുക. ഹൃസ്വകാലത്തേക്കുള്ള ഒരു താത്കാലിക പ്രചോദനമായി അതിനെ കാണേണ്ടതില്ല. നിതാന്തമായ ഒരു നീക്കത്തിനുള്ള ശക്തിയാർജ്ജിക്കാൻ പ്രചോദനം നമ്മെ സഹായിക്കും. ചെറിയ കാര്യത്തിലെ ചെറിയ വിജയമാകാം നമുക്ക് നാളെ വലിയ ലക്ഷ്യത്തിലെത്താനുള്ള പ്രചോദനമാകുന്നത്. അനുഭവത്തിലാണ് പ്രചോദനശക്തി കൂടിയിരിക്കുന്നതെന്ന് നാം അറിയണം. വികാരം ഭാവനയായും ഭാവന പ്രവൃത്തിയായും വളർന്ന് പൂർണ്ണമാകുംവരെ പ്രചോദന ശക്തിക്ക് വിശ്രമമുണ്ടാകില്ല.

സ്വന്തം മോട്ടിവേഷനെ എങ്ങനെ വഴിതിരിച്ച് വിടണമെന്നും അതിന്റെ രൂപം എന്തായിരിക്കണമെന്നുമൊക്കെ വ്യക്തിതന്നെയാണ് തീരുമാനിക്കേണ്ടത്. ആദ്യം നിങ്ങളുടെ അഭിലാഷത്തെ അറിയുക. നിങ്ങൾക്ക് ആത്മാർത്ഥമായും അത് സാക്ഷാത്കരിക്കാൻ ആഗ്രഹമുണ്ടോ എന്ന് സ്വയം വിലയിരുത്തുക. ലക്ഷ്യത്തെപ്പറ്റിയുള്ള ആ വ്യക്തത തന്നെ പ്രചോദനമായി നിങ്ങൾക്ക് അനുഭവപ്പെട്ടു തുടങ്ങും.

സംശയങ്ങളേയും അവിശ്വാസങ്ങളേയും അകറ്റി നിറുത്തിക്കൊണ്ടുള്ള ഒരു മുന്നേറ്റത്തിലേക്ക് നിങ്ങൾ സ്വയം നയിക്കപ്പെടും. ലക്ഷ്യത്തെ നിരന്തരം മനസ്സിലാക്കുക എന്നതാണ് മനശാസ്ത്രപരമായ ഒരു പ്രചോദന രീതി. പുറമേ നിന്നുള്ള മററിവുകളും പലപല കോണുകളിൽ നിന്നുള്ള പ്രചോദനത്തിന്റെ നിന്തര ഇടപെടലുകളും നിങ്ങളുടെ കർമ്മത്തെ കൂടുതൽ വിശാലവും അതോടൊപ്പം തന്നെ കേന്ദ്രീകൃതവുമാക്കിത്തീർക്കുന്നു. ആന്തരിക ശക്തിയാൽ സ്വയം ബോധവാനാകുക. അദ്ധ്വാനത്തിന് സ്വയം സന്നദ്ധമാകുമ്പോൾ നിങ്ങൾ ഉത്തേജിക്കപ്പെട്ടു എന്ന് ഉറപ്പിച്ചു പറയാം.

ലക്ഷ്യത്തെ മനസ്സിൽ നിരന്തരം ഊട്ടിയുറപ്പിച്ചുകൊണ്ടുള്ള ഈ ദീർഘയാത്രയിൽ നിങ്ങൾ ഒരിക്കലും തളരില്ലഎന്നതാണ് വാസ്തവം. നിങ്ങളിലെ ആന്തരികശക്തി അതിന്റെ സർവ്വവിധ ഊർജ്ജസന്നാഹങ്ങളുടേയും പ്രവർത്തനോത്സുകമാകുന്ന ആ അമൂല്യനിമിഷത്തെയാണ് ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നത്. ഉടലിലെ ഓരോ കോശത്തിൽ നിന്നും ഉണർന്നു വരുന്ന ആ സർഗ്ഗാത്മക ശക്തിയുടെ പിൻബലം ഉണ്ടെങ്കിൽ പിന്നെ നിങ്ങൾക്ക് അസാദ്ധ്യമായി ഒന്നും ഉണ്ടാവുകയില്ല.

*(തുടരും)*


## എറണാകുളം കരയോഗാംഗത്വമെടുക്കൂ
## സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**

# കൈകേയി

അംബുജാക്ഷി. പി. – 9447577652

*(തുടർച്ച)*

'അയ്യോ' എന്ന് കരഞ്ഞുകൊണ്ട് മകൻ വെട്ടിയിട്ട മരം പോലെ നിലത്തു വീണു, ഞാനോടിച്ചെന്ന് ഉണ്ണിയെ എഴുന്നേൽപ്പിക്കാൻ ശ്രമിച്ചു. പക്ഷെ വീണ്ടും കുമാരൻ നിലത്തേക്കുതന്നെ ചാഞ്ഞു.

പൊട്ടിപൊട്ടി കരഞ്ഞുകൊണ്ട് ഉണ്ണി പറയാൻ തുടങ്ങി.

'ഇന്ദ്രതുല്യനായ എന്റെ പിതാവ് ഇല്ലാതായോ ഞാനിനി എങ്ങനെ ജീവിക്കും? അയോദ്ധ്യയിലെ മൂകത കണ്ടപ്പോൾ ഞാനിത്രയൊന്നും കരുതിയില്ലല്ലോ".

'ഉണ്ണി, മഹാരാജാവിന്റെ മകനാണ് നീ, എല്ലാ കാര്യങ്ങളിലും നല്ല അറിവും ഉണ്ട്. മരണം എല്ലാ ജീവികൾക്കും സാധാരണമാണ്. അനിവാര്യവും. ഇങ്ങനെ ദുഖിക്കരുതേ എഴുന്നേൽക്കു മകനേ'.

എത്ര ശ്രമിച്ചിട്ടും ദു:ഖം നിയന്ത്രിക്കാൻ ഭരതന് കഴിഞ്ഞില്ല. കുറെയേറെ കരഞ്ഞു കരഞ്ഞ് ഒന്നടങ്ങിയപ്പോൾ ഭരതൻ പതുക്കെ എഴുന്നേറ്റു.

'അമ്മേ, ജ്യേഷ്ഠൻ എവിടെ? ഇനി എനിക്ക് പിതാവും ജ്യേഷ്ഠനും സുഹൃത്തും ഒക്കെയായി അദ്ദേഹമല്ലേയുള്ളൂ, എപ്പോഴും അമ്മയുടെ കൂടെ നടന്ന് യുദ്ധതന്ത്രങ്ങൾ മനസ്സിലാക്കാറുള്ള എന്റെ ജ്യേഷ്ഠനെവിടെ? ഞാൻ ഭാഗ്യം കെട്ടവൻ. ജ്യേഷ്ഠനും ലക്ഷ്മണനും അച്ഛനെ അന്ത്യകാലത്ത് യഥാവിധി ശുശ്രൂഷിക്കാനും സംസ്ക്കരിക്കാനുമൊക്കെ ഭാഗ്യം ഉണ്ടായല്ലോ?

ഇങ്ങനെ എണ്ണിയെണ്ണിപ്പറയുന്ന ഭരതന്റെ സ്നേഹത്തിനു മുന്നിൽ ഞാനൊന്നു പകച്ചു. എങ്കിലും അതു പുറത്തു കാണിക്കാതെ ഞാൻ അറിയിച്ചു.

'ഉണ്ണീ, നിന്റെ പിതാവ് രാമാ, ലക്ഷ്മണാ, സീതേ എന്ന് വിളിച്ചുകൊണ്ടാണ് പരലോകം പ്രാപിച്ചത്.'

'എന്ത് അപ്പോൾ അവരൊന്നും ഇവിടെയില്ലേ? എവിടെയാണ്? മിഥിലയിലാണോ? വേഗം പറയൂ.' അവശതയോടെ ഭരതൻ ചോദിച്ചു.

ഉണ്ണി ഇങ്ങനെ സങ്കടപ്പെടാതെ. നിനക്കേറ്റവും പ്രിയപ്പെട്ട കാര്യമാണ് ഞാൻ പറയാൻ പോകുന്നത്. അവർ മൂന്നുപേരും ജടാവല്കലങ്ങൾ ധരിച്ച് ദണ്ഡകാരണ്യത്തിലേക്ക് പോയി'. ഞാൻ ഉത്സാഹത്തോടെ പറഞ്ഞു. 'അവരെ നാട്ടിൽ നിന്ന് പുറത്താക്കിയതല്ല നിന്റെ പിതാവിന്റെ വാക്കുപാലിക്കാൻ വേണ്ടിയാണ് അവർ വനവാസം സ്വീകരിച്ചത്. നിൻെറ പിതാവ് സ്ത്രീശുല്കമായി എനിക്ക് രണ്ടുവരങ്ങൾ നൽകിയിരുന്നു. മാത്രമല്ല, മഹാരാജാവ് അപകടത്തിൽ പെട്ടപ്പോഴൊക്കെ ഞാൻ അദ്ദേഹത്തിന്റെ ജീവൻ രക്ഷിച്ചിട്ടുണ്ട്. ആ സമയത്തൊക്കെ അദ്ദേഹം ശപഥം ആവർത്തിക്കാറുണ്ടായിരുന്നു.' ഞാൻ ഒന്നു നിർത്തി. ഉണ്ണിയുടെ മുഖം കോപവും ശോകവും കൊണ്ട് കനത്തു.

ഞാൻ തുടർന്നു. ഇവിടെ രാമാഭിഷേകം നിശ്ചയിച്ചപ്പോൾ ഞാൻ ആ വരങ്ങൾ ആവശ്യപ്പെട്ടു. സത്യവ്രതനായ അദ്ദേഹം എന്റെ ആവശ്യം അംഗീകരിച്ചു. അതനുസരിച്ചു. രാമൻ സീതാസൗമിത്രിമാരോടൊപ്പം കാട്ടിലേക്ക് പോയി. നിന്നെക്കാത്ത് അയോദ്ധ്യയിലെ സിംഹാസനവും ഇവിടെയുണ്ട്. സത്യം പാലിക്കുന്ന രാജാവ് പുത്രവിയോഗം താങ്ങാനാവാതെയാണ് സ്വർഗ്ഗം പൂകിയത്. ഇനി നിനക്ക് ശത്രുബാധയില്ലാതെ ഈ വലിയ സാമ്രാജ്യം ഭരിക്കാം. അതിനുള്ള ഒരുക്കങ്ങൾ നടക്കട്ടെ. ഉണ്ണിക്കും സന്തോഷമായില്ലേ നമ്മുടെ വംശത്തിനു വേണ്ടിയാണ് ഞാനിത്രയൊക്കെ ചെയ്തത്.

ഞാൻ നോക്കുമ്പോൾ കുമാരൻ കണ്ണടച്ച് ചെവി പൊത്തിക്കൊണ്ട് നിൽക്കുകയായിരുന്നു. കോപംകൊണ്ടും താപം കൊണ്ടും എരിപൊരികൊള്ളുന്ന ഉണ്ണി എന്നെ നോക്കി

ഗർജ്ജിച്ചു. ഹേ പരമദുഷ്ടേ, നിങ്ങൾ കാരണം അയോദ്ധ്യാധിപൻ മരിച്ചു. അയോദ്ധ്യ നശിച്ചു. ഞാൻ ലോകത്തിൽ ഏററവും പരിഹാസ്യനായി മാറി. ഇനിയെനിക്ക് ജീവത്യാഗമാണ് ഭേദം. നിങ്ങളുടെ സ്വാർത്ഥതക്ക് ഞാൻ കൂട്ടുനിൽക്കില്ല. ഒന്നുകിൽ പിതാവിനെ, അല്ലെങ്കിൽ ജ്യേഷ്ഠനെ അനുഗമിക്കും. എന്റെ ജ്യേഷ്ഠന് മുനിവേഷം നൽകി. മഹാലക്ഷ്മിയെപ്പോലുള്ള സീതാദേവിക്ക് താപസീ വേഷവും. പാവം ലക്ഷമണൻ വധുവായ ഊർമ്മിളയെ വിട്ട് കല്ലും മുള്ളും നിറഞ്ഞ കാട്ടിലേക്ക് പോയി. ഞാനെങ്ങനെ ശത്രുഘ്നനെ കാണും ദേവീസമാനയായ വലിയമ്മയും സുമിത്രാദേവിയും എന്നെ നിന്ദിക്കുമല്ലോ...ഒന്നു നിർത്തിയശേഷം ദൃഢസ്വരത്തിൽ ഉണ്ണി തുടർന്നു. ഇല്ല ഞാൻ ദശരഥ മഹാരാജാവിന്റെ മകനാണ്. രാമദേവന്റെ അനുജനും. ഞാൻ രാജ്യം സ്വീകരിക്കുകയില്ല. എനിക്ക് രാജ്യം വേണ്ട.

എന്റെ നേരെ കൈചൂണ്ടിക്കൊണ്ട് പറഞ്ഞു. എന്നെ പ്രസവിച്ച പിശാചിനി നിങ്ങൾ എന്റെ അമ്മയല്ല. കൗസല്യാദേവിയും സുമിത്രാദേവിയുമാണ് ഇനി എന്റെ അമ്മമാർ. ആ സ്വാർത്ഥതയുടെ വയറിൽ കിടന്ന ഞാൻ മഹാപാപിയാണ്. ആ പാപം കളയണം എനിക്ക്. ഇനി ഞാൻ നിങ്ങളുടെ മുഖത്തു നോക്കില്ല. അമ്മേ എന്ന് വിളിക്കില്ല ആ പേരുപോലും ഉച്ചരിക്കില്ല. മാത്രമല്ല, എന്റെ സഹോദരസ്നേഹത്തിന്റെ പേരിൽ ഞാൻ നിങ്ങളെ ശപിക്കുന്നു. ലോകത്തിൽ ഒരു പെൺകുട്ടിക്കും നിങ്ങളുടെ പേര് ഇടാതിരിക്കട്ടെ.

എന്റെ ഉണ്ണി പൊട്ടിപ്പൊട്ടിക്കരയാൻ തുടങ്ങി. സഹോദരന്മാരുടെ വനയാത്രയും പിതാവിന്റെ മരണവും കുമാരനെ വല്ലാതെ തളർത്തിയിരിക്കുന്നു. എന്റെ ഉള്ളും നീറിത്തുടങ്ങി. ഞാൻ ഇത്രയൊന്നും പ്രതീക്ഷിച്ചിരുന്നില്ല.

ഉണ്ണിയുടെ സന്തോഷം മാത്രം. പക്ഷേ, ദുഖം കൊണ്ടു തളർന്ന കുമാരൻ ഉഗ്രസ്വരത്തിൽ വീണ്ടും പറഞ്ഞു.

എന്നെ അപമാനിച്ച്, അധപ്പതിപ്പിച്ച് ശോകക്കടലിൽ താഴ്ത്തിയല്ലോ. ഇനി എനിക്കെന്തിന് രാജ്യം അച്ഛനെ കൊന്നു. ജ്യേഷ്ഠനെ നാടുകടത്തി. ഈ വിശുദ്ധകുലത്തെ അടയോടെ തകർക്കാൻ വന്ന കാളരാത്രിയാണ് നിങ്ങൾ. ഇനി ധർമ്മാത്മാവായ രാമനാണ് എനിക്ക് ആശ്രയം. ഈ പെറ്റമ്മയെ ഞാൻ വെറുക്കുന്നു. ഇനി ഞാൻ എന്റെ ജ്യേഷ്ഠനെ തിരിച്ചു വിളിച്ചുകൊണ്ടുവന്ന് അഭിഷേകം ചെയ്യും.

ഭരതൻ തേങ്ങിത്തേങ്ങിക്കരഞ്ഞു. ആ വിലാപം കൊട്ടാരമെങ്ങും അലയടിച്ചു. ഉണ്ണി ഇങ്ങനെ കരയുന്നതു കണ്ടപ്പോൾ എനിക്കും വേദന തോന്നി. എല്ലാം തകിടം മറയുന്നുവോ എല്ലാം പ്രതീക്ഷകൾക്കു വിപരീതമായി സംഭവിക്കുന്നല്ലോ. ഒന്നും പറയാനാവാതെ ഞാൻ തരിച്ചു നിന്നു.

എന്റെ അമ്മയായ നിങ്ങൾ തീയിൽ ചാടുകയോ, നാടുവിടുകയോ, തൂങ്ങിച്ചാവുകയോ എന്തു വേണമെങ്കിലും ചെയ്യാവൂ. എനിക്കിനി നിങ്ങളെ കാണണ്ട. ഇനിയെന്റെ കണ്ണിൽപ്പെട്ടാൽ ഈ ഭരതൻ മാതൃഹന്താവാണെന്ന് കേൾക്കേണ്ടി വരും. രഘുവംശത്തിന് അങ്ങനെയൊരു അപകീർത്തിയുണ്ടാവരുത്.

(തുടരും)

*****

മിനിക്കഥ

ഉണ്ണിവാരിയത്ത്

# അനുഭവിക്കാതിരിക്കട്ടെ

ഞാൻ കവിയല്ല, ഗായകനുമല്ല, പക്ഷേ, നിലാവിനെ നോക്കി നിന്നാൽ എന്നിൽ കവിതയും സംഗിതവും ഉണരും അവൻ പറഞ്ഞു.

ആരെയോ അവൻ പ്രണയിക്കുന്നുന്നെ് മനസ്സിലായി. പക്ഷേ, അവൻ എഴുതിയത് വായിക്കാനോ ആലപിച്ചത് ആസ്വദിക്കാനോ അവൾക്ക് താല്പര്യമില്ലായിരുന്നു.

അതൊരു ഏകദിശാ പ്രണയം

നിലാവ് ഇപ്പോൾ അവനെ സൂര്യതാപത്തേക്കാൾ പൊള്ളിക്കുന്നത്രെ അനുഭവിച്ചവർക്കേ അതറിയൂ എന്നും അനുഭവിക്കാതിരിക്കട്ടെ എന്നും അവൻ പറയുന്നു.

# ജീവിത ചിന്തകൾ

ഇന്ദിര ഗോപിമോഹൻ - 9847022564

## ഈശ്വരനും മനുഷ്യനും

**ഈ**ശ്വരൻ നമ്മളെ അനുഭവിപ്പിച്ച് ഓരോന്നും പഠിപ്പിക്കുന്നു. രക്ഷിക്കാൻ വേണ്ടി ഇടയ്ക്ക് ശിക്ഷിക്കുകയും ചെയ്യുന്നു. വെറുതെ ആരേയും ദൈവം ശിക്ഷിക്കുകയില്ല. നമ്മുടെ രക്ഷകനല്ലേ ദൈവം. നമ്മൾ സത്യത്തിന് വില കൽപിക്കണം. നൂറുശതമാനവും സത്യമായി പറയുന്ന ആരുമില്ലെങ്കിലും 99ഉം സത്യമായി പറയുന്ന ആളുകളുണ്ട്. അവർക്ക് അത്രയ്ക്ക് മനസ്സമാധാനവും കിട്ടും. ഉദാ- നമുക്ക് വിഷമം വന്നാൽ ആരോടെങ്കിലും പറയാൻ കഴിഞ്ഞാൽ മനസ്സാമാധാനം കിട്ടുന്നു. അതേ സമയം ആരോടും ഒന്നും പറയാതെ ഒളിച്ചു വെച്ചാൽ നമ്മുടെ മനസ്സിനേയും ശരീരത്തേയും അത് ബാധിക്കും. പക്ഷേ നമ്മുടെ മനസ്സമാധാനത്തിനുവേണ്ടി മനസ്സ് തുറന്നു പറയുന്നത് അത്രയും വിവരമുള്ള ആളുടെ അടുത്തായിരിക്കണം. ഇല്ലെങ്കിൽ അത് നമുക്ക് തന്നെ പ്രശ്നമുണ്ടാക്കും. കാരണം കേൾക്കുന്ന ആൾക്ക് ബുദ്ധിയില്ലെങ്കിൽ കാര്യങ്ങൾ തിരിച്ച് മറിച്ച് അവരുടെ ബുദ്ധിക്കനുസരിച്ച് പറയും. എല്ലാറ്റിലും സത്യമുണ്ടായാൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാം. നമ്മളിൽ സത്യമുണ്ടെങ്കിൽ എവിടേയും തല കുനിക്കേണ്ടി വരില്ല.

ഒരു പാട് കാര്യങ്ങൾ പറയുന്ന ആൾക്കാരെ നമുക്ക് കാണാം. പക്ഷേ പ്രവൃത്തിയിൽ കാണിക്കാൻ അത് ചിലർക്ക് പറ്റുന്നില്ല. നമ്മുടെ സ്വാർത്ഥതയാണ് ഇതിന് കാരണം. സ്വാർത്ഥതയിൽ നിന്ന് രക്ഷപെടണം. ഒരു കുടുംബത്തിൽ ഭാര്യയും ഭർത്താവും അന്യോന്യം കളവുപറയുകയും കള്ളത്തരം ചെയ്യുകയുമരുത്. ചില ഭാര്യാഭർത്താക്കന്മാരുടെ പരാതി കേൾക്കാം. എന്നോട് ഒന്നും പറയുകയില്ലെന്ന്. സത്യം പറയാത്തത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കണം. എന്തെങ്കിലും മണ്ടത്തരങ്ങൾ പറയുകയോ കാണിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അടിക്കാനും വഴക്കിടാനും ഒരുങ്ങുന്ന ഭാര്യാഭർത്താക്കന്മാർ ഉണ്ട്. ഇങ്ങനെ പെരുമാറുന്നതുകൊണ്ടാണ് സത്യം പറയാൻ ജീവിത പങ്കാളികൾ അന്യോന്യം മടിക്കുന്നത്. അതിനുപകരം, കേൾക്കുന്ന യാൾ എന്തുതന്നെയായാലും ക്ഷമയോടെ കേ ൾക്കാൻ ഒരുങ്ങണം. തെറ്റു പറ്റിയത് തുറന്നു പറയുമ്പോൾ തെറ്റുകൾ ആവർത്തിക്കാതി രിക്കാനുള്ള മാനസിക നില അവരിൽ വരുന്നു. ഭാര്യാഭർത്താക്കന്മാർ ഒരു മനസ്സായി ജീവിക്കണം. ഒരിക്കലും ഭാര്യയും ഭർത്താവും ഭൂതകാലം പറഞ്ഞ് കലഹിക്കരുത്. വർത്തമാനവും ഭാവിയും മാത്രം ചർച്ചചെയ്യുക. നേരത്തെ ആരും വാക്ക് കൊടുത്തിട്ടല്ല ഒന്നിക്കുന്നതെന്ന് ഓർക്കുക. സമയമാകുമ്പോൾ ഈശ്വരൻ ഒന്നിപ്പിക്കുന്നതാണ്. പലരുടേയും ജീവിത പങ്കാളിയെപ്പറ്റിയുള്ള സങ്കൽപ്പം തെറ്റാണ്. ഭാര്യയ്ക്കോ, ഭർത്താവിനോ ഏതെങ്കിലും ഒരാൾക്ക് കുറച്ചധികം ബുദ്ധികാണും. ആരാണോ കാര്യങ്ങൾ നേർവഴിയിലാക്കുന്നത് അയാൾ മറ്റേ ആളെയും നേർവഴിയിൽ കൊണ്ടുവരണം. എന്നിട്ട് എല്ലാം പങ്കുവെച്ച് ജീവിക്കണം.

അർഹതയില്ലാത്തത് ഒരിക്കലും നമ്മൾ സ്വീകരിക്കരുത്. സമ്പത്തിന്റെ കാര്യത്തിൽ മാത്രമല്ല അർഹതയുള്ളതും ഇല്ലാത്തതും പല കാര്യങ്ങളിലുമുണ്ട്. നമുക്ക് ജീവിക്കാൻ അത്യാവശ്യമായ വായു പോലും ഒരു പ്രാവശ്യം ശ്വസിക്കേതിനു പകരം രണ്ടുപ്രാവശ്യം ശ്വസിച്ചാൽ ശ്വാസം മുട്ടുന്നു. നമുക്ക് എല്ലാ കാര്യത്തിലും ഈശ്വരൻ ഒരു പരിധി വച്ചിട്ടുണ്ട്. ഓരോ വ്യക്തിയും അവർക്ക് യോജിക്കുന്നതേ സ്വീകരിക്കാവൂ. ഉദാ- ഭക്ഷണം കഴിക്കുകയാണെങ്കിൽ ശരീരം നന്നാവണം എന്നു കരുതി ഒരു പാട് കഴിച്ചാൽ ദഹനക്കേടായിരിക്കും ഫലം. ഒരു വസ്ത്രം ധരിക്കുകയാണെങ്കിൽ അത് നമുക്ക് ചേരുന്നത് ആയിരിക്കണം. ഇല്ലെങ്കിൽ കോമാളിയാകും. ഇനി ഒരു വീട് ഉണ്ടാക്കുകയാണെങ്കിൽ അയാളുടെ വരുമാനം കൊണ്ട് അതിന്റേതായ കാര്യങ്ങൾ ചെയ്യാൻ പറ്റുമോ എന്ന് നോക്കിയിട്ടേ തുടങ്ങാവൂ. എല്ലാം ഉണ്ടാക്കിയാൽ പോരാ, അത് കൊണ്ടുനടക്കാനും നമുക്ക് കഴിയണം.

എങ്ങനെയെങ്കിലും കാര്യങ്ങൾ ചെയ്താൽ അധികം നിലനിൽപ്പുണ്ടാവുകയില്ല. അതിന് ശേഷമുള്ള കാര്യങ്ങൾ നോക്കിയിരിക്കുക.

അച്ഛനമ്മമാർ മക്കളെ വളർത്തി വലുതാക്കി സാധാരണ ഗതിയിലാണെങ്കിൽ വിവാഹം കഴിപ്പിക്കുന്നു. അപ്പോൾ ഒരു കുടുംബത്തിൻെറ ചുമതലയാണ്ഏറ്റെടുക്കുന്നതെന്ന് ഓർമ്മവേണം. നല്ല ദിവസവും സമയവും നോക്കി വിവാഹം കഴിപ്പിക്കുന്നത് ജീവിതം കൊണ്ട് കളിക്കാനല്ല എന്നോർക്കുക. നമ്മൾ നല്ല ഒരു മാതൃക ആദ്യമേ കാണിച്ചു തുടങ്ങണം. അതിന് ആദ്യമേ വേണ്ടത് കുടുംബത്തിലുള്ളവരുടെ സ്ഥാനങ്ങൾ നമ്മൾ മറക്കാതിരിക്കുക എന്നതാണ്. എല്ലാവർക്കും ഓരോരോ സ്ഥാനങ്ങൾ ദൈവം നിശ്ചയിക്കുന്നതാണ്. അത് തെറ്റിക്കാതിരിക്കുക. നമ്മൾ കൃത്യമായും ഇരിക്കേണ്ട സ്ഥാനത്ത് ഇരിക്കുകയും വേണം. ഭർത്താവിനാണെങ്കിൽ അച്ഛൻ, അമ്മ, കൂടപ്പിറപ്പുകൾ, ഭാര്യ മക്കൾ എന്നിങ്ങനെ വരുന്നു കുടുംബബന്ധങ്ങൾ. ഭാര്യക്കാണെങ്കിലും അച്ഛൻ, അമ്മ, കൂടപ്പിറപ്പുകൾ, ഭർത്താവ്, മക്കൾ എന്നിങ്ങനെ വരുന്നു കുടുംബബന്ധങ്ങൾ. എല്ലാവരോടും നമ്മൾക്കുള്ളത് സ്നേഹമാണെങ്കിലും വ്യക്തിബന്ധങ്ങൾക്കും സ്വഭാവത്തിനും അനുസരിച്ചേ സ്നേഹം പ്രകടിപ്പിക്കാൻ കഴിയൂ. ഭാര്യാഭർത്താക്കന്മാർക്ക് അന്യോന്യം സ്നേഹമുണ്ടെങ്കിൽ അവരുടെ കുടുംബങ്ങൾ വേർതിരിവ് കാണിക്കില്ല. ഒരു വിവാഹം രണ്ട് വ്യക്തികൾ തമ്മിലാണെങ്കിലും അവർ വളർന്നു വന്ന കുടുംബങ്ങൾ തമ്മിലുള്ള ബന്ധം കൂടിയാണിത് എന്നോർക്കണം. സ്ത്രീക്ക് പുരുഷനേക്കാൾ ഉയരാൻ പാടില്ല എന്നില്ല. മറിച്ച് മനോഭാവം കൊണ്ട് അതായത് സ്ത്രീ താങ്ങായി പുരുഷനെ നേർവഴിയിൽ നയിക്കണം. സ്ത്രീയാണ് ഞാൻ എന്ന് ഓർമ്മവേണം എന്നതാണ്. പിന്നെ ഒരു കാര്യമുള്ളത് തകരാറുകൾ എപ്പോഴും സംഭവിക്കാൻ സാദ്ധ്യത ഏറെ സ്ത്രീ ശരീരത്തിനാണ്. അതോർമ്മവേണം. പുരുഷന് പൗരുഷവും സ്ത്രീയ്ക്ക സ്ത്രീത്വവും തന്നെയാണ് വേണ്ടത്. ചില പൗരുഷം കാണിക്കുന്ന സ്ത്രീകളെ കാണാം. മറിച്ച് സ്ത്രൈണഭാവം കാണിക്കുന്ന പുരുഷന്മാരെയും കാണാം. ഇത് രണ്ടും സുഖമുള്ളതല്ല പുരുഷനു വില കൽപ്പിക്കാത്ത കുടുംബത്തിന് സ്വസ്ഥത കാണില്ല. കഴിവില്ലാത്ത പുരുഷനാണെങ്കിലും സ്ത്രീ താങ്ങായി പിന്നിൽ നിൽക്കണം. ഇലയും പൂവും പോലെ. അർഹതയുള്ള സ്ഥാനത്ത് നമ്മൾ ഇരിക്കാതെ പൊങ്ങിയാലും താഴ്ന്നാലും വില നശിച്ചു പോകും. എല്ലാവരും അവരവരുടെ സ്ഥാനത്ത് ഇരുന്നാൽ കുടുംബത്തിൽ മനസ്സമാധാനം കിട്ടും. നമ്മൾ എവിടെ എത്തണമെന്ന് ഈശ്വരൻ നിശ്ചയിച്ചിട്ടുണ്ട്. അവിടെ എത്തും തീർച്ചയാണ്. കുടുംബത്തിൽ നമ്മൾ കശപിശ ഉണ്ടാക്കേണ്ട കാര്യമില്ല. ഓരോരുത്തരും അവരവരുടെ കർമ്മങ്ങൾ ചെയ്യുക. ഇതൊന്നും മനസ്സിലാക്കാതെ മായാലോകത്ത് ജീവിക്കുകയാണെങ്കിൽ അനുഭവിച്ച് പഠിച്ച് യഥാർത്ഥ ലോകത്തിലേക്ക് നമ്മൾ മടങ്ങിവരും. ഇതൊരു സത്യമാണ്. ചെയ്ത കർമ്മങ്ങൾക്ക് ഫലം തരാതെ ദൈവം വിടില്ല. അതുകൊണ്ട് നല്ല കർമ്മങ്ങൾ ചെയ്താൽ ഫലവും നന്നാകും. ദുർമാർഗ്ഗങ്ങൾ നമ്മൾ ഒരിക്കലും സ്വീകരിക്കരുത്. ദുർമാർഗ്ഗങ്ങൾ പലതുമുണ്ട്. പുകവലി, മദ്യപാനം, വ്യഭിചാരം, കളവ്, കൊല, ചതി എന്നിങ്ങനെ പലതും. ഈ ലോകത്ത് ആർക്കും ആരെയും അടിച്ചമർത്താൻ ഒക്കില്ല. എങ്കിലും ജീവിതം നിയന്ത്രിക്കാൻ നമ്മൾ ഓരോരുത്തരും പഠിക്കണം. ഇല്ലെങ്കിൽ നാളെ അതിന്റെ ഫലം ഓരോ വ്യക്തിയും തന്നെയാണ് അനുഭവിക്കുക. ഇതും നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന സത്യങ്ങളാണ്.

അതുകൊണ്ട് ശ്രദ്ധിക്കുക തന്നെ വേണം. യാതൊരു നിയന്ത്രണവുമില്ലാതെ ജീവിക്കുന്നവരെ രോഗങ്ങൾ കീഴടക്കുന്നു. അതോടെ നമ്മൾ ഈശ്വരന് കീഴടങ്ങുന്നു. ഓരോ വ്യക്തിക്കും ഓരോ സാഹചര്യത്തിലായിരിക്കും ഈശ്വരനിൽ അഭയം പ്രാപിക്കേണ്ടിവരിക. അവസാനമെങ്കിലും ഈശ്വരനെ വിളിക്കാത്ത ആരും ഉണ്ടാവില്ല. ഇത് ആദ്യമേ വിളിച്ചിരുന്നെങ്കിൽ നമ്മുടെ ജീവിതം നമുക്ക് ആനന്ദിച്ച് അനുഭവിക്കാമായിരുന്നു. ദുർമാർഗ്ഗത്തിൽ സഞ്ചരിച്ചാൽ ജീവിതം അവസാനിക്കുന്നതിനു മുമ്പുതന്നെ ഒന്നും ഉപേക്ഷിക്കാൻ തയ്യാറാവാത്ത നമ്മൾ പലതും ഉപേക്ഷിക്കേണ്ടിവരും. അതിലും നല്ലത് നമ്മുടെ മനസ്സിനെ നിയന്ത്രിച്ച് അമിത സുഖങ്ങളെല്ലാം ഒഴിവാക്കുന്നതല്ലേ പുകവലികൊണ്ട് എന്തു നേടുന്നു. ഒരു ബീഡിയോ സിഗരറ്റോ കഴിയുന്നതു വരെയുള്ള എന്തോ ഒരു സുഖം ഇത്രയും സമയത്തെ സുഖം കൊണ്ട് അതിലും അധികം സമയം ദുഖം കിട്ടുന്നു. കാരണം ഇതിന്റെ പുക ശരീരത്തിൽ അത്രയും കേടുകൾ വരുത്തിയിട്ടുണ്ടാകും.

*****

# ആത്മാനം ചേൽ വിജാനീയാത്

## എൻ. രാജശേഖരൻ

*( ഒന്നാം ഭാഗം )*

**ബൃ**ഹദാരണ്യകോപനിഷത്തിലെ ഒരു മന്ത്രത്തിന്റെ സാരം ചിന്തിക്കാനാണ് ഈ ലേഖനത്തിലൂടെ ഞാൻ ഉദ്യമിക്കുന്നത്

അതിനു മുഖവുരയായി എന്താണ് ബ്രഹ്മവിദ്യയിൽ വേദത്തിന്റേയും പ്രത്യേകിച്ചു ഉപനിഷത്തുകളുടേയും സ്ഥാനമെന്നു ഒന്നു പരിശോധിക്കാം.

പ്രത്യക്ഷം, അനുമാനം, അർത്ഥാപത്തി, ഉപമാനം, അനുപലബ്ധി, ലൗകികശബ്ദം എന്നിവയൊക്കെ പോലെ തന്നെ വേദവും ഒരു ജ്ഞാനസാധനമാണ്. അതായത്, ഈ അഞ്ചു തരത്തിലുള്ളവയെ പോലെ വേദവും ഒരു പ്രമാണമാണ്. പ്രമ അല്ലെങ്കിൽ അറിവു നൽകുന്നത് എന്നാണ് പ്രമാണത്തിന്റെ പദാർത്ഥം.

'മ'എന്നാൽ അറിവ്. അതിനോടു 'പ്ര'എന്ന ഉപസർഗം ചേരുമ്പോൾ പ്രമ എന്ന പദം നിഷ്പന്നമാകുന്നു. 'പ്രമായാ കാരണഭൂതത്വാത്' പ്രമാണം.

ഓരോ പ്രമാണത്തിനും അതിന്റേതായ പ്രവർത്തന മേഖലയുണ്ട്. ഇന്ദ്രിയജ്ഞാനത്തെ പ്രത്യക്ഷജ്ഞാനമെന്നും പറയുന്നു. ഈ പ്രത്യക്ഷജ്ഞാനം അഞ്ചു ജ്ഞാനേന്ദ്രിയങ്ങളിലൂടെ അഞ്ചുതരത്തിലാണ് നമുക്ക് ലഭ്യമാകുന്നത്. അവ ഓരോന്നും വേറെ വേറെ പ്രമാണമാണെന്നു പറയാം. നേത്രം രൂപത്തിനും ചെവി ശ്രവണത്തിനുമെന്നിങ്ങനെ ഓരോ പ്രമാണത്തിനും പ്രത്യേക വിഷയമുണ്ട് . ഒരു പ്രമാണത്തിലൂടെ ലഭ്യമാകുന്ന അറിവു വേറൊരു പ്രമാണത്തിലൂടെ വേദ്യമല്ല. അതു കൊണ്ട് അത് 'അനധിഗതം' എന്നു പറയപ്പെടുന്നു. അതേ പോലെ ഒരു പ്രമാണത്തിലൂടെ കിട്ടുന്ന അറിവിനെ മറ്റൊരു പ്രമാണം എതിർക്കില്ല. ഉദാഹരണത്തിനു, നാസിക ഒരു പുഷ്പത്തിന്റെ ഗന്ധം മുല്ലയുടേതാണെന്നു പറയുമ്പോൾ, ആ ഗന്ധം മുല്ലയുടേതല്ല, സ്പർശിക്കുമ്പോൾ റോസിന്റേതു പോലെയാണിരിക്കുന്നത് എന്നു തിരുത്താൻ ത്വക്ക് ശ്രമിക്കാറില്ല.

ഈ പറഞ്ഞ പ്രമാണങ്ങളെല്ലാം ഇന്ദ്രിയാധിഷ്ഠിതങ്ങളാണ്. അതായത് രൂപം ഗന്ധം, രസം മുതലായ അറിവുകൾ ഇന്ദ്രിയങ്ങളിലൂടെ നേരിട്ടും അനുമാനം, അർത്ഥാപത്തി മുതലായവ ഇന്ദ്രിയജന്യജ്ഞാനങ്ങളെ ആധാരമാക്കിയുള്ളവയുമാണ്.

എന്നാൽ ഇന്ദ്രിയങ്ങൾക്ക് അപ്രാപ്യമായ പലതും നമുക്ക് അറിയേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിനു, പുണ്യപാപങ്ങൾ. അങ്ങിനെ ചില തത്ത്വങ്ങളെ അറിയാൻ ഇന്ദ്രിയങ്ങൾ പര്യാപ്തങ്ങളല്ല. അതേ പോലെ സ്വർഗ്ഗത്തെ കുറിച്ചുള്ള അറിവ്. അവക്ക് വേദം മാത്രമാണ് പ്രമാണം. അത് അനധിഗതമാണ്. എന്നു വെച്ചാൽ, സ്വർഗ്ഗലബ്ധിക്ക് ഉപയോഗപ്രദമായ മാർഗ്ഗങ്ങൾ പറഞ്ഞു തരാൻ വേദം മാത്രമേ പ്രാപ്തമായിട്ടുള്ളൂ. സ്വർഗ്ഗത്തിന്റെ അസ്തിത്വത്തിനു തെളിവില്ല, യുക്തിമതിയായ താൻ അത് അംഗീകരിക്കില്ല എന്നു പറയുന്നതിൽ കാമ്പില്ല. കാരണം, സ്വർഗ്ഗമെന്ന ആശയം മനുഷ്യരാശി ഏതു കാലത്തും ഏതു ദേശത്തും ഹൃദയത്തോടു ചേർത്തു വെച്ചിട്ടുള്ള ഒന്നാണ്. അതു ബുദ്ധിക്ക് പ്രാപ്തമല്ലാത്തതു കൊണ്ടു മാത്രം അതില്ല എന്നു പറയുന്നതിൽ യുക്തിയില്ല. എന്നാൽ, വേദത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതിനാൽ അതിൽ വിശ്വസിക്കുന്നത് യുക്തിക്ക് നിരക്കുന്നതാണുതാനും. വേദം അപൗരുഷേയവിഷയങ്ങൾക്കുള്ള പ്രമാണമാണ്.

( തുടരും )

*****

**16/12/22 മുതൽ 14/01/23 വരെ**

# മാസഫലം

ധനുമാസഫലം

# ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു


Tel : TDM -2361160, Mob : 8848036518, 9645683491

**ജ്യോതിഷാചാര്യ: ജി.കെ. മേനോൻ**


മേടക്കൂർ (അശ്വതി, ഭരണി, കാർത്തിക ആദ്യപാദം) ധന വരവും ചില വും ഒരു പോലെയിരിക്കും. കോപം നിയന്ത്രിക്കണം വാക്ക് ദോഷം വരുത്തും. പങ്കാളികളുമായി കലഹിക്കുമെങ്കിലും ചില ഭാഗ്യനുഭവങ്ങൾ പങ്കാളിയിൽ നിന്നും ഉണ്ടാകും. അലർജിസം ബന്ധമായ പ്രശ്നങ്ങൾ അലട്ടാം കരുതിയിരിക്കുക. സർപ്പ പ്രീതി വരുത്തി പ്രശ്നപരിഹാരം നേടുക. ഡിസംബർ 21, 22, എന്നീ ദിവസങ്ങളിൽ പ്രധാന കാര്യങ്ങൾ ഒഴിവാക്കുക.


ഇടവക്കൂർ (കാർത്തിക അവസാന മൂന്നു ഭാഗവും രോഹിണി, മകയി രം ആദ്യപകുതി) സ്വയാർജ്ജിത ധനത്തിന് വർദ്ധനവും പൂർവ്വ സ്വത്തിന് നാശവും ഉണ്ടാകും. വിദ്യാർത്ഥികൾ പഠന മികവിനായി കൂടുതൽ പരിശ്രമിക്കേണ്ടി വരും. പങ്കാളിക ളുമായി കലഹത്തിന് സാധ്യതയുള്ളതിനാൽ ശ്രദ്ധിക്കണം. പിതാവിന്റെ ആരോഗ്യ കരുത്തിൽ ആകുലതയനുഭവപ്പെടും ദേവി പ്രീതികരമായ നാമജപവും ക്ഷേത്രദർശനവും നടത്തുക ഡിസംബർ 23,24 തീയതികൾ നല്ലകാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുക.


മിഥുനക്കൂർ (മകയിരം രണ്ടാം പകുതി, തിരുവാതിര, പുണർതം അവ സാന മൂന്ന് പാദം) കർമ്മരംഗത്ത് മത്സരങ്ങൾ നേരിടേണ്ടി വരുമെങ്കിലും പ്രശ്നങ്ങൾ അനുകൂലമായി മാറ്റാൻ സാധി ക്കും. ജീവിത പങ്കാളിയിൽ നിന്നും സന്തോഷം ലഭിക്കും ഉദരരോഗവും കാൽമുട്ട് വേദനയും അനുഭവപ്പെടാം. ശിവ ക്ഷേത്ര ദർശനം നാമജപം എന്നിവ നടത്തുക. ഡിസംബർ 26,27, തീയ തികൾ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും മറ്റ് നല്ല കാര്യങ്ങൾക്കും ഒഴിവാക്കുന്നത് നല്ലതാണ്.


കർക്കിടക്കൂർ (പുണർതം അവസാന പാദം പൂയം, ആയില്യം) വസ്തുവ കകളിൽ നിന്നും കർമ്മരംഗത്ത് നിന്നും സാമ്പത്തിക ലാഭം ഉണ്ടാകും. അസ്ഥി സംബന്ധമായ രോഗങ്ങളും ശത്രുത നിമി ത്തമുള്ള പ്രശ്നങ്ങളും അലട്ടും. ഗൃഹ നിർമ്മാണത്തിൽ തടസ്സം നേരിടും. ഈശ്വരാനുകൂല്യംകൊണ്ട് പല പ്രതിസന്ധിഘട്ടങ്ങളെ യും അതിജീവിക്കാൻ സാധിക്കും. ഗണപതി ഹോമം, പൂജ എന്നിവ ചെയ്യു ന്നത് നല്ലതാണ്. ഡിസംബർ 28 ശുഭകാര്യങ്ങൾക്ക് വർജ്ജിക്കേണ്ടതാണ്.


ചിങ്ങക്കൂർ (മകം, പൂരം, ഉത്രം ആദ്യപാദം) പോലീസ് പട്ടാളം നീതി ന്യായ രംഗങ്ങളിൽ പ്രവർത്തി ചെയ്യുന്നവർക്ക് ഔദ്യോഗിക രംഗത്ത് നേട്ടങ്ങൾ പ്രതീക്ഷിക്കാം. സഹായികളിൽ നിന്നും സഹോദര സ്ഥാനീയരിൽ നിന്നും പ്രീതിക്ഷിക്കുന്ന ഗു ണങ്ങൾ ലഭിക്കില്ല. കൊടുക്കൽ വാങ്ങൽ വിഷയങ്ങളിൽ ശത്രുത ഉണ്ടാവും ശ്രദ്ധിക്കുക. സർപ്പപ്രീതി വരുത്തണം. ഡിസംബർ 30,31 ദിവസങ്ങൾ അനുകൂലമായിരിക്കില്ല നല്ല കാര്യങ്ങൾ ഈ ദിവസം ഒഴിവാക്കുന്നത് നല്ലതാണ്.


കന്നിക്കൂർ (ഉത്രം അവസാന മൂന്ന് പാദം അത്തം, ചിത്തിര ആദ്യപകുതി) വിവാഹിതരാകാൻ ആഗ്രഹിക്കുന്നവർക്ക് കാലം അനുകൂല മാണ്. വിദ്യാർത്ഥികൾക്ക് തടസ്സങ്ങൾ ഉണ്ടാകും. സാമ്പത്തിക പ്രതിസന്ധി അനുഭവപ്പെടും. ശിരോ രോഗവും നെഞ്ചിടിപ്പും അനുഭവപ്പെടും. സർപ്പ പ്രീതികരങ്ങളായ വഴിപാടുകളും ക്ഷേത്ര ദർശനവും നടത്തേണ്ടതാണ്. ജനുവരി 1,2 ദിവസങ്ങൾ ശുഭകാ ര്യങ്ങൾക്കായി സ്വീകരിക്കാതിരിക്കുന്നതാണ് ഉചിതം.


തുലാക്കൂർ (ചിത്തിര രണ്ടാം പകുതി ചോതി വിശാഖം അവസാന മൂന്ന് പാദം) ബിസിനസ്സ് കാര്യങ്ങൾക്കു വേണ്ടിയുള്ളതും അറിവിനു വേണ്ടിയുള്ളതുമായ യാത്ര എന്നിവക്ക് അവസരമുണ്ടാവും ബന്ധു ഗുണം പ്രതീക്ഷിക്കാം. സംരംഭകർക്ക് അഭിവൃദ്ധിയും ഉണ്ടാകും. തൊണ്ട രോഗം മൂർച്ചിക്കും. ഗണപതി ഹോമം സർപ്പപ്രീതി നാരായണ ജപം എന്നിവ അനുഷ്ഠിക്കുക. ജനുവരി 3,4 ദിവസങ്ങൾ അനുകൂലമല്ലാത്തതിനാൽ കൊടുക്കൽ വാങ്ങലുകൾക്കും ഒഴിവാക്കുന്നത് ഗുണകരമാവും.


വൃശ്ചികക്കൂർ (വിശാഖം അവസാന പാദം/ അനിഴം തൃക്കേട്ട) സ്വയം കൃതാർത്ഥമായ ദുരിതങ്ങൾ പ്രതിസന്ധി സൃഷ്ടിക്കാം. ആയ തിനാൽ ആലോചനയോടെ പ്രവർത്തിക്കണം. സർക്കാർ മൂലം ധനനഷ്ടം സംഭവിക്കാം.ശിവാരാധനയും ധാരയും നടത്തുന്നത് ദോഷങ്ങളുടെ കാഠിന്യം കുറക്കും. ഡിസംബർ 6,7 ദിവസങ്ങൾ പൊതുവേ ഗുണകരമായി കാണുന്നില്ല. ഈ ദിവസങ്ങൾ പ്രധാനപ്പെട്ട കരാറുകളോ മറ്റു രേഖകളും ഒപ്പിടാതിരിക്കാൻ പരമാധിശ്രമിക്കുക. നല്ല കാര്യങ്ങളുടെ ആരംഭം അരുത്.


ധനുക്കൂർ(മൂലം പൂരാടം ഉത്രാടം ഒന്നാം പാദം) സാമ്പത്തിക പ്രശ്ന ങ്ങൾക്ക് സമാധാനം കിട്ടും. വിദ്യാർത്ഥികൾക്ക് സന്തോഷം ജനിപ്പിക്കുന്ന അവസരങ്ങൾ ഉണ്ടാകും. ഗൃഹനിർമ്മാണം ആരംഭിക്കാറും പുതുക്കി പണിയാനും ആഗ്രഹിക്കുന്നവർക്ക് ആഗ്രഹം സഫലമാകും. ശിവക്ഷേത്ര ദർശനം അയ്യപ്പ ക്ഷേത്ര ദർശനം നാമജപം യഥാശക്തി വഴിപാടുകൾ ദോഷഫലം ലഘൂകരിക്കും ജനുവരി 8,9 ദിവസങ്ങൾ ഗുണകരമായിരിക്കില്ല. ശുഭകർമ്മാരംഭങ്ങൾ ഈ ദിവസങ്ങളിൽ അരുത്.


മകരക്കൂറ് (ഉത്രാടം അവസാന മൂന്ന് പാദം, തിരുവോണം, അവിട്ടം ആദ്യപകുതി) ധനവ്യയം അധികരിക്കും. കാലിന് അസ്ഥി സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടാകാം. അപ്രതീക്ഷിത സഹാ യങ്ങൾ പല ദിക്കിൽ നിന്നും ലഭിക്കും നവഗ്രഹ ക്ഷേത്രത്തിൽ ശനിദോഷ നിവാരണം നടത്തുകയും അയ്യപ്പ ദർശനവും നാമജപവും ശനിയാഴ്ചകളിൽ നിർബന്ധമായും അനുഷ്ഠിക്കുകയും ചെയ്യേണ്ടതാണ്. ജനുവരി 10, 11 ദിവസങ്ങൾ പുതുതായി ആരംഭിക്കുന്ന കർമ്മങ്ങൾ തുടങ്ങാൻ ശുഭകരമായിരിക്കില്ല.


കുംഭക്കൂർ (അവിട്ടം അവസാന പകുതി, ചതയം, പൂരുരുട്ടാതി ആദ്യ മൂന്ന് പാദം) വസ്തുവകകളിൽ നിന്നും ധനലാഭം കിട്ടും. വിദ്യാർ ത്ഥികൾക്ക് കാലം അനുകൂലമായിരിക്കും മത്സരപരീക്ഷകളിൽ വിജയം പ്രതീക്ഷിക്കാം. ധനപരമായി മെച്ചപ്പെടും. വിവിധ രംഗത്ത് നിന്ന് പണലാഭം ഉണ്ടാകും. സഹോദരസ്ഥാനിയ രിൽ നിന്നും പ്രതികൂല അനുഭവങ്ങൾ ഉണ്ടാക്കും. ഗണപതി ഹോമം, നാമജപം, സർപ്പപ്രീതി ശിവക്ഷേത്ര ദർശനം എന്നിവ ശീലമാക്കുക ജനുവരി 14, 15 ദിവസങ്ങൾ അനുകൂലമായിരിക്കില്ല.


മീനക്കൂർ (പൂരുരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) സാഹി ത്യാദികലാരംഗങ്ങളിൽ ശോഭിക്കും. ധനപരമായ ഗുണവും അംഗീകാരങ്ങളും ലഭിക്കും. സൗഹൃദയങ്ങളിൽ നിന്നും നേട്ടം ലഭിക്കും. സാമ്പത്തികവും സാമൂഹികവും ആയ ഉയർച്ച ലഭിക്കും. ഉദരസംബന്ധമായും കാൽമുട്ട് സംബന്ധമായതുമായ രോഗങ്ങൾ അലോസരപ്പെടുത്തും. സർപ്പ പ്രീതികരങ്ങളായ വഴിപാടുകൾ നടത്തണം. ഡിസംബർ 19, 20 തീയതി കൾ അനുകൂലമായിരിക്കില്ല.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL
# വരനെ ആവശ്യമുണ്ട്



Nair Girl, 30/166cm, Pooram,B.Sc Nursing,NHS Nurse at UK, Divorcee, Mob:9447358825

Email:mohanangeethu2017@gmail.com
Date of Birth:23-01-1992(9.30am)
Sishta Dasa:Sukra:3-3-11

മ ശു ല

| | | | |
|---|---|---|---|
| മാ | | | ശി |
| ല | ഗ്രഹനില & അംശകം | | |
| ര മ | | | ച ഗു |
| കുബു ശുസ | | | |

Left: ര, ശി — Right: കു സ

ചബുഗുമാ

Contact Address:
MR.N N MOHANAN
GEETHU NIVAS
VELLOOR
MEVELLOOR P O
KOTTAYAM -686609

Nair Girl,27/5'4",Pooram, B.Tech, Computer Science, E& Y (Eanest and Yung) ,Trivandrum, Pref: Professionals, Ernakulam,Thrissur,Kottayam,Palaghad districts,Mob:9495504195

Email:1952mrmurali@gmail.com
Date of Birth:17-11-1995
Sishta Dasa:Sukra:11-9-27

| | | | |
|---|---|---|---|
| | ശി | | |
| മ | ഗ്രഹനില & അംശകം | | |
| | | | ച |
| മാ | രകു ശുലഗു | ബു സ | |

Contact Address:
MR.M R MURALEEDHARAN
MALIAEKAL
PAINGARAPPILLY P O
MULANTHURUHTY
ERNAKULAM -682314

Nair Girl,23/154cm,Vishakham3/4 (Thulam), BBA-LLB (Hons), LLM in IPR from CUSAT, Lawyer & Legal Professional Advocate,Kerala High Court, Pref:Professionals, Mob:9447062527, 9495164866

Email:vinodpprabhakar@gmail.com
Date of Birth:7-3-1999(6.14pm)
Sishta Dasa:Guru:13-10-6

| | | | |
|---|---|---|---|
| ബു ഗുശു | മ | | |
| ര | ഗ്രഹനില & അംശകം | | സ മാ |
| ശി | | | ല |
| | | ച കു | |

Contact Address:
MR.VINOD P PRABHAKAR
SREEPADAM, MNRA 149
MULLACKAL NAGAR
EROOR WEST P O
THRIPUNITHURA
PIN - 682306

Nair /Menon Girl 27/152cm, Chithira, Fair,BE (Electrical& Electronics), Software Consultant in a Private Firm, Mumbai, Pref: Well qualified & well settled with good familybackground, Dosha jathakam
Mob: 9819065462
Email: menon.suresh1962@gmail.com
Date of Birth:19/3/1995( 7.25AM)
Sishta Dasa:Kuja,3:0:19

മ

| | | | |
|---|---|---|---|
| ര ല | ശി | | |
| ബു മ | ഗ്രഹനില & അംശകം | | കു |
| ശു | | | മാ |
| | ഗു | ച സ | |

Left: സ, ബു ഗു, ല കു — Right: മാ, ര ശു ശി

ച

Contact Address:
MR.SURESH B MENON
B 702 ANAMITRA
PRAKURTI PARK
BRAMHAND
THANE WEST 400607

## എറണാകുളം കരയോഗം
### ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ
### ഡിസംബർ – ജനുവരി

| | | | | |
|---|---|---|---|---|
| 1. | 11-12-2022 | ഞായർ | സംഗീതസായാഹ്നം | 4.00 pm |
| 2. | 12-12-2022 | തിങ്കൾ | വിമൻസ് ഫോറം | 3.00 pm |
| 3. | 14-12-2022 | ബുധൻ | നാരായണീയപാരായണം | 7.00 am |
| 4. | 17-12-2022 | ശനി | ഹെറിറേജ് ടോക്ക് – പ്രൊഫ. എം.കെ. സാനുമാഷ് | 5.00 pm |
| 5. | 20-12-2022 | ചൊവ്വ | കഥകളി – രുഗ്മിണീ സ്വയംവരം | 6.30 pm |
| 6. | 29-12-2022 | വ്യാഴം | ബീം – അവനവൻ കടമ്പ –നാടകം | 6.15 pm |
| 7. | 17-12-2022<br>24-12-2022<br>31-12-2022<br>07-01-2023 | ശനി | വേദാന്ത പഠന ക്ലാസ്സ് – ശ്രീമദ് ഭഗവത്ഗീത – ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 8. | 14-12-2022<br>21-12-2022<br>28-12-2022<br>04-01-2023 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.00 p.m. |
| 8. | 15-12-2022<br>22-12-2022<br>29-12-2022<br>05-01-2023 | വ്യാഴം | എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം | 4.00 pm - 6.00 pm |

# MANGALYAM MATRIMONIAL
# വധുവിനെ ആവശ്യമുണ്ട്



Nair Boy, 34/ 168cm, Vishakham, B.Tech, Aeronotical, Senior Engineer, Akash Airways Mumbai, Mob:9961077425

Email:somanpillaikr@gmail.com
Date of Birth:5-4-1988(9.50pm)
Sishta Dasa:

| | | | |
|---|---|---|---|
| ര ബു | ഗു | ശു | |
| സ | ഗ്രഹനില & അംശകം | | |
| കു | | | ശി |
| മ | ല ച | മാ | |

Contact Address:
MR.K.R.SOMASEKHARAN PILLAI
KRISHNAPRIYA
KOMANA NEAR RAILWAY STATION ROAD
AMBALAPUZHA
ALAPPUZHA- 688561

---

Nair Boy,38/174cm,Fair,Chithira (Kanni), B.Sc Mathematics,Oracle Certified ,Sr.Systems Analyst,Kochi Infopark, Mob:9446227626, 9074552747

Email:acpremraj@gmail.com
Date of Birth:19-03-1984(6.52am)
Sishta Dasa:Kujan:4-6-8.33

മ സ

| | | | | |
|---|---|---|---|---|
| | ല ര ബു | | സ | | |
| | ശു | ഗ്രഹനില & അംശകം | | മാ | കു |
| ശു | | | | | ര |
| മാ | ഗു | കു ശി | മ | ച | ച ഗു |

ശി ബു ല

Contact Address:
MR.P.V.PADMANABHAN
PRANAVAM HOUSE
KUNNUMPURAM
MUPPATHADAM P O,
ERNAKULAM - 683110

---

Nair Boy, 27/172cm, Moolam, MS Engineering, Engineer,Permanent resident in Australia, Pref: Professionals, Mob:9447508954

Email:krish513@gmail.com
Date of Birth:31-12-1994(3.10pm)
Sishta Dasa:

| | | | |
|---|---|---|---|
| | ശി | ല | |
| മ | ഗ്രഹനില & അംശകം | | |
| | | | കു |
| രബു ച മാ | ഗു | ശു സ | |

Contact Address:
MR.KRISHNAKUMAR
ATHRASSERIL
MUVATTUPUZHA
ERNAKULAM

---

Nair Boy,27/173cm,Thriketta, BTech-Mechanical, Project Manager, Pref:job Mob:8113863836

Email:sprasad080@gmail.com
Date of Birth:16-5-1995(7.25pm)
Sishta Dasa:

കു ശു മ

| | | | | | |
|---|---|---|---|---|---|
| | | ശു ശി | ര ബു | | |
| ച | മ | ഗ്രഹനില & അംശകം | | | ബു ശി |
| ര സ | | | | കു | |
| ഗു | | മാ ല ച ഗു | സ | | |

ല

Contact Address:
MR. SASI KUMAR D. G
PRAVEEN NIVAS,
KAMPILLY ROAD,
MUPPATHADOM P.O,
ALUVA- 683510

---

Nair Boy, 29/170cm, Thiruvonam, B.Com , Pursing CMA, Technical staff - Shipping & Logistics,Mob:9847270759

Email:amaleshnp@gmail.com
Date of Birth:20-11-1993(3.41am)
Sishta Dasa:Moon : 2-0-14

ശുശി

| | | | | | |
|---|---|---|---|---|---|
| | | | ശി | | |
| ബു | മ | ഗ്രഹനില & അംശകം | | | ച |
| | ച | | | മാ | ര ല |
| ഗു | | ര സ കു | ബു ഗു ശു | ല | സ |

കു മാ മ

Contact Address:
SMT.PUSHPAVALLY
KUTHIRAVATTATHU
THIRUVANKULAM
ERNAKULAM - 682309

---


**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM! !! KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)


For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

# www.karayogammangalyam.com


## എന്ന വെബ്സൈറ്റ് വഴി
## എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,
## ഉത്തമ പങ്കാളിയെ കണ്ടെത്തൂ.

**www.karayogammangalyam.com**
എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം
മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തൂ.


**കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),**





രജിസ്റ്റർ ചെയ്യുന്നതിനായി നിങ്ങളുടെ മൊബൈൽ നമ്പർ കൊടുക്കുക.





OTP കൊടുക്കുന്നതിലൂടെ നിങ്ങളുടെ മൊബൈൽ നമ്പർ വേരിഫിക്കേഷൻ നടക്കുന്നു





ആർക്കുവേണ്ടി നോക്കുന്നു എന്ന് സെലക്ട് ചെയ്തതിനു ശേഷം അവരുടെ ഡീറ്റെയിൽസ് കൊടുക്കുക




നൽകിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ചേരുന്ന പ്രൊഫൈലുകൾ നമുക്ക് കാണുവാൻ സാധിക്കും.




ഒരു വർഷത്തെ പ്രീമിയം മെമ്പർഷിപ്പ് പ്ലാൻ ആയ ₹1199 രൂപ അടയ്ക്കുന്നതു വഴി മാച്ചിംഗ് പ്രൊഫൈലുകളുടെ കോൺടാക്ട് ഡീറ്റെയിൽസ് നിങ്ങൾക്ക് ലഭിക്കുന്നതാണ്




താല്പര്യമുള്ള പ്രൊഫൈലുകൾ ക്ലിക്ക് ചെയ്യുന്നതുവഴി അവരെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുവാൻ സാധിക്കുന്നു

DATE OF PUBLICATION: 10-12-2022

RNI NO. KERMAL/2008/23515
REGISTERED NEWSPAPER
M6-57945/2007

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 14 December 2022 Issue No. 12

എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം
ഡിസംബർ മാസ പരിപാടി
തമിഴ്, ഹിന്ദി ഗാനങ്ങൾ കോർത്തിണക്കി ഒരുക്കുന്ന
ഒരു സംഗീതസായാഹ്നം
11-12-2022 ഞായറാഴ്ച വൈകുന്നേരം 4.00 ന് ടി.ഡി.എം. ഹാളിൽ

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ്
## പ്രതിമാസ കഥകളി

**20.12.2022 ചൊവ്വാഴ്ച**

**ടി.ഡി.എം.ഹാൾ ഗംഗ, 6.30 p.m.**

കഥ : **രുഗ്മിണി സ്വയംവരം**

**പങ്കെടുക്കുന്നവർ**

| | |
|---|---|
| സുന്ദര ബ്രാഹ്മണൻ | : ശ്രീ. കലാമണ്ഡലം കേശവൻ നമ്പൂതിരി |
| ശ്രീകൃഷ്ണൻ | : ശ്രീ. സദനം വിജയൻ |
| രുഗ്മിണി | : ശ്രീ. വെള്ളിനേഴി ഹരിദാസ് കുറുപ്പ് |
| പാട്ട് | : ശ്രീ. വേങ്ങേരി നാരായണൻ നമ്പൂതിരി, ശ്രീ. അഭിജിത് വാരിയർ |
| ചെണ്ട | : ശ്രീ. തൃപ്പൂണിത്തുറ ഗോപീകൃഷ്ണൻ തമ്പുരാൻ |
| മദ്ദളം | : ശ്രീ. സുദേവ് വർമ്മ |
| ചുട്ടി | : ശ്രീ. കലാനിലയം സജി |
| അണിയറ | : ചേർത്തല രാമചന്ദ്രൻ, സുരേന്ദ്രൻ അരുൺ |



ഭീഷ്മകരാജാവിന്റെ പുത്രിയായ രുഗ്മിണി മഹാലക്ഷ്മിയുടെ അംശാവതാരമാണ്. അവൾ ചെറുപ്പത്തിലേ കേശവനെ കാന്തനായി മനസാ വരിച്ചിരുന്നു. പക്ഷേ മാധവവിദ്വേഷിയായ രുഗ്മി എന്ന അവളുടെ സഹോദരൻ തന്റെ സുഹൃത്തും ചേദി രാജാവുമായ ശിശുപാലന് രുഗ്മിണിയെ നല്കാനുറച്ചു. സഹോദരനിശ്ചയമറിഞ്ഞു ദുഖിതയായ രുഗ്മിണി തന്റെ പ്രണയസന്ദേശവുമായി ഒരു ബ്രഹ്മണനെ ദ്വാരകയിലേക്കയച്ചു. ചൈത്യാദിദുഷ്ടമഹീപതിമാർ തന്റെ ശരീരത്തിൽ തൊടും മുമ്പ് ഇങ്ങുവന്നു തന്നെ കൂട്ടിക്കൊണ്ടു പോകണമെന്നും, അതിനു പറ്റിയ സന്ദർഭം സ്വയംവരദിവസത്തിന്റെ തലേന്ന് താൻ ദേവീ ദർശനത്തിനു പുറത്തെഴുന്നള്ളുന്ന സമയമാണെന്നും രുഗ്മിണി ബ്രാഹ്മണൻ മുഖേന കൃഷ്ണനെ അറിയിച്ചു. ബ്രാഹ്മണനിൽ നിന്ന് രുഗ്മിണിയുടെ വൃത്താന്തമെല്ലാം അറിഞ്ഞ കൃഷ്ണൻ, താൻ ഏതുവിധേനയും അവള പരിണയിക്കുന്നതാണെന്നും എതിർക്കാനിടയുള്ള ശിശുപാലാദികൾക്ക് യുദ്ധത്തിൽ തന്റെ പരാക്രമം കാട്ടിക്കൊടുക്കുന്നതാണെന്നും പറഞ്ഞ് ഉടൻ തന്നെ ബ്രാഹ്മണനെയും കൂട്ടി തേരിലേറി കുണ്ഡിനത്തിലേക്കു പുറപ്പെട്ടു.

ബീം ഡിസംബർ മാസ പരിപാടി
നാടകം
അവനവൻകടമ്പ
29-12-2022 വ്യാഴാഴ്ച വൈകുന്നേരം 6.15 ന് ടി.ഡി.എം. ഹാളിൽ

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

സേവനം ജീവിതസാഫല്യം